പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 59 ലക്കം 12 മാർച്ച് 2020



## 2 ലക്ഷം പിന്നിട്ട് ലൈഫ് മുന്നോട്ട്

## ദൗത്യം തുടരും

### ലക്ഷ്യം സമ്പൂർണ്ണ പാർപ്പിട സുരക്ഷ


'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

മാർച്ച് 2020

## അകത്ത്






2 ലക്ഷം പിന്നിട്ട് ലൈഫ് മുന്നോട്ട്
പിണറായി വിജയൻ 5

ദൗത്യം തുടരും
ലക്ഷ്യം സമ്പൂർണ്ണ പാർപ്പിട സുരക്ഷ
എ.സി. മൊയ്തീൻ 9

ജീവനും ജീവിതവും നല്കി
ലൈഫ് മിഷൻ മുന്നോട്ട്
യു.വി. ജോസ് ഐഎഎസ് 12

രണ്ടു ലക്ഷം വീടുകൾ
അതിലേറെ പുഞ്ചിരികൾ 15

കൊവിഡ് 19 പ്രതിരോധം
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്
പ്രധാന പങ്ക്
പിണറായി വിജയൻ 18

നാടിന് ആഘോഷമായി
പഞ്ചായത്ത് ദിനം 22

ജീവനി - നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം
വിഷ്ണു എസ്.പി. 27

പരിചയപ്പെടാം
ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം
സുനിൽകുമാർ റ്റി.കെ. 30

അംഗീകാര നെറുകയിലേക്ക്
പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് 35

കേരള മഹോത്സവമായി
പഞ്ചായത്ത് ദിനാഘോഷം
ടിംപിൾ മാഗി പി.എസ്. 40

**പംക്തികൾ**

കില ന്യൂസ് 32
വാർത്തകൾ വിശേഷങ്ങൾ 34
അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ 41
എന്ന് വായനക്കാർ 42

മാർച്ച് 2020
പുസ്തകം 59 ലക്കം 12
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
യു.വി. ജോസ് ഐ.എ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

**എഡിറ്റോറിയൽ**

# ലൈഫ് - നാഴികക്കല്ലുകൾ താണ്ടി മുന്നോട്ട്

ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി സംസ്ഥാനത്ത് രണ്ട് ലക്ഷത്തിലധികം വീടുകൾ പണി തീർന്നിരിക്കുന്നു. അഭിമാനകരവും പ്രചോദനാത്മകവുമാണ് നവകേരള ദൗത്യങ്ങളുടെ വിജയത്തിന് മകുടം ചാർത്തുന്ന ഈ നേട്ടം. വിഭവശേഷി കൊണ്ട് കേരളത്തേക്കാൾ മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങൾക്ക് കഴിയാത്തതാണ് ഈ ചെറിയ കാലയളവിൽ കേരളം നേടിയത്.

പാതി വഴിയിൽ നിർമ്മാണം ഉപേക്ഷിക്കപ്പെട്ട വീടുകളുടെ പൂർത്തീകരണമാണ് ലൈഫ് പദ്ധതിയിൽ ആദ്യം ഏറ്റെടുത്തത്. സംസ്ഥാനത്ത് ഇത്തരത്തിലുള്ള അര ലക്ഷത്തിലധികം കുടുംബങ്ങളെ കണ്ടെത്തിയതിൽ ചെറിയൊരു ശതമാനമൊഴികെ മുഴുവൻ പേരും വീട് പണി പൂർത്തീകരിച്ചു. ഏറ്റവും പുതിയ കണക്കനുസരിച്ച്, പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി 2.15 ലക്ഷം വീടുകൾ പണി തീർന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും സർക്കാർ ഗ്യാരണ്ടിയോടെയുള്ള ഹഡ്കോ വായ്പയും സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്ര വിഹിതവും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്വ ഫണ്ടിൽ നിന്നുള്ള സഹായവും ചേർത്ത് 7,544.37 കോടി രൂപ ഇതിനായി ചെലവഴിച്ചു.

ഒരു കുടുംബത്തിന് നാലു ലക്ഷം രൂപ വ്യക്തിഗത ആനുകൂല്യം നൽകുന്ന മറ്റൊരു സാമൂഹ്യക്ഷേമ പരിപാടി രാജ്യത്തില്ല. ഗുണഭോക്താവിന് വലിയൊരു തുക സ്വയം കണ്ടെത്താതെ, സർക്കാർ നൽകുന്ന സബ്സിഡിയും വിവിധ സർക്കാർ പദ്ധതികളുമായുള്ള സംയോജന സാധ്യതയും ഉപയോഗപ്പെടുത്തി പ്രവൃത്തി ഏറെക്കുറെ പൂർത്തീകരിക്കാൻ കഴിയുന്നു എന്നതാണ് ലൈഫ് പദ്ധതിയുടെ പ്രത്യേകത. മുൻകാല പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി, ലൈഫിൽ അധികമാർക്കും വീടു നിർമ്മാണം പകുതി വഴിയിൽ ഉപേക്ഷിക്കേണ്ടി വരില്ല എന്നർത്ഥം. ഗുണഭോക്താക്കൾക്ക് ഉപജീവനത്തിനും മാന്യമായ സാമൂഹ്യ ജീവിതത്തിനും ആവശ്യമായ സഹായങ്ങൾ ഏർപ്പെടുത്തുന്നു എന്നതും എടുത്തു പറയണം. ഗുണഭോക്താക്കൾക്ക് 20 ലധികം സർക്കാർ വകുപ്പുകളുടെ സേവനം ഒരുമിച്ച് ലഭ്യമാക്കിയ ലൈഫ് കുടുംബ സംഗമങ്ങൾ എല്ലാ ബ്ലോക്കുകളിലും നടന്നു. ഇതൊരു വേറിട്ട മാതൃകയാണ്.

ഒരു വികസന ദൗത്യം എന്ന നിലയിൽ തദ്ദേശ സ്വയംഭരണ സംവിധാനത്തെയും വിവിധ സർക്കാർ വകുപ്പുകളെയും ഏകോപിപ്പിച്ച് ഈ മഹത്തായ നേട്ടം സാധ്യമാക്കുന്നതിൽ പ്രധാന പങ്കുവഹിച്ച ഉദ്യോഗസ്ഥർക്കും മറ്റ് വികസന പ്രവർത്തകർക്കും അകമഴിഞ്ഞ അഭിനന്ദനങ്ങൾ. ഒരു വർഷത്തിനകം ഒരു ലക്ഷം കുടുംബങ്ങൾക്കു കൂടി പാർപ്പിടം ഒരുക്കുക എന്ന ലക്ഷ്യം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. വികേന്ദ്രീകൃത വികസനത്തിന്റെ ചരിത്രത്തിൽ പൊൻതൂവലായി മാറുന്ന നേട്ടങ്ങളാണ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ നമ്മളെ കാത്തിരിക്കുന്നത്. നേട്ടത്തിന്റെ നാഴികക്കല്ലുകൾ താണ്ടിയുള്ള പ്രയാണം നമുക്കു തുടരാം.

**ഡോ. പി. കെ. ജയശ്രീ ഐ. എ. എസ്.**

**"നിങ്ങളുടെ കടമകളിൽ നിന്നൊഴിവാകാനുള്ള ഏറ്റവും നല്ല മാർഗ്ഗം അവ നിറവേറ്റുക എന്നതാണ്."**

പഴമൊഴി



■ പിണറായി വിജയൻ
മുഖ്യമന്ത്രി

ലൈഫ് മിഷനിൽ രണ്ടു ലക്ഷം വീടുകൾ പൂർത്തിയാക്കുന്നത് സംസ്ഥാന സർക്കാരിന്റെ വലിയ നേട്ടമായാണ് കാണുന്നത്. നമ്മുടെ നാടിന്റെ സമഗ്ര വികസനവും ദുരിതബാധിതർക്കുള്ള സത്വരക്ഷേമ നടപടികളും ഉൾപ്പെടുന്ന ബഹുമുഖ പദ്ധതിയായ നവകേരള കർമ്മപദ്ധതിയിലെ പ്രധാന പദ്ധതിയാണ്

# 2 ലക്ഷം പിന്നിട്ട് ലൈഫ് മുന്നോട്ട്

## ലൈഫ് മിഷൻ രണ്ടു ലക്ഷം വീട് പൂർത്തീകരണ പ്രഖ്യാപനം നിർവ്വഹിച്ചു

# അർഹത പരിശോധിച്ച് വീടില്ലാത്തവർക്ക് ഇനിയും വീട് നൽകും -മുഖ്യമന്ത്രി

അർഹതാലിസ്റ്റിൽ സാങ്കേതികകാരണങ്ങളാൽ പെടാതെ പോയവരുടെ അർഹത പരിശോധിച്ച് വീട് നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ലൈഫ് മിഷൻ വഴി രണ്ടു ലക്ഷം വീട് പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് ഫെബ്രുവരി 29 ന് നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലൈഫ് പദ്ധതി വഴി വീട് നൽകുന്നത് ഇവിടെ പൂർണമാകുന്നില്ല. നേരത്തെ നിശ്ചയിച്ച അർഹതാ ലിസ്റ്റിൽപ്പെട്ടവരാണ് മൂന്നുഘട്ടങ്ങളായി ഉൾപ്പെട്ടത്. സാങ്കേതികപ്രശ്നങ്ങളാൽ ആ ഘട്ടത്തിൽ അർഹതാ ലിസ്റ്റിൽപ്പെടാത്തവരുണ്ട്. നാലരലക്ഷത്തിലേറെ പേർക്ക് വീടു ലഭിക്കുമ്പോൾ പിന്നീട് ചെറിയ സംഖ്യ മാത്രമേ വീട് ലഭിക്കാനുണ്ടാകൂ. ഇങ്ങനെ വീണ്ടും അർഹതയുണ്ടോ എന്ന് പരിശോധിക്കാനുള്ള ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തും. അർഹതയുള്ളവരുടെ ലിസ്റ്റ് തയാറാക്കുന്നതിനും ഭവനം നൽകുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിക്കും.

ജനങ്ങൾ നേരിടുന്ന അനേകം പ്രശ്നങ്ങളിൽ ഒന്നാണ് പാർപ്പിടം. ആ പ്രശ്നങ്ങൾ ജനങ്ങൾ ആഗ്രഹിക്കുംവിധം പരിഹരിക്കുന്നതിൽ നേതൃത്വം നൽകേണ്ടത് ഭരിക്കുന്ന സർക്കാരിന്റെ ബാധ്യതയാണ്. അതിനെല്ലാവരെയും സഹകരിപ്പിച്ച് അശരണരുടെ പ്രശ്നങ്ങൾ പരിഹരിക്കാനാണ് ശ്രമിക്കുന്നത്. പാർപ്പിടം മാത്രമല്ല, മറ്റനേകം പ്രശ്നങ്ങളിലും ഇത്തരം ഇടപെടൽ സർക്കാർ നടത്തുന്നുണ്ട്.

2,14,262 വീടുകൾ പൂർത്തിയാക്കിയത് ചെറിയ കാര്യമല്ല. എല്ലാ ഭവനപദ്ധതികളും ചേർത്താണ് ലൈഫ് ഏകോപിപ്പിച്ചത്. പി.എം.എ.വൈ റൂറൽ മേഖലയിൽ നൽകുന്നത് 75,000 രൂപവരെയാണ്. അതിനൊപ്പം 3,25,000 രൂപ കൂടി സംസ്ഥാന സർക്കാർ ഇട്ടാലേ ലൈഫ് വീട് യാഥാർത്ഥ്യമാകൂ. അർബൻ മേഖലയിൽ 1,50,000 രൂപ വരെയാണ് നൽകുന്നത്. അതിനൊപ്പം രണ്ടരലക്ഷം സർക്കാർ ലൈഫിനായി നൽകണം.

നമ്മുടെ സംസ്ഥാനത്ത് പൂർത്തികരിച്ച വീടുകളിൽ എല്ലാവരുടെയും സഹായമുണ്ടായി. ഇത്തരമൊരു പദ്ധതി രൂപീകരിച്ചതിലൂടെ നാടും നാട്ടുകാരും ഒത്തുചേർന്നു. സന്തോഷത്തിലും സന്താപത്തിലും പങ്കുചേരുകയെന്നതാണ് നമ്മുടെ നാടിന്റെ സംസ്കാരം. വീട് സ്വപ്നമായിരുന്നവർക്ക് അത് യാഥാർത്ഥ്യമാക്കാനായത് സമൂഹത്തിനാകെ അഭിമാനിക്കാൻ വക നൽകുന്നതാണ്. അതുകൊണ്ടാണ് നാടാകെ ഒത്തുചേർന്ന് ഇത് വിജയമാക്കിയത്.

ആരു ഭരിച്ചുവെന്നോ, ആരു തുടങ്ങിയെന്നോ അല്ല, തുടങ്ങിയത് പൂർത്തിയാക്കാനായോ, എത്രയെണ്ണം പൂർത്തിയാക്കാൻ ഉണ്ട് എന്നതൊക്കെ അന്വേഷിക്കലാണ് പ്രധാനം. അങ്ങനെയാണ് 52,050 വീടുകൾ ആദ്യഘട്ടത്തിൽ യാഥാർഥ്യമാക്കാനായത്. അതിനുപുറമെയാണ് രണ്ടാംഘട്ടത്തിൽ 1,61,000 വീടുകൾ കൂടി നൽകിയത്.

ജനകീയ പ്രശ്നങ്ങളിൽ സഹകരിക്കാൻ പ്രതിപക്ഷമുൾപ്പെടെയുള്ളവർ തയാറാകണം. നമ്മുടെ നാടിന്റെ ഒരുമയും കരുത്തും നഷ്ടപ്പെട്ടിട്ടില്ല. നെഗറ്റീവ് നിലപാടുകൾ ജനങ്ങളെയോ സമൂഹത്തെയോ ബാധിച്ചിട്ടില്ല. നാടിന്റെ പൊതുവായ പ്രശ്നങ്ങളിൽ



ലൈഫ്. 2021ഓടുകൂടി സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും വീട് ലഭ്യമാക്കാനുള്ള ധീരമായ ചുവടുവെയ്പ്പാണ് ലൈഫ് മിഷനിലൂടെ സർക്കാർ നടത്തിയത്. അധികാരമേറ്റ് ആദ്യവർഷം തന്നെ പ്രഖ്യാപിച്ച നാലു മിഷനുകളിൽ ഏറ്റവും പ്രധാനപ്പെട്ട ലൈഫ് മിഷനിലൂടെ കേരളത്തിൽ വീടില്ലാത്തവർക്ക് വാസസ്ഥലവും ഒപ്പം മികച്ച ജീവിതസാഹചര്യവും ഒരുക്കുക എന്നതാണ് ലക്ഷ്യമിട്ടത്. പ്രളയങ്ങളും പ്രയാസങ്ങളും താണ്ടി ആ ലക്ഷ്യത്തിലേക്കുള്ള വലിയ മുന്നേറ്റം നടത്താൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. രണ്ടു ലക്ഷത്തിലേറെ വീടുകളിൽ പുതുജീവിതം പുലരുമ്പോൾ കേരളം മറ്റൊരു മാതൃക കൂടി സൃഷ്ടിക്കുക യാണ്; കരുതലിന്റെയും കൂട്ടായ്മയു ടെയും ഇച്ഛാശക്തിയുടെയും നവകേരള മാതൃക.

2017ലാണ് ലൈഫ് മിഷൻ ആരംഭിച്ചത്. മൂന്ന് ഘട്ടങ്ങളായാണ് പദ്ധതി നടപ്പാക്കുന്നത്. ഒന്നാംഘട്ടത്തിൽ 2000--01 മുതൽ 2015--16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം കിട്ടിയിട്ടും പല കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്ന കുടുംബങ്ങൾക്കുള്ള വീടുകൾ യാഥാർത്ഥ്യമാക്കുക എന്നതായിരുന്നു ദൗത്യം. അതിൽ നിർമ്മിക്കേണ്ടിയിരുന്ന 54,173 വീടുകളിൽ 52,050 (96.08 %) വീടുകൾ ഇതിനകം പൂർത്തീകരിച്ചു. ഓരോ ഗുണഭോക്താവിനും വീടു പൂർത്തിയാക്കാൻ ആവശ്യമായ തുക നല്കിയാണ് നിർമ്മാണം നടത്തിയത്. ഒന്നാം ഘട്ടത്തിനായി സംസ്ഥാന

ഒന്നിച്ച് നീങ്ങാനാകണം. എല്ലാ അർഥത്തിലും ലൈഫ് പദ്ധതിയിലൂടെ ജനങ്ങളെ ചേർത്തുപിടിക്കുകയാണ് സർക്കാരെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ തദ്ദേശസ്വയംഭരണമന്ത്രി എ.സി. മൊയ്തീൻ അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ എ.കെ. ബാലൻ, കെ. രാജു എന്നിവർ സംബന്ധിച്ചു. എം.എൽ.എമാരായ സി. ദിവാകരൻ, ബി. സത്യൻ, സി.കെ. ഹരീന്ദ്രൻ, കെ. ആൻസലൻ, വി.കെ. പ്രശാന്ത്, ആസൂത്രണ ബോർഡംഗം ഡോ. കെ.എൻ. ഹരിലാൽ, നവകേരളം കർമ്മ പദ്ധതി കോ-ഓർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, സർക്കാർ വികസന ഉപദേഷ്ടാവ് സി.എസ്. രഞ്ജിത്ത്, തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശാരദാ മുരളീധരൻ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, ഗ്രാമവികസന കമ്മീഷണർ എൻ. പത്മകുമാർ, നഗരകാര്യ വകുപ്പ് ഡയറക്ടർ ആർ. ഗിരിജ, ജില്ലാ കളക്ടർ കെ. ഗോപാലകൃഷ്ണൻ, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ ഡോ. എസ്. ചിത്ര, എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ലൈഫ് മിഷൻ സി.ഇ.ഒ യു.വി. ജോസ് റിപ്പോർട്ട് അവതരിപ്പിച്ചു.

സഹകരണ-ടൂറിസം മന്ത്രി കടകംപള്ളി സുരേന്ദ്രൻ സ്വാഗതവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു നന്ദിയും പറഞ്ഞു.



*വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്താവായ മാധവിക്കുട്ടിയമ്മ മുഖ്യമന്ത്രിക്ക് ഭദ്രദീപം കൈമാറുന്നു.*



*ലൈഫ് മിഷൻ രണ്ട് ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ നിർവ്വഹിക്കുന്നു*

സർക്കാർ ചെലവഴിച്ചത് 670 കോടിയോളം രൂപയാണ്.

## രണ്ടാംഘട്ടം

രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണവും മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യം. രണ്ടാംഘട്ടത്തിൽ രേഖാപരിശോധനയിലൂടെ 1,00,460 ഗുണഭോക്താക്കളാണ് അർഹത നേടിയത്. ഇവരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടത് 92,213 പേരാണ്. അതിൽ 74,674 (80.97%) ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി. ലൈഫ് മിഷനിലൂടെ നടപ്പിലാക്കുന്ന ഭവനനിർമ്മാണങ്ങൾക്ക് പുറമെ ലൈഫ് പി.എം.എ.വൈ (അർബൻ) പദ്ധതി പ്രകാരം 79,520 ഗുണഭോക്താക്കൾ കരാർ വച്ച് പണി ആരംഭിക്കുകയും 47,144 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. ലൈഫ് പി.എം.എ. വൈ (റൂറൽ) പദ്ധതി പ്രകാരം 17,475 ഗുണഭോക്താക്കൾ കരാർ

> വികസനം എന്നത് ഒരുകൂട്ടർ മാത്രം അനുഭവിക്കേണ്ടതല്ല. എല്ലാവർക്കും ഒരേ പോലെ ലഭ്യമാവണം. സമ്പന്നനും ദരിദ്രനും തമ്മിലുള്ള അന്തരം കുറയ്ക്കുകയാണ് ബദൽ നയങ്ങളിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

വച്ച് പണി ആരംഭിക്കുകയും 16,640 വീടുകൾ പൂർത്തീകരിക്കുക യും ചെയ്തു. ലൈഫ് രണ്ടാം ഘട്ടത്തിനായി സംസ്ഥാന സർക്കാർ ഇതുവരെ ചെലവഴിച്ചത് 5,851.23 കോടി രൂപയാണ്. ലൈഫ് പി.എം.എ .വൈ (റൂറൽ) ക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച 612.60 കോടി രൂപയും ലൈഫ് പി.എം.എ.വൈ (അർബൻ)ക്കായി ചെല വഴിച്ച 2,263.63 കോടി രൂപയും ഇതിൽ ഉൾപ്പെടും.

ഇതിനു പുറമെ മറ്റു വകുപ്പുകളുടെ ഭവന നിർമ്മാണ പദ്ധതികളും പൂർത്തീകരിച്ചു വരുന്നു. പട്ടികജാതി വകുപ്പിനു കീഴിൽ 18,811 വീടുകളും പട്ടികവർഗ്ഗ വകുപ്പിനു കീഴിൽ 738 വീടുകളും പൂർത്തീകരിച്ചു. ഫിഷറീസ് വകുപ്പ് നിർമ്മിച്ച വീടുകളുടെ എണ്ണം 3,725 ആണ്. ഇതെല്ലാം കണക്കാക്കുമ്പോൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൂർത്തിയാക്കിയത് 2,14,000 ത്തിൽപ്പരം വീടുകളാണ്.

തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ വീടുകൾ. 32,388 വീടുകളാണ് ജില്ലയിൽ നിലവിൽ പൂർത്തിയായത്. 24,898 വീടുകൾ പൂർത്തീകരിച്ച് പാലക്കാടാണ് രണ്ടാം സ്ഥാനത്ത്. മൂന്നാം സ്ഥാനത്തുള്ള കൊല്ലം ജില്ലയിൽ 18,470 വീടുകൾ പൂർത്തിയാക്കി. പത്തനംതിട്ടയിൽ 5,594 ഉം ആലപ്പുഴയിൽ 15,880, കോട്ടയം, ഇടുക്കി ജില്ലകളിൽ യഥാക്രമം 7,983 ഉം 13,531 ഉം എറണാകുളത്ത് 14,901 ഉം തൃശ്ശൂരിൽ 15,604 ഉം മലപ്പുറത്ത് 17,994 ഉം കോഴിക്കോട് 16,381 ഉം വയനാട് 13,596ഉം കണ്ണൂരും കാസർഗോഡും യഥാക്രമം 9,236 ഉം 7,688 ഉം വീടുകൾ പൂർത്തിയായി.

## മൂന്നാംഘട്ടം

മൂന്നാംഘട്ടത്തിൽ 1,06,925 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തി. ഈ ഘട്ടത്തിൽ പ്രധാനമായും ഭവനസമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്. പ്രീഫാബ് സാങ്കേതികവിദ്യയാണ് നിർമ്മാണത്തിനായി ഉപയോഗിക്കുക. പരീക്ഷണാടിസ്ഥാനത്തിൽ അടിമാലിയിൽ 217 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയം പൂർത്തീകരിച്ച് അടിമാലി ഗ്രാമപഞ്ചായത്തിലെ അർഹരായ മുഴുവൻ ഭൂരഹിത ഭവനരഹിതർക്കും വീട് കൈമാറി. 163 ഗുണഭോക്താക്കൾക്കാണ് നിലവിൽ അവിടെ വീടുകൾ ലഭിച്ചത്. ബാക്കി വീടുകൾ മറ്റ് പഞ്ചായത്തുകളിലെ ഭൂരഹിത


> ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2,14,000 ത്തിലധികം വീടുകൾ പണിത് അർഹരായവർക്കു നല്കി. ഇതുവരെ സംസ്ഥാന സർക്കാർ 6,552.23 കോടി രൂപ ഇതിനായി ചെലവഴിച്ചു. ഈ പ്രക്രിയ ഇവിടെ അവസാനിക്കുകയല്ല, വീടില്ലാത്ത ഒരു കുടുംബവും സംസ്ഥാനത്ത് അവശേഷിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതുവരെ തുടരാനുള്ളതാണിത്.


ഭവന രഹിത ഗുണഭോക്താക്കളെ കണ്ടെത്തി ഉടൻ കൈമാറും.

അങ്കമാലിയിൽ 12 കുടുംബങ്ങൾക്കായുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ഫെബ്രുവരി 15ന് ഉദ്ഘാടനം ചെയ്ത് ഗുണഭോക്താക്കൾക്ക് നല്കുകയും ചെയ്തു. മൂന്നാംഘട്ടത്തിൽ ഈ വർഷം 100 ഭവന സമുച്ചയങ്ങളാണ് പൂർത്തീകരിക്കുക. ഇതിൽ 12 പൈലറ്റ് ഭവന സമുച്ചയങ്ങളുടെ ടെൻഡർ അവാർഡ് ചെയ്ത് പ്രാരംഭ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ഓഗസ്റ്റ് 2020 ന് മുമ്പ് ഇവ പൂർത്തിയാക്കും. മൂന്നാം ഘട്ടത്തിനായി സർക്കാർ ഇതുവരെ 31 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. 448 കോടിയോളം രൂപയുടെ ഭവന സമുച്ചയ പദ്ധതികൾക്കും ഭരണാനുമതി നല്കിയിട്ടുണ്ട്. ഭവനസമുച്ചയങ്ങൾക്കായി 300ഓളം ഇടങ്ങളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന ബജറ്റിൽ രണ്ടായിരം കോടി രൂപയാണ് ലൈഫ് പദ്ധതിക്കായി വകയിരുത്തിയത്. രണ്ടാം ഘട്ടത്തിൽ പൂർത്തിയാക്കാനുള്ള വീടുകൾക്കും മൂന്നാം ഘട്ടത്തിലെ ഭവന സമുച്ചയങ്ങൾക്കുമാണ് ഈ തുക വിനിയോഗിക്കുക.

നാടിന്റെ കൂട്ടായ്മയുടെ വലിയ വിജയം കൂടിയാണ് ലൈഫ് പദ്ധതി. കേവലം പണത്തിന്റെ മൂല്യമല്ല, സഹജീവി സ്നേഹത്തിന്റെയും കരുതലിന്റെയും ആകെ ത്തുക കൂടിയാണ് ഈ വീടുകൾ. നിരവധിപേർ പദ്ധതിയിൽ സ്ഥലം നല്കാനായി മുന്നോട്ടു വന്നിട്ടുണ്ട്. കുറെ പണം നല്കി വീട് വെയ്ക്കാൻ പറയുകയല്ല ചെയ്തത്. സാധ്യമായ എല്ലാ സഹായങ്ങളും നല്കി. വീട് നിർമ്മാ ണം പൂർത്തീകരിക്കുന്നതിനായി പല പ്രമുഖ ബ്രാൻഡുകളുമായി കൈകോർത്തു കുറഞ്ഞ നിരക്കിൽ വീട് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളും ലൈഫ് മിഷൻ കൈക്കൊണ്ടു. 20 മുതൽ 60 ശതമാനം വരെ വിലകുറച്ചാണ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ, വയറിംഗ് ഉപകരണങ്ങൾ, പെയിന്റ്, സാനിറ്ററി ഉപകരണങ്ങൾ, സിമെന്റ്, വാട്ടർ ടാങ്ക് തുടങ്ങിയവ ഗുണഭോക്താക്കൾക്കു ലഭ്യമാക്കിയത്. തൊഴിലുറപ്പ് ദിനങ്ങളിൽ നിന്ന് 90 ദിവസം വീട് നിർമ്മാണത്തിനായി ഉപയോഗിക്കാനുള്ള വ്യവസ്ഥയും സാധ്യമാക്കി.

വികസനം എന്നത് ഒരുകൂട്ടർ മാത്രം അനുഭവിക്കേണ്ടതല്ല. എല്ലാവർക്കും ഒരേ പോലെ ലഭ്യമാവണം. സമ്പന്നനും ദരിദ്രനും തമ്മിലുള്ള അന്തരം കുറയ്ക്കുകയാണ് ബദൽ നയങ്ങളിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

ഓരോ വീടിനോടൊപ്പം കുടുംബത്തിലെ ഒരാൾക്കെങ്കിലും ജീവനോപാധി കണ്ടെത്തുന്ന സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് സുഗമമായ സാമൂഹ്യ ജീവിതത്തിനു ആവശ്യമായ അംഗൻവാടികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, പാലിയേറ്റീവ് കെയർ സംവിധാനങ്ങൾ തുടങ്ങിയവ ഇതിന്റെ ഭാഗമാണ്. എല്ലാ സാമൂഹിക അവകാശങ്ങളും അവരുടെ വീട്ടുപടിക്കൽ എത്തിക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2,14,000 ത്തിലധികം വീടുകൾ പണിത് അർഹരായവർക്കു നല്കി. ഇതുവരെ സംസ്ഥാന സർക്കാർ 6,552.23 കോടി രൂപ ഇതിനായി ചെലവഴിച്ചു. ഈ പ്രക്രിയ ഇവിടെ അവസാനിക്കുകയല്ല, വീടില്ലാത്ത ഒരു കുടുംബവും സംസ്ഥാനത്തു അവശേഷിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതുവരെ തുടരാനുള്ളതാണിത്. അതിനായി എല്ലാ സഹായവും സ്വീകരിക്കും. കേരളത്തിന് ലോകത്തിനു മുന്നിൽ തല ഉയർത്തി നില്ക്കാൻ കഴിയുന്ന ഒരു സുപ്രധാന നേട്ടം കൂടി യാഥാർത്ഥ്യമാകുന്ന ഈ വേളയിൽ ഇതിൽ പങ്കാളികളായ എല്ലാവരെയും അഭിവാദ്യം ചെയ്യുന്നു.

കവർ സ്റ്റോറി




# ദൗത്യം തുടരും ലക്ഷ്യം സമ്പൂർണ്ണ പാർപ്പിട സുരക്ഷ

**എ.സി. മൊയ്തീൻ**
**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി**

രാജ്യത്തെ മറ്റൊരു സംസ്ഥാനത്തും ഒരു സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി, ഇത്രയധികം വീടുകൾ നിർമ്മിച്ച് നൽകുകയോ ഒരു ഭവന പദ്ധതിക്കു വേണ്ടി ഇത്ര വലിയ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. കേരളത്തിന്റെ പല മടങ്ങ് ജനസംഖ്യയും വിഭവശേഷിയുമുള്ള വലിയ സംസ്ഥാനങ്ങൾക്ക് കഴിയാത്തതാണ് കേരളം കൈവരിച്ച നേട്ടം.

ചരിത്രം സൃഷ്ടിച്ച് മുന്നേറുന്ന ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി സംസ്ഥാനത്ത് രണ്ട് ലക്ഷത്തിലധികം വീടുകൾ പണി തീർന്നിരിക്കുന്നു. ഈ കാലയളവിൽ രാജ്യത്തെ മറ്റൊരു സംസ്ഥാനത്തും ഒരു സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ ഭാഗമായി, ഇത്രയധികം വീടുകൾ നിർമ്മിച്ച നൽകുകയോ ഒരു ഭവന പദ്ധതിക്കു വേണ്ടി ഇത്ര വലിയ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. കേരളത്തിന്റെ പല മടങ്ങ് ജനസംഖ്യയും വിഭവശേഷിയുമുള്ള വലിയ സംസ്ഥാനങ്ങൾക്ക് കഴിയാത്തതാണ് കേരളം കൈവരിച്ച നേട്ടം.

കേരള സർക്കാരിന്റെ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി 2016 ലാണ് ലൈഫ് മിഷൻ പ്രഖ്യാപിച്ചത്. കേന്ദ്രാവിഷ്കൃത, സംസ്ഥാന പദ്ധതികളുടെ ഭാഗമായി വിവിധ വകുപ്പുകൾ നടത്തിവന്ന ഭവന നിർമ്മാണ പദ്ധതികൾ ലൈഫ് മിഷനിലൂടെ ഒരു ഏകോപിത സംവിധാനത്തിൻ കീഴിൽ കൊണ്ടുവന്നു. ഗുണഭോക്താവിന് വീടു നൽകുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രമല്ല ലൈഫിനുള്ളത്. ഭാവി കേരളം എന്തായിരിക്കണമെന്ന ഈ തലമുറയുടെ സങ്കൽപ്പത്തിന്റെ രത്നച്ചുരുക്കമാണ് കേരളത്തിലെ ജനങ്ങൾ നെഞ്ചേറ്റിയ നവകേരള ദൗത്യങ്ങൾ. അതിന്റെ ഹൃദയം

ഉൾക്കൊള്ളുന്ന ലൈഫ് ഇതുവരെ നടപ്പിലാക്കിയ മറ്റെല്ലാ ഭവന പദ്ധതികളിൽ നിന്നും വ്യത്യസ്തമാണ്. ജീവനോപാധികൾ ഉറപ്പുവരുത്തിയും സാമ്പത്തിക ശാക്തീകരണത്തിലൂടെയും അഭിമാനത്തോടെ ജീവിക്കാൻ ഇവർക്ക് അവസരമൊരുക്കുക എന്നതാണ് ലൈഫ് പദ്ധതിയുടെ കാഴ്ചപ്പാട്. ലൈവ് ലിഹുഡ് ഇൻക്ലൂഷൻ &

### ഭവനരഹിതരില്ലാത്ത സംസ്ഥാനം എന്ന നേട്ടത്തിലേക്ക് കേരളം അടുക്കുന്നു

രാജ്യത്ത് ഭവനരഹിതരില്ലാത്ത സംസ്ഥാനം എന്ന നേട്ടത്തിലേക്ക് കേരളം വളരെ വേഗം അടുക്കുകയാണെന്ന് തദ്ദേശസ്വയംഭരണ മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. ലൈഫ് പദ്ധതിയിൽ രണ്ടു ലക്ഷം വീടുകൾ പൂർത്തീകരി ച്ചതിന്റെ പ്രഖ്യാപന ചടങ്ങിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ ഇത് യാഥാർത്ഥ്യമാകുമെന്ന് മന്ത്രി പറഞ്ഞു.



ഫിനാൻഷ്യൽ എംപവർമെന്റ് (LIFE) എന്ന പേര് അന്വർത്ഥമാക്കുന്നതാണ് പദ്ധതിയിൽ ഇതുവരെ നാം കൈവരിച്ച നേട്ടങ്ങൾ.

ഭൂമിയുള്ളവർക്കാണ് മറ്റു ഭവന പദ്ധതികളുടെ സഹായം പ്രധാനമായി ലഭിച്ചത്. ലൈഫ് പദ്ധതിയിലാവട്ടെ, പാതിവഴിയിൽ നിർമ്മാണം ഉപേക്ഷിക്കപ്പെട്ട വീടുകളുടെ പൂർത്തീകരണവും ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസവും അതേ പ്രാധാന്യത്തോടെ ഏറ്റെടുത്തിരിക്കുന്നു. ഗുണഭോക്താക്കൾക്ക് 20 ലധികം സർക്കാർ വകുപ്പുകളുടെ സേവനം ഒരേ വേദിയിൽ ഒരുക്കിയാണ് സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും ലൈഫ് കുടുംബസംഗമങ്ങൾ സംഘടിപ്പിച്ചത്. കേരളത്തിന്റെ വികസന ചരിത്രത്തിൽ ഇതാദ്യമാണ്.

ഈ സർക്കാർ അധികാരത്തിലെത്തിയ ഉടൻ, കേരളത്തിലെ പാർപ്പിട സ്ഥിതിവിശേഷം സംബന്ധിച്ച വിശദമായ കണക്കുകൾ ശേഖരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ലൈഫ് പദ്ധതിയുടെ സമീപനം രൂപപ്പെടുത്തിയത്. വിവിധ ഭവന പദ്ധതികളിൽ ഗുണഭോക്താ

**ഈ നേട്ടത്തിൽ നേതൃത്വപരമായ പങ്കുവഹിച്ചത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ആളും അർത്ഥവും നൽകി സഹായിക്കാൻ എന്നും മുൻപന്തിയിൽ നിന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അതിൽ അഭിമാനം മാത്രമേയുള്ളൂ.**

ക്കളായി തെരഞ്ഞെടുക്കപ്പെട്ട് സർക്കാർ സഹായം ലഭിച്ച അരലക്ഷത്തിലധികം കുടുംബങ്ങൾ വീട് നിർമ്മാണം പൂർത്തിയാക്കാൻ നിവൃത്തിയില്ലാതെ കഴിയുകയായിരുന്നു. മാരക രോഗങ്ങൾ ബാധിച്ച് കടബാധ്യതയിൽ പെട്ടവരും ഉറ്റവർ മരണപ്പെട്ട് ജീവിതമാർഗ്ഗം അടഞ്ഞവരുമായിരുന്നു അതിൽ നല്ലൊരു പങ്കും. ഇത്തരക്കാർക്കു വേണ്ടിയുള്ള ഒരു പാക്കേജ് കേന്ദ്രസർക്കാരോ ഏതെങ്കിലും സംസ്ഥാന സർക്കാരോ ഇതുവരെ തയ്യാറാക്കിയിട്ടില്ല. ലൈഫ് അത് ഏറ്റെടുത്തു. 2000 മുതൽ ആദ്യ ഗഡു സഹായം സ്വീകരിച്ച ഇത്തരത്തിലുള്ള 54,117 കുടുംബങ്ങളെ കണ്ടെത്തി അവർക്ക് അധിക സഹായം അനുവദിച്ചു. കൈപ്പറ്റിയതിന്റെ ബാക്കിയല്ല, വീട് പൂർത്തീകരിക്കാൻ പുതിയ നിരക്കിൽ ആവശ്യമായ ആനുപാതിക തുകയാണ് ഇവർക്ക് നൽകിയത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും അവർക്ക് എല്ലാ പിന്തുണയും നൽകി. ഇതിൽ 52,050 വീടുകൾ ഇതിനകം പണി തീർന്നു. ഇതിൽ മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച വീടുകൾ ഉൾപ്പെട്ടിട്ടുണ്ട്. ഉമ്മൻചാണ്ടി സർക്കാർ അധികാരം ഏറ്റെടുക്കുമ്പോൾ, പകുതിവഴിയിൽ പണി ഉപേക്ഷിക്കപ്പെട്ട 17,194 വീടുകൾ സംസ്ഥാനത്ത് ഉണ്ടായിരുന്നു. ആ സർക്കാർ ഭരണമൊഴിയുമ്പോൾ ഇവരുടെ എണ്ണം 54,000 ആയി ഉയർന്നു. ധനസഹായം നൽകിയാൽ ഉത്തരവാദിത്തം കഴിഞ്ഞു എന്നുള്ള സമീപനമാണ് ഈ സർക്കാർ മാറ്റിയത്.

ഇ.എം.എസ്. ഭവന പദ്ധതിയിലെ ഒന്നര ലക്ഷത്തോളം വീടുകളുടെ അവസാനഘട്ട പണികൾ പൂർത്തിയാക്കിയത് മുൻ സർക്കാരിന്റെ ആദ്യ വർഷങ്ങളിലാണ്. ഈ സർക്കാരിന്റെ നിലപാട് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കിയിട്ടുണ്ട്. ഇതൊന്നും ക്രെഡിറ്റ് അടിച്ചെടുക്കാൻ വേണ്ടി ചെയ്യുന്നതല്ല. വീടില്ലാതിരുന്ന 2.15 ലക്ഷം കുടുംബങ്ങൾക്ക് ഇപ്പോൾ സ്വന്തം വീടുണ്ട്. സംസ്ഥാനത്തെ 1200 പ്രാദേശിക സർക്കാരുകളെയും വിവിധ സർക്കാർ വകുപ്പുകളെയും ഏകോപിപ്പിച്ച് ഈ ദൗത്യത്തിന് ചുക്കാൻ പിടിക്കാൻ കഴിഞ്ഞതിൽ സർക്കാരിന് ചാരിതാർത്ഥ്യമുണ്ട്.

നാളിതുവരെ സംസ്ഥാനത്തു നടപ്പിലാക്കിയ ഭവന പദ്ധതികളിൽ ഏതെടുത്താലും, തീർത്തും അപര്യാപ്തമായ തുകയാണ്

ധനസഹായമായി നൽകിയിരുന്നത്. പ്രതീക്ഷിക്കാത്ത സാമ്പത്തിക ബാധ്യത വന്ന പെട്ട ദരിദ്ര കുടുംബങ്ങളാണ് വീടുപണി ഇടയ്ക്ക് വച്ച് ഉപേക്ഷിക്കേണ്ടി വന്നവരിൽ ഏറെയും. സ്വന്തം സാമ്പത്തിക നില നോക്കാതെ വലിയ പ്ലാനിൽ പണി തുടങ്ങുന്നത് നിയന്ത്രിക്കാൻ കൃത്യമായ മോണിട്ടറിംഗ് സംവിധാനം ഉണ്ടായിരുന്നില്ല. വിവിധ കേന്ദ്ര- സംസ്ഥാന പദ്ധതികളുമായുള്ള സംയോജനത്തിന്റെ സാധ്യതയും വേണ്ട വിധം ഉപയോഗപ്പെടുത്തിയിരുന്നില്ല. ഈ സർക്കാരിന് ഒരു സമഗ്ര സമീപനമുണ്ട്. 400 ച. അടി തറ വലിപ്പമുള്ള വീടിന് 4 ലക്ഷം രൂപയാണ് നൽകുന്നത്. പുറമെ, മഹാത്മാഗാന്ധി, അയ്യൻകാളി തൊഴിലുറപ്പ് പദ്ധതികളുടെ സഹായം അടക്കമുള്ള സാമ്പത്തിക സേവനങ്ങളും. യഥാസമയം ഫണ്ട് ലഭ്യമാക്കി കുറഞ്ഞ കാലയളവിൽ ഇത്രയധികം വീടുകൾ പണി തീർന്നതിന് പിന്നിൽ സംസ്ഥാന സർക്കാരിന്റെ കരുതലുണ്ട്.

കേന്ദ്ര പദ്ധതികൾ എൽ.ഡി.എഫ്. സർക്കാർ സ്വന്തം പേരിൽ എഴുതുന്ന എന്നൊരുവാദമുണ്ട്. എല്ലാ കണക്കുകളും വെബ്സൈറ്റുകളിൽ ലഭ്യമായ ഈ കാലത്ത് ഇതിൽ എന്തെങ്കിലും രഹസ്യമുണ്ടോ? കണക്കുകൾ സംസാരിക്കട്ടെ. 16,647 വീടുകൾക്കാണ് കേന്ദ്ര സർക്കാരിന്റെ പി.എം.എ.വൈ (ഗ്രാമീൺ) സഹായം ലഭിച്ചത്. 119. 39 കോടി രൂപ. ലൈഫിൽ ഉൾപ്പെടുത്തി സംസ്ഥാനം കണ്ടെത്തിയത് 544.70 കോടി രൂപ. പി.എം.എ. വൈ (ഗ്രാമീൺ) പദ്ധതിയിൽ കേന്ദ്രം നൽകിയതെന്ന് അവകാശപ്പെടുന്ന ഇത്രയും വീടുകളിൽ കേന്ദ്രത്തിന്റെ വിഹിതമായി സംസ്ഥാനത്തിന് ലഭിച്ചത് വീടൊന്നിന് 72,000 രൂപ മാത്രമാണ്. പി.എം.എ.വൈ (നഗരം) പദ്ധതിയിൽ 48,445 വീടുകൾ പൂർത്തീകരിച്ചു. ഇതിന് കേന്ദ്ര വിഹിതമായി 762.25 കോടി രൂപ ലഭിച്ചു. വീടൊന്നിന് 1.5 ലക്ഷം. സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് പ്ലാൻ വിഹിതമായും വായ്പയായും 1,497.13 കോടി കണ്ടെത്തി. വീടൊന്നിന് 2.5 ലക്ഷം. ഇതിനു പുറമെ, ഗ്രാമ പഞ്ചായത്തുകളിൽ നിർമ്മിച്ച 74,814 ലൈഫ് വീടുകൾക്ക് ഒരു രൂപയുടെ പോലും കേന്ദ്ര സഹായമില്ല. സംസ്ഥാനം ചെലവഴിച്ചത് 2,975 കോടി രൂപ. പട്ടികജാതി വകുപ്പ് പൂർത്തീകരിച്ച 18,874, പട്ടികവർഗ്ഗ വകുപ്പിന്റെ 972, ഫിഷറീസ് വകുപ്പിന്റെ 3,725, അടിമാലിയിലെയും കോഴിക്കോട് കോർപ്പറേഷനിലെയും ഫ്ലാറ്റുകൾ എന്നിവയടക്കം മാർച്ച് രണ്ടിലെ കണക്കുകൾ പ്രകാരം 2,15,896 വീടുകൾ പൂർത്തിയായി.

7,544.37 കോടി രൂപ ഇതുവരെ ചെലവഴിച്ചു. ഇതിൽ 1028.52 കോടി കേന്ദ്ര സർക്കാർ വിഹിതം. 1,812.7 കോടി സംസ്ഥാന വിഹിതം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം 2,231.15 കോടി. സർക്കാർ ഗ്യാരണ്ടിയോടെയുള്ള ഹഡ്കോ വായ്പ 2,460 കോടി. കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്ത ഫണ്ടിൽ നിന്ന് 12 കോടി. 6515.85 കോടി രൂപ സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വിവിധ സ്രോതസുകളിൽ നിന്ന് കണ്ടെത്തി. കേന്ദ്ര പദ്ധതിയുടെ ഭാഗമായി ലഭിച്ച തുകയുടെ കണക്കുകൾ മറച്ചു വയ്ക്കാനല്ല, അവകാശപ്പെട്ടത് പിടിച്ചു വാങ്ങാനാണ് സംസ്ഥാന സർക്കാർ എന്നും ശ്രമിച്ചത്.

ഒരു വർഷത്തിനുള്ളിൽ 1 ലക്ഷം പേർക്കു കൂടി പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യം സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. അടിമാലിയിലെ ഫ്ലാറ്റ് സമുച്ചയം ഗുണഭോക്താക്കൾക്ക് കൈമാറി. വിവിധ ജില്ലകളിലായി പത്ത് സമുച്ചയങ്ങൾ നിർമ്മാണത്തിലാണ്. 75 എണ്ണത്തിന്റെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രി- ഫാബ് അടക്കമുള്ള ആധുനിക സാങ്കേതിക വിദ്യകൾ സർക്കാർ ഉപയോഗപ്പെടുത്തും.

ഈ നേട്ടത്തിൽ നേതൃത്വപരമായ പങ്കു വഹിച്ചത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ആളും അർത്ഥവും നൽകി സഹായിക്കാൻ എന്നും മുൻപന്തിയിൽ നിന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അതിൽ അഭിമാനം മാത്രമേയുള്ളൂ. അർഹതയുള്ളവർ ലിസ്റ്റിൽ ഉൾപ്പെടാതെ പോയിട്ടുണ്ടെങ്കിൽ അവരെ കണ്ടെത്താനും അവർക്കു കൂടി സഹായം എത്തിക്കാനും സർക്കാർ നടപടി സ്വീകരിക്കും. എല്ലാവരെയും ഉൾക്കൊള്ളുക എന്നതാണ് സർക്കാരിന്റെ സമീപനം. ☐

**ഒരു വർഷത്തിനുള്ളിൽ 1 ലക്ഷം പേർക്കു കൂടി പാർപ്പിടം ലഭ്യമാക്കുക എന്ന ലക്ഷ്യം സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. അടിമാലിയിലെ ഫ്ലാറ്റ് സമുച്ചയം ഗുണഭോക്താക്കൾക്ക് കൈമാറി. വിവിധ ജില്ലകളിലായി പത്ത് സമുച്ചയങ്ങൾ നിർമ്മാണത്തിലാണ്.**

# ലൈഫ്: ആദ്യ പ്രീഫാബ് ഭവനസമുച്ചയത്തിന് തറക്കല്ലിട്ടു

### നിർമ്മാണ രംഗത്ത് കുതിച്ചുചാട്ടത്തിന് വഴിയൊരുക്കും

ലൈഫ് ഭവനപദ്ധതിയിൽ പ്രീഫാബ് സാങ്കേതികവിദ്യയിൽ നിർമ്മിക്കുന്ന സംസ്ഥാനത്തെ ആദ്യ ഭവനസമുച്ചയത്തിന് കടമ്പൂർ പനോന്നേരിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ടു. സംസ്ഥാനത്ത് ഭൂരഹിതരായി കണ്ടെത്തിയ കുടുംബങ്ങൾക്ക് വീട് ഒരുക്കുന്നതിനാണ് പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുന്നത്. ആധുനിക നിർമ്മാണ സാങ്കേതികവിദ്യയായ പ്രീഫാബ് രീതി ഉപയോഗിച്ചുള്ള നിർമ്മാണത്തിന് ഇതോടെ സംസ്ഥാനത്ത് തുടക്കം കുറിക്കുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. കെട്ടിടനിർമ്മാണങ്ങൾക്ക് ഈ സാങ്കേതിക വിദ്യ വ്യാപകമായി ഉപയോഗപ്പെടുത്താനാണ് സർക്കാർ ആലോചിക്കുന്നത്. നിർമ്മാണരംഗത്ത് കുതിച്ചു ചാട്ടത്തിന് ഇത് വഴി തെളിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. വ്യവസായ വകുപ്പ് മന്ത്രി ഇ പി ജയരാജൻ അധ്യക്ഷത വഹിച്ചു.

# ജീവനും ജീവിതവും നല്കി ലൈഫ് മിഷൻ മുന്നോട്ട്

**ആരും ഒറ്റയ്ക്കല്ല, സർക്കാർ ഒപ്പമുണ്ടെന്ന ധൈര്യം ലൈഫ് ഗുണഭോക്താക്കൾ അനുഭവിച്ചറിഞ്ഞു. മുമ്പോട്ടു പോകാൻ കഴിയാതെ നില്ക്കുന്നുവെന്നു തോന്നിയ ഓരോ ഘട്ടത്തിലും സർക്കാർ കൂടെയുണ്ടായിരുന്നു. ധനസഹായം കൂടാതെ, വീട് നിർമ്മാണ സാമഗ്രികൾ 20 മുതൽ 60 ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കൽ, വീട് നിർമ്മാണ ജോലികൾക്കായി 90 തൊഴിലുറപ്പ് ദിനങ്ങൾ ഉറപ്പാക്കൽ, കലവറയിൽ നിന്ന് നിർമ്മാണ സാധനങ്ങൾ ലഭ്യമാക്കൽ തുടങ്ങി വീട് നിർമ്മാണം പ്രതിസന്ധിയിലാവാതെ എങ്ങനെയും പൂർത്തീകരിക്കാൻ ഓരോ ഘട്ടത്തിലും സർക്കാർ കൂടെയുണ്ടെന്ന ധൈര്യം ഗുണഭോക്താക്കളെ സ്വന്തം ഭവനമെന്ന അവരുടെ സ്വപ്നം സാക്ഷാത്ക്കരിക്കാൻ സഹായിച്ചു.**



കേരളത്തിന്റെ സമഗ്ര വികസനവും ദുരിതബാധിതർക്കുള്ള സത്വര ക്ഷേമ നടപടികളും ഉൾപ്പെടുന്ന ബഹുമുഖ പദ്ധതിയായ നവകേരള മിഷനിലെ പ്രധാന പദ്ധതിയാണ് ലൈഫ് മിഷൻ. മൂന്നു ഘട്ടങ്ങളായാണ് ലൈഫ് മിഷൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാംഘട്ടത്തിൽ 2000-01 മുതൽ 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം കിട്ടിയിട്ടും പല കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്ന കുടുംബങ്ങളുടെ വീടുകൾ പൂർത്തീകരിക്കുക എന്നതായിരുന്നു ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ലൈഫ് രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരുടെ ഭവനനിർമ്മാണവും മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമാണ് ലക്ഷ്യം.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒന്നും രണ്ടും ഘട്ടങ്ങൾ ഉൾപ്പെടെ ഇതുവരെ പൂർത്തിയാക്കിയത് 2,14,000 ത്തിൽപ്പരം വീടുകളാണ്.

ലൈഫ് മൂന്നാംഘട്ടത്തിൽ 1,06,925 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തി. മൂന്നാംഘട്ടത്തിൽ പ്രധാനമായും ഭവനസമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്. പ്രീഫാബ് സാങ്കേതികവിദ്യയാണ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്. മൂന്നാം ഘട്ടത്തിന്റെ പൈലറ്റ് ഓഫ് പൈലറ്റായി അടിമാലിയിൽ 217 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഒരു ഭവനസമുച്ചയം പൂർത്തീകരിച്ച് അടിമാലി ഗ്രാമപഞ്ചായത്തിലെ 163 ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു. അങ്കമാലിയിൽ 12 കുടുംബങ്ങളുമായുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ഗുണഭോക്താക്കൾക്ക് നല്കു കയും ചെയ്തു. മൂന്നാംഘട്ടത്തിൽ ഈ വർഷം 100 ഭവന സമുച്ചയങ്ങളാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. 448 കോടി രൂപയോളം വരുന്ന സമുച്ചയ പദ്ധതികൾക്ക് ഭരണാനുമതിയും നല്കിയിട്ടുണ്ട്.

കേരളത്തിലെ ഭവനരഹിതർക്ക് ശാശ്വതമായ പരിഹാരമെന്ന നിലയിൽ 2017 ൽ ലൈഫ് മിഷന് തുടക്കമിടുമ്പോൾ

വെറുമൊരു ഭവന നിർമ്മാണ പദ്ധതിയെന്ന നിലയ്ക്കല്ല സർക്കാർ അതിനെ ഉൾക്കൊണ്ടത്. സമഗ്രവും സമ്പൂർണ്ണവുമായ ഒരു പാർപ്പിട പദ്ധതിയായാണ്. അതായത്, വീട് ലഭിച്ചതുകൊണ്ടു മാത്രം ഒരു കുടുംബത്തിന് അന്തസ്സുള്ള ജീവിതം കെട്ടിപ്പടുക്കാൻ കഴിയില്ല. മികച്ച വിദ്യാഭ്യാസവും തൊഴിലും ജീവിത സാഹചര്യങ്ങളും ആവശ്യമാണ്. അതുകൊണ്ടുതന്നെ ലൈഫ് എന്ന വാക്ക് അർത്ഥമാക്കുന്നതു പോലെ ജീവിതമാണ് ലൈഫ് മിഷൻ അതിന്റെ ഗുണഭോക്താക്കൾക്ക് നല്കാൻ ശ്രമിച്ചിട്ടുള്ളത്. വീടിന്റെ താക്കോൽ കൈമാറുന്നതോടെ കഴിയുന്നതല്ല ലൈഫിന്റെ സേവനം. ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ജീവിതത്തിന് വിളക്കാവാനും മിഷൻ പരമാവധി കാര്യങ്ങൾ ചെയ്യുന്നു. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തുടനീളം ലൈഫ് ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും സംഘടിപ്പിച്ചത്. ലൈഫ് ഗുണഭോക്താക്കളെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ ക്ഷേമപദ്ധതികളിലും സേവനങ്ങളിലും ഉൾപ്പെടുത്തുന്നതിനായിരുന്നു അത്. വിവിധ സർക്കാർ വകുപ്പുകളുടെ സേവനം ഒന്നിച്ച് ഒരു കുടക്കീഴിൽ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് മുൻപോട്ടുള്ള ജീവിതം പ്ലാൻ ചെയ്യാനും രൂപപ്പെടുത്താനും സഹായിച്ചു. 20 സർക്കാർ വകുപ്പുകളുടെ സേവനമാണ് ഒറ്റ ദിവസത്തിൽ ലഭ്യമാക്കിയത്. റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയ്ക്കുള്ള അപേക്ഷ മുതൽ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സ്വയം തൊഴിൽ, ബാങ്ക് അക്കൗണ്ട്, വായ്പകൾ തുടങ്ങി നിരവധിയായ സേവനങ്ങൾ അദാലത്തിലൂടെ ഗുണഭോക്താക്കൾക്ക് ലഭിച്ചു. ഒരു മണിക്കൂറിൽ റേഷൻ കാർഡ് ലഭ്യമാക്കിയ സ്ഥലങ്ങളുമുണ്ട്.

**ലൈഫ് പൂർത്തിയായ വീടുകളുടെ എണ്ണം (2020 മാർച്ച് 6 വരെ)**

| ജില്ല | ഘട്ടം 1 | ഘട്ടം 2 | PMAY (URBAN) | PMAY (RURAL) | എസ്.സി. വകുപ്പ് | എസ്.റ്റി വകുപ്പ്. | ഫിഷറീസ് വകുപ്പ് | ഘട്ടം 3 | ആകെ |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 6043 | 11679 | 8697 | 2922 | 2185 | 2 | 1223 | 0 | 32751 |
| കൊല്ലം | 3609 | 7163 | 3863 | 1396 | 1875 | 3 | 690 | 0 | 18599 |
| പത്തനംതിട്ട | 1169 | 1678 | 980 | 679 | 1092 | 7 | 0 | 0 | 5605 |
| ആലപ്പുഴ | 2708 | 8088 | 2653 | 715 | 1147 | 10 | 519 | 0 | 15840 |
| കോട്ടയം | 1093 | 3624 | 1544 | 595 | 857 | 13 | 78 | 0 | 7804 |
| ഇടുക്കി | 3007 | 7199 | 1464 | 742 | 869 | 114 | 5 | 210 | 13610 |
| എറണാകുളം | 1057 | 4987 | 6074 | 759 | 1902 | 9 | 251 | 12 | 15051 |
| തൃശ്ശൂർ | 2953 | 4284 | 4994 | 1490 | 2090 | 13 | 65 | 0 | 15889 |
| പാലക്കാട് | 7535 | 9378 | 3645 | 1881 | 2619 | 95 | 5 | 0 | 25158 |
| മലപ്പുറം | 2731 | 5352 | 5373 | 2268 | 2093 | 15 | 383 | 0 | 18215 |
| കോഴിക്കോട് | 6407 | 4196 | 3159 | 1078 | 1191 | 3 | 267 | 140 | 16441 |
| വയനാട് | 8267 | 2587 | 1835 | 877 | 123 | 629 | 0 | 0 | 14318 |
| കണ്ണൂർ | 2592 | 2196 | 3074 | 685 | 322 | 56 | 163 | 0 | 9088 |
| കാസർഗോഡ് | 2879 | 3004 | 1091 | 566 | 391 | 3 | 70 | 0 | 8004 |
| **ആകെ** | **52050** | **75415** | **48446** | **16653** | **18756** | **972** | **3719** | **362** | **216373** |

എല്ലാവർക്കും പങ്കാളിത്തമുള്ള ഒരു പദ്ധതിയായിട്ടാണ് ലൈഫ് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. ഈ പദ്ധതിക്ക് ഒരു സിംഗിൾ ഉടമസ്ഥതയില്ലെന്നതാണ് ഇതിന്റെ വിജയ രഹസ്യം.

ലൈഫ് പദ്ധതിയുടെ ഒരു പ്രധാന പ്രത്യേകത ലൈഫ് മിഷൻ രൂപീകരിച്ച് നാളിതുവരെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലോ അർഹതാ നിർണ്ണയത്തിലോ യാതൊരുവിധ വിമർശനങ്ങളും കേൾക്കേണ്ടിവന്നിട്ടില്ല എന്നതാണ്. പഴുതടച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളുമാണ് ഓരോ ഘട്ടത്തിലും മിഷൻ സ്വീകരിച്ചത്. ഏറ്റവും അർഹരായവരെത്തന്നെ കണ്ടെത്തുന്നതിന് പ്രത്യേകം ശ്രദ്ധിച്ചു. ഭവനരഹിതരിൽ തന്നെ ഏറ്റവും പ്രയാസം നേരിടുന്നവർ, ദുർബ്ബലർ, വിധവകൾ എന്നിവർക്ക് പ്രഥമ പരിഗണന നല്കി വളരെ സൂക്ഷ്മമായാണ് അർഹതാപ്പട്ടിക തയ്യാറാക്കിയത്. പ്രാരംഭഘട്ടത്തിൽ കുടുംബശ്രീ തയ്യാറാക്കിയ ലിസ്റ്റ് ഗ്രാമസഭകളിൽ പരിശോധിച്ച് അപേക്ഷകരുടെ രേഖകൾ സുതാര്യമായും സൂക്ഷ്മമായും പഞ്ചായത്തുതലത്തിൽ പരിശോധിച്ച് മാത്രമാണ് അർഹരെ കണ്ടെത്തിയത്. അതിനാൽ അർഹരായവരെ മാറ്റിനിർത്തി അനർഹർ പട്ടികയിൽ ഇടം പിടിക്കുന്നതു പോലെയുള്ള സാഹചര്യങ്ങൾ ഉണ്ടായില്ല.



*തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ നടന്ന ലൈഫ് മിഷൻ രണ്ട് ലക്ഷം വീടുകളുടെ പൂർത്തീകരണ പ്രഖ്യാപന ചടങ്ങിൽ മന്ത്രി എ.സി. മൊയ്തീൻ, സി.ദിവാകരൻ എം.എൽ.എ. എന്നിവർ മുഖ്യമന്ത്രി പിണറായി വിജയനോടൊപ്പം.*

സുതാര്യവും ലളിതവുമായ നടപടിക്രമങ്ങളാണ് ലൈഫിന്റെ മൂന്നംഘട്ടത്തിലും കൈക്കൊണ്ടിട്ടുള്ളത്. സർക്കാർ സേവനം നേടിയെടുക്കുന്നത് ബാലികേറാമലയല്ല എന്ന് ലൈഫിന്റെ ഗുണഭോക്താക്കൾ തിരിച്ചറിഞ്ഞ അവസരം കൂടിയായിരിക്കും ഇത്. മിഷന്റെ രണ്ട് ലക്ഷത്തിലധികം വരുന്ന ഗുണഭോക്താക്കളോട് ചോദിച്ചാൽ കഴിയുന്നതിന്റെ അങ്ങേയറ്റം സുതാര്യമായും ലളിതമായുമാണ് ഓരോ നടപടിക്രമങ്ങളും പൂർത്തീകരിക്കാൻ കഴിഞ്ഞതെന്ന് അവർ പറയും. സാധാരണ ഭവന പദ്ധതികളുടേതു പോലെയുള്ള സങ്കീർണ്ണമായ പ്രക്രിയകൾ ലൈഫ് സ്വീകരിച്ചില്ല. അങ്ങേയറ്റം ലളിതമായിരുന്നു ഓരോ പ്രക്രിയയും. ഓരോ ഘട്ട നിർമ്മാണം പൂർത്തിയാക്കി, അത് പരിശോധിച്ച് വിലയിരുത്തിയ ശേഷം ഓരോ ഗഡുക്കളായി നല്കുകയല്ല ലൈഫിന്റെ രീതി. നിർമ്മാണം ആരംഭിക്കാനുള്ള പണം ആദ്യം നല്കുന്നതായിരുന്നു ലൈഫ് പിന്തുടർന്ന രീതി.

ആരും ഒറ്റയ്ക്കല്ല, സർക്കാർ ഒപ്പമുണ്ടെന്ന ധൈര്യം ലൈഫ് ഗുണഭോക്താക്കൾ അനുഭവിച്ചറിഞ്ഞു. മുൻപോട്ടു പോകാൻ കഴിയാതെ നില്ക്കുന്നുവെന്ന തോന്നിയ ഓരോ ഘട്ടത്തിലും സർക്കാർ കൂടെയുണ്ടായിരുന്നു. ധനസഹായം കൂടാതെ, വീട് നിർമ്മാണ സാമഗ്രികൾ 20 മുതൽ 60 ശതമാനം വരെ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കൽ, വീട് നിർമ്മാണ ജോലികൾക്കായി 90 തൊഴിലുറപ്പ് ദിനങ്ങൾ ഉറപ്പാക്കൽ, കലവറയിൽ നിന്ന് നിർമ്മാണ സാധനങ്ങൾ ലഭ്യമാക്കൽ തുടങ്ങി വീട് നിർമ്മാണം പ്രതിസന്ധിയിലാവാതെ എങ്ങനെയും പൂർത്തീകരിക്കാൻ ഓരോ ഘട്ടത്തിലും സർക്കാർ കൂടെയുണ്ടെന്ന ധൈര്യം ഗുണഭോക്താക്കളെ സ്വന്തം ഭവനമെന്ന അവരുടെ സ്വപ്നം സാക്ഷാത്ക്കരിക്കാൻ സഹായിച്ചു.

എല്ലാവർക്കും പങ്കാളിത്തമുള്ള ഒരു പദ്ധതിയായിട്ടാണ് ലൈഫ് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. ഈ പദ്ധതിക്ക് ഒരു സിംഗിൾ ഉടമസ്ഥതയില്ലെന്നതാണ് ഇതിന്റെ വിജയ രഹസ്യം. ഇത് സംസ്ഥാന സർക്കാരിന്റെ പ്രോജക്ടാണോ എന്നു ചോദിച്ചാൽ അതെ എന്ന പറയാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടാണോ, ലൈഫ് മിഷൻ എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്ന ചോദിച്ചാലും അതെ എന്ന പറയാം. പദ്ധതിയുടെ നടത്തിപ്പോ വിജയമോ ഒരാളുടെയോ ഒരു സ്ഥാപനത്തിന്റെയോ മാത്രം ഉടമസ്ഥതയോ ഉത്തരവാദിത്തമോ അല്ല. കൂട്ടായ പ്രവർത്തനവും കൂട്ടുത്തരവാദിത്തവുമാണ് ലൈഫ് മിഷന്റെ വിജയത്തിന്റെ പ്രധാന കാരണം.

മനുഷ്യരിലെ നന്മയെ പരമാവധി പ്രയോജനപ്പെടുത്തുന്ന തരത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ ഡിസൈൻ ചെയ്തിരിക്കുന്നത്. സന്നദ്ധ സംഘടനകൾക്കോ , കൂട്ടായ്മകൾക്കോ, വ്യക്തികൾക്കോ, വിദ്യാർഥികൾക്കോ ഒക്കെ ഗുണഭോക്താക്കളെ നേരിട്ടു സഹായിക്കാനും നിർമ്മാണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാനും ഈ പദ്ധതി അവസരം നല്കുന്നു. സംസ്ഥാനത്തുടനീളം നന്മയുള്ള മനുഷ്യരുടെ ചെറുതും വലുതുമായ സഹായങ്ങൾ മിഷന് മുതൽക്കൂട്ടായി. കടയ്ക്കലിൽ പാർപ്പിട സമുച്ചയം നിർമ്മിക്കാൻ പഞ്ചായത്തിന് ഒരേക്കർ ഭൂമി വാങ്ങി നല്കിയ അബ്ദുള്ളയെ പോലുള്ളവർ തുടങ്ങിവയ്ക്കുന്ന വിപ്ലവം ഏറ്റുപിടിക്കാൻ സന്നദ്ധരായി നന്മയുള്ള ഹൃദയങ്ങൾ ഇനിയും മുന്നോട്ടുവരുമെന്ന പ്രതീക്ഷയിലാണ് സർക്കാർ.

സർക്കാരിന്റെ ഗ്രീൻ പ്രോട്ടോക്കോൾ നയവുമായി ചേർന്ന നില്ക്കാനും ലൈഫ് മിഷൻ ശ്രമിക്കുന്നു. പ്രളയവും ഉരുൾപൊട്ടലും ആവർത്തിക്കുന്ന കേരളത്തിലെ പുതിയ സാഹചര്യം പരിഗണിച്ച് കെട്ടിട നിർമ്മാണ രീതിയിൽ ഒരു പൊളിച്ചെഴുത്തിന് ലൈഫ് മൂന്നാം ഘട്ടത്തിലൂടെ സർക്കാർ തുടക്കമിട്ടിരിക്കുകയാണ്. പ്രകൃതി സൗഹൃദ നിർമ്മാണരീതി സ്വീകരിക്കുകയാണ് കേരളം. കോൺക്രീറ്റ് നിർമ്മാണ രീതി ഉപേക്ഷിച്ച് പ്രീഫാബ് സാങ്കേതിക വിദ്യയിലേക്ക് മാറുകയാണ് സർക്കാർ. പ്രകൃതി സൗഹൃദവും ചെലവു കുറഞ്ഞതും കൂടുതൽ ഈടുനില്ക്കുന്നതുമായ നിർമ്മാണ രീതിയാണ് പ്രീഫാബ്. പ്രീഫാബ് വ്യാപകമാക്കി പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്നതിൽ കർശന നിയന്ത്രണം ഏർപ്പെടുത്താനും സർക്കാർ ആലോചിക്കുന്നുണ്ട്. 2021 ഓടുകൂടി മൂന്ന ലക്ഷത്തിലേറെ ഭൂരഹിത ഭവനരഹിതർക്ക് സംസ്ഥാനത്തുടനീളം ഭവനസമുച്ചയങ്ങൾ പണിയുന്നത് പ്രീഫാബ് ഉപയോഗിച്ചായിരിക്കും.

രണ്ടു ലക്ഷത്തിൽപ്പരം ഭവനങ്ങൾ സാധ്യമായിക്കഴിഞ്ഞു. ഇനിയുമുണ്ട് സ്വന്തം വീടെന്ന സ്വപ്നം എന്ന് സാധ്യമാകുമെന്നറിയാതെ മഴയത്തും വെയിലത്തും അഭയമില്ലാതെ കഷ്ടപ്പെടുന്നവർ. നന്മയുടെ ഉറവിടം വറ്റാത്തതും അമൂല്യവുമാണ്. അബ്ദുള്ളയെപ്പോലെ ഇനിയും ഒരുപാട് മനുഷ്യരുടെ സഹായമുണ്ടെങ്കിൽ ഭവനരഹിതരില്ലാത്ത കേരളം എന്നത് സ്വപ്നമല്ലാതായിത്തീരും.

☐

*ലേഖകൻ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ആഫീസറാണ്.*

●●●

**സുതാര്യവും ലളിതവുമായ നടപടിക്രമങ്ങളാണ് ലൈഫിന്റെ മൂന്നംഘട്ടത്തിലും കൈക്കൊണ്ടിട്ടുള്ളത്. സർക്കാർ സേവനം നേടിയെടുക്കുന്നത് ബാലികേറാമലയല്ല എന്ന് ലൈഫിന്റെ ഗുണഭോക്താക്കൾ തിരിച്ചറിഞ്ഞ അവസരം കൂടിയായിരിക്കും ഇത്.**

●●●

## ലൈഫ് പദ്ധതിയുടെ ഭാഗമായി നഗരമേഖലയിൽ 124 മാതൃകാ ഹരിതഭവനങ്ങൾ

ലൈഫ് പദ്ധതിയുടെ ഭാഗമായി മികച്ച പരിസ്ഥിതി സന്ദേശം നൽകി നഗരമേഖലയിൽ 124 മാതൃകാ ഹരിതഭവനങ്ങൾ. പി.എം.എ.വൈ(നഗരം)-ലൈഫ് പദ്ധതി പ്രകാരം നഗരമേഖലയിൽ ഓരോ ഗുണഭോക്താവിനും ലഭ്യമായ ഭവനവും പരിസരവും പ്രകൃതി സൗഹൃദപരമായി സംരക്ഷിക്കൽ, മികച്ച ഊർജസംരക്ഷണം, പരിസിഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തൽ, ആരോഗ്യ ശുചിത്വപരിപാലനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് സംഘടിപ്പിച്ച ഒരു വർഷം നീണ്ട ക്യാമ്പയിൻ വഴിയാണ് സംസ്ഥാനത്തെ ഏറ്റവും മികച്ച ഹരിതഭവനങ്ങൾ കണ്ടെത്തിയത്. വിജയികളായ 124 ഗുണഭോക്താക്കൾക്കും 10,000 രൂപയുടെ കാഷ് അവാർഡ് നൽകി അതത് നഗരസഭകളുടെ നേതൃത്വത്തിൽ ആദരിച്ചു.

# ചന്ദ്രനും ഓമനയ്ക്കും സ്വപ്നഭവനം യാഥാർഥ്യമായി

## സന്തോഷത്തിന് സാക്ഷിയാകാനെത്തിയത് മുഖ്യമന്ത്രി



സ്വപ്നഭവനത്തിലേക്ക് കരകുളം ഏണിക്കര തറട്ട കാവുവിള വീട്ടിൽ ചന്ദ്രനും ഓമനയും പുതുചുവടുകൾ വെച്ചപ്പോൾ സാക്ഷിയായി സന്തോഷം പങ്കിടാൻ ഒപ്പമെത്തിയത് മുഖ്യമന്ത്രി പിണറായി വിജയൻ. ലൈഫ് മിഷനിലൂടെ രണ്ടുലക്ഷം വീടുകൾ കേരളമാകെ യാഥാർഥ്യമായതിന്റെ പ്രഖ്യാപനദിനത്തിലാണ് ചന്ദ്രന്റെയും ഓമനയുടെയും വീട്ടിൽ ഗൃഹപ്രവേശനത്തിന് സാക്ഷിയാകാൻ മുഖ്യമന്ത്രി എത്തിയത്.

ചോർന്നൊലിക്കുന്ന ഒറ്റമുറി വീടിൽ നിന്ന് അടച്ചുറപ്പുള്ള സുരക്ഷിതഭവനം ലൈഫിലൂടെ യാഥാർഥ്യമായതിന്റെ സന്തോഷത്തിലാണ് ഓമനയും ചന്ദ്രനും മകൾ രോഹിണിയും. ലൈഫിലൂടെ ലഭിച്ച നാലുലക്ഷം രൂപയായിരുന്നു വീടുനിർമ്മാണത്തിന് പ്രധാന ആശ്രയമായത്. സർക്കാരിനോടും വീട്ടിലെത്തിയ മുഖ്യമന്ത്രിയോടും നന്ദിയും കുടുംബം അറിയിച്ചു.

ഒൻപതുമണിയോടെ വീട്ടിലെത്തിയ മുഖ്യമന്ത്രി കുടുംബാംഗങ്ങൾക്ക് പ്രതീകാത്മക താക്കോൽ കൈമാറി ഗൃഹപ്രവേശന സമ്മാനം നൽകി. ചന്ദ്രനോടും ഓമനയോടും മകളോടും വിശേഷങ്ങൾ ചോദിച്ചശേഷം പാലുകാച്ചിന് സാക്ഷിയാകാൻ അടുക്കളയിലുമെത്തി. കാച്ചിയപാലും പഴവും മന്ത്രിമാർക്കും മറ്റുള്ളവർക്കും എടുത്തുനൽകിയ ശേഷം പഴം കഴിച്ചാണ് മുഖ്യമന്ത്രി വീട്ടിൽ നിന്നിറങ്ങിയത്.

# ആഗ്രഹം സഫലമായി: മണികണ്ഠനെ മുഖ്യമന്ത്രി സന്ദർശിച്ചു

ഭിന്നശേഷിക്കാരനായ കാച്ചാണി സ്വദേശി മണികണ്ഠനെ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിച്ചു. ലൈഫ് മിഷനിലൂടെ പൂർത്തീകരിച്ച വീടിന്റെ ഗൃഹപ്രവേശനത്തിനായി സമീപത്തുള്ള കരകുളത്ത് മുഖ്യമന്ത്രി എത്തുന്നതറിഞ്ഞാണ് മണികണ്ഠൻ കൂടിക്കാഴ്ചയ്ക്കുള്ള ആഗ്രഹം അറിയിച്ചത്. ജന്മനാ അരക്കുതാഴെ തളർന്ന മണികണ്ഠന്റെ ഇഷ്ടനേതാവാണ് മുഖ്യമന്ത്രി. മണികണ്ഠന്റെ വിശേഷങ്ങൾ ചോദിച്ചറിഞ്ഞ മുഖ്യമന്ത്രി സന്ദർശനം അതിവർഷ ദിനമാണെന്ന് ഓർമ്മിപ്പിച്ചു. തനിക്കു സമ്മാനിച്ച പുസ്തകം ഒപ്പിട്ട ശേഷം മണികണ്ഠനു തിരികെ നൽകിയാണ് മുഖ്യമന്ത്രി മടങ്ങിയത്. ശരിയായ ഉറച്ച നിലപാടുള്ള നേതാവായതിനാലാണ് മുഖ്യമന്ത്രി പിണറായി വിജയനെ ഇഷ്ടമെന്ന് മണികണ്ഠൻ പറഞ്ഞു. പറയുന്ന കാര്യങ്ങൾ നടപ്പാക്കുന്ന മുഖ്യമന്ത്രിയുടെ ശൈലിയാണ് തന്നെ ആകർഷിച്ചതെന്ന് മണികണ്ഠൻ പറഞ്ഞു.

സ്കൂളിൽ പോകാതെ എഴുത്തും വായനയും പഠിച്ച മണികണ്ഠന് ഇംഗ്ലീഷ്, മലയാളം പുസ്തകങ്ങളാണ് ഇഷ്ടം. സഞ്ചാര പരിമിതികളെ സോഷ്യൽ മീഡിയവഴി മറികടക്കുന്ന മണികണ്ഠൻ വിവിധ ഗ്രൂപ്പുകളിൽ സജീവ സാന്നിധ്യമാണ്. സാമൂഹ്യ കാര്യങ്ങളിൽ അഭിപ്രായം പങ്കുവയ്ക്കുന്ന മണികണ്ഠൻ നാട്ടുകാർക്കും പ്രിയങ്കരനാണ്.



### സർക്കാരിനൊപ്പം സുമനസുകളുടെ സഹായവും

# സൈനം ബീവിക്ക് ഭവനം സ്വന്തം






തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ തട്ടാറുകോണം വാർഡിൽ പാണംവിള തെക്കതിൽ വീട്ടിൽ സൈനംബീവിയും രണ്ട് പെൺമക്കളും ആറ് സെന്റ് വസ്തുവിൽ താൽക്കാലികമായി ഉണ്ടാക്കിയ ഷെഡിലായിരുന്ന താമസം. ഭർത്താവ് ഷറഫുദ്ദീൻ 10 വർഷം മുമ്പ് കാൻസർ രോഗം മൂലം മരണപ്പെട്ടു. മാനസിക വെല്ലുവിളി നേരിടുന്ന 30 വയസുകാരിയായ മകൾ ഷംന, 28 വയസുകാരിയായ ഹസീന എന്നീ പെൺമക്കളെ കൂലിപ്പണി ചെയ്താണ് സൈനം ബീവി വളർത്തിയത്. മക്കൾ രണ്ട് പേരും ബഡ്സ് സ്കൂളിൽ പഠിക്കുന്നു. ഇവർ താമസിച്ചിരുന്ന ഷെഡ് 2017 ലെ മഴക്കാലത്ത് തകർന്ന് പോയി. പിന്നീട് ബന്ധുക്കളുടെയും അയൽവാസികളുടെയും സഹായത്താലാണ് കഴിഞ്ഞത്. സൈനം ബീവിക്ക് ലൈഫ് ഭവനപദ്ധതി പ്രകാരം തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ നിന്ന് ഭവനം അനുവദിക്കുകയും ലൈഫ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ഒരുപിടി സുമനസുകളുടെ സഹായം ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് സഹായമായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 90 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി. ഗ്രാമപഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണത്തിനുള്ള താബൂക്ക് നൽകിയിരുന്നു. സാമ്പത്തികമായി സമൂഹത്തിന്റെ ഏറ്റവും പിന്നാക്കം നിൽക്കുന്ന സൈനംബീവിയുടെ കുടുംബത്തിന് അടച്ചുറപ്പുള്ള സ്വന്തമായ വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ലൈഫ് ഭവന പദ്ധതി മൂലം സാധിച്ചു. □

# സ്വന്തമായ വീട് സിനിക്ക് സ്വപ്നസാക്ഷാത്ക്കാരം





അഞ്ചു വർഷം മുൻപ് തൃശ്ശൂർ ഭർത്താവ് ഹൃദയാഘാതം മൂലം മരിച്ചു. പിന്നീട് പറക്കമുറ്റാത്ത രണ്ട് മക്കളെയും കൊണ്ട് ഒറ്റയ്ക്കായിരുന്ന താമസം. ഭാഗം വച്ച് ലഭിച്ച 3 1/4 സെന്റ് സ്ഥലവും നിലംപരിശായ വീടിന്റെ അവശിഷ്ടങ്ങളും മാത്രമായിരുന്ന ആകെ ഉള്ള സമ്പാദ്യം. വാടകയ്ക്ക് താമസിക്കാൻ വരുമാനമില്ലാത്തതിനാൽ സിനി പിതൃ ഭവനമായ വടക്കേകാട് കുറച്ചുനാൾ താമസിച്ചു. 5 പെൺമക്കളുള്ള കാൻസർ ബാധിതനായ പിതാവിന് സിനിയുടെ കുടുംബത്തെക്കൂടി സംരക്ഷിക്കാനാകുമായിരുന്നില്ല. ജീവിതം വഴിമുട്ടിയ സമയത്താണ് സിനിക്ക് വീടിന് അർഹതയുണ്ടെന്നും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഇവർക്ക് ലൈഫ് പദ്ധതിയിൽ വീട് നൽകാമെന്നും ഗ്രാമസേവകർ അറിയുന്നത്. ഇതിനെ തുടർന്ന് കരാർ വയ്ക്കുകയും ആദ്യ ഗഡു സിനിയുടെ അക്കൗണ്ടിലേക്ക് മാറിയിടുകയും ചെയ്തു. വളരെ പെട്ടന്ന് വീട് നിർമ്മാണം അവസാനിപ്പിക്കാനും തുടർ ഗഡു ലഭിക്കാനും ഇടയായി. ലൈഫ് പദ്ധതി പ്രകാരം ലഭിക്കുന്ന 4 ലക്ഷത്തിനു പുറമെ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും 90 ദിവസത്തെ വേതനം ലഭിക്കുകയും ചെയ്തു. സാമ്പത്തികമായി വളരെ പിന്നോക്കം നിന്നിരുന്ന സിനിയുടെ 'സ്വന്തമായ വീട്' എന്ന സ്വപ്നം സാക്ഷാത്ക്കരിച്ചു. □



# നാരായണിക്ക് ജീവിതവെളിച്ചമേകി ലൈഫ്





ചേലന്നൂർ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ താമസിക്കുന്ന ചലമ്പാട്ടിൽ നാരായണിയുടെ വീട് 2014-15 വർഷത്തെ IAY ഭവന പദ്ധതി പ്രകാരം ലഭിച്ചതായിരുന്നു. എന്നാൽ ഉയരമുള്ള സ്ഥലമായതിനാൽ പണിസാധനങ്ങൾ എത്തിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ പണി പൂർത്തിയാക്കാൻ സാധിക്കാതെ ഷെഡിൽ ആയിരുന്നു താമസം. ഭർത്താവ് നേരത്തെ തന്നെ ഉപേക്ഷിച്ചു പോയ നാരായണിക്ക് കൂലിപ്പണിക്കാരനായ മകനും വിവാഹിതയായ ഒരു മകളുമാണ് ഉള്ളത്. സ്ഥിരവരുമാനം ഇല്ലാത്തതും അടിക്കടി വരുന്ന രോഗങ്ങളും ഇവരുടെ ജീവിതം ദുസ്സഹമാക്കി. ഇതിനിടയിൽ പണിസ്ഥലത്തുണ്ടായ അപകടത്തിൽ മകൻ മരണപ്പെട്ടത് ഇവരുടെ ജീവിതം പൂർണ്ണമായും ഇരുട്ടിലാക്കി. ലൈഫ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി വീടുപണി പൂർത്തീകരിക്കാൻ സാധിച്ചപ്പോൾ ഇരുളടഞ്ഞ നാരായണിയുടെ ജീവിതത്തിൽ മാറ്റം പ്രകടമായി. □

# രാജുവിന് ലൈഫിലൂടെ ലഭിച്ചത് മനുഷ്യത്വത്തിന്റെ സ്നേഹവീട്





പയ്യാവൂരിലെ വാടകവീട്ടിലായിരുന്നു ഭസ്മക്കാട്ട് രാജുവും മൂന്ന് മക്കളും താമസിച്ചിരുന്നത്. ഇളയ മകൾക്ക് ഒരു മാസം പ്രായമുള്ളപ്പോൾ ഭാര്യ മരിച്ചു. പിന്നീട് കുട്ടികളുടെ അമ്മയും അച്ഛനും രാജുവാണ്. 2013 ൽ ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞ രാജു കഷ്ടപ്പെട്ടാണ് കുട്ടികളെ വളർത്തുന്നത്. ദിവസം രണ്ട് നേരം ഇൻസുലിനും എടുക്കണം. ശ്രീകണ്ഠാപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വാട്സാപ്പ് കൂട്ടായ്മ ഇവർക്ക് വീട് വച്ച് നൽകാനുള്ള പ്രവർത്തനമാരംഭിച്ചു. ജിജി പൂവത്തുംമണ്ണിൽ എന്ന സാമൂഹിക പ്രവർത്തകൻ തന്റെ മൂന്ന് സെന്റ് സ്ഥലം വിട്ടു നൽകി. എന്നാൽ ആരോഗ്യസ്ഥിതി മോശമായതിനാൽ വീടുപണി മുടങ്ങി പോവുകയായിരുന്നു. തുടർന്ന് ജിജിയുടെയും മറ്റും സഹകരണത്തോടെ 7 സെന്റ് സ്ഥലം പയ്യാവൂർ എൻഎസ്എസ് ഓഡിറ്റോറിയത്തിനു സമീപം വാങ്ങി നൽകുകയും ലൈഫ്മിഷൻ പദ്ധതിയിൽ ഈ വീട് പാസാക്കുകയും ചെയ്തു. വീട് പണിക്കുള്ള സാധനസാമഗ്രികൾ ഓരോരുത്തരും സംഭാവനയായി നൽകി. അങ്ങനെ രാജുവിനു ഉറവ വറ്റാത്ത മനുഷ്യത്വത്തിന്റെ സ്നേഹവീട് ഒരുങ്ങുകയായിരുന്നു. □



# രമ്യയും സനലും വീണ്ടും ജീവിത വഴിയിലേക്ക്...

കൈനകരി ഗ്രാമപഞ്ചായത്തിലെ ഉൾപ്രദേശങ്ങളിലൊന്നായ 5-ാം വാർഡിലാണ് രമ്യയും ഭർത്താവ് സനൽകുമാറും താമസിക്കുന്നത്. യാത്രാക്ലേശം ഏറെ അനുഭവിക്കുന്ന ഈ പ്രദേശത്തേക്ക് നടന്നോ വള്ളത്തിലോ മാത്രമേ എത്തിചേരാൻ സാധിക്കൂ. കാവാലം സ്വദേശിയായ രമ്യ 21-ാം വയസ്സിൽ ആണ് സനൽകുമാറിനെ വിവാഹം ചെയ്യുന്നത്. സ്വന്തമായി ഉണ്ടായിരുന്ന പെട്ടിക്കടയായിരുന്നു സനൽ കുമാറിന്റെ ഏക വരുമാന മാർഗ്ഗം. ആ കടയോട് ചേർന്ന് തന്നെയുള്ള ചെറിയ ഷെഡിലായിരുന്നു ഇരുവരുടെയും താമസം. വിവാഹം കഴിഞ്ഞ് മൂന്ന് വർഷം പിന്നിടും മുൻപ് സനൽകുമാറിന് പക്ഷാഘാതം മൂലം ശരീരത്തിന്റെ ഒരു ഭാഗം തളർന്നു, പരസഹായം കൂടാതെ എഴുന്നേറ്റ് നടക്കാൻ പോലും കഴിയാത്ത സ്ഥിതിയിലായി. ഇതിനിടയിലാണ് കുട്ടനാട്ടിൽ വർഷം തോറും ഉണ്ടാകാറുള്ള വെള്ളപ്പൊക്കത്തിൽ അവർ തമസിച്ചിരുന്ന ഷെഡിന് നാശനഷ്ടമുണ്ടാകുന്നത്. ഈ അവസരത്തിൽ അവർ ലൈഫ് ഭവനത്തിനായി അപേക്ഷ സമർപ്പിച്ചു. അപേക്ഷ നൽകി വളരെ പെട്ടന്ന് തന്നെ വീടിനുള്ള അനുമതി ലഭിക്കുകയും പണി വളരെ വേഗത്തിൽ പൂർത്തീകരിക്കുകയും ചെയ്തു. സനൽകുമാറും രമ്യയും ഇപ്പോൾ വെള്ളപ്പൊക്കത്തെ അതിജീവിക്കുന്ന പില്ലറിൽ നിർമ്മിച്ച അടച്ചുറപ്പുള്ള ഭവനത്തിലാണ് താമസിക്കുന്നത്. ഇപ്പോൾ പുതിയ വീട്ടിൽ കൈവരികൾ കെട്ടി പരസഹായം കൂടതെ സനൽകുമാർ നടന്ന് തുടങ്ങിയിരിക്കുന്നു... തങ്ങളുടെ പഴയ ജീവിതത്തിലേക്ക് ഏറെ വൈകാതെ തന്നെ തിരിച്ചു വരാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് ഇരുവരും. □



*കൊവിഡ് 19 പ്രതിരോധം സംബന്ധിച്ച് കൈറ്റ് - വിക്ടേഴ്സ് ചാനലിലൂടെ മുഖ്യമന്ത്രി പിണറായി വിജയൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് സന്ദേശം നൽകിയപ്പോൾ. മന്ത്രി എ.സി. മൊയ്തീൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല എന്നിവർ സമീപം.*

## കൊവിഡ് 19 പ്രതിരോധം:

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്ക്

■ **പിണറായി വിജയൻ**
**മുഖ്യമന്ത്രി**

ഞങ്ങൾ നിങ്ങൾ എന്ന നിലയിലല്ല; നാമൊന്നായി ഒറ്റക്കെട്ടായി ഒരേ മനസ്സായി ജനതയെ; ഈ തലമുറയെ; ഈ ലോകത്തെ സംരക്ഷിക്കാനുള്ള മുന്നേറ്റത്തിന് ഇറങ്ങുകയാണ്. നമുക്ക് ഇക്കാര്യത്തിൽ കൈകോർത്ത് പിടിക്കാം.

കോവിഡ്-19 വ്യാപനം അസാധാരണമായ ആരോഗ്യസുരക്ഷാ ഭീഷണിയാണ് ലോകത്താകെ ഉയർത്തിയിരിക്കുന്നത്. നമ്മുടെ രാജ്യവും സംസ്ഥാനവും അതിൽ നിന്ന് മുക്തമല്ല. കേരളത്തിൽ ഇന്നലെവരെ 27 പേർക്ക് രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. അതിൽ മൂന്ന പേർ രോഗത്തിൽ നിന്ന് മുക്തരായിട്ടുണ്ട്. കാൽ ലക്ഷത്തിലേറെ ആളുകൾ നിരീക്ഷണത്തിലാണ്. ഇതിൽ ബഹുഭൂരിപക്ഷവും വീടുകളിലാണ് നിരീക്ഷണത്തിലുള്ളത്.

ഓരോ നിമിഷവും ജാഗ്രത പാലിച്ചില്ലെങ്കിൽ കാര്യങ്ങൾ പിടിവിട്ടു പോകുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ മാത്രം കേന്ദ്രീകരിക്കേണ്ടതോ വിദഗ്ധരുടെ കൈകളിൽമാത്രം ഒതുങ്ങിനിൽക്കേണ്ടതോ അല്ല. സാഹചര്യങ്ങൾ അസാധാരണമാണ്. അസാധാരണമായ പ്രതിരോധ മാർഗ്ഗങ്ങളും നാം സ്വീകരിക്കേണ്ടതുണ്ട്. സമൂഹം ഒറ്റക്കെട്ടായി കൂട്ടായി നീങ്ങേണ്ടതുണ്ട്. നാം പുലർത്തുന്ന അതീവ ജാഗ്രതയുടെയും കരുതലിന്റെയും ഫലമായാണ് രോഗ പ്രതിരോധത്തിൽ ഇതുവരെ നമുക്ക് നിർണ്ണായകമായ മുന്നേറ്റം സാധ്യമായത്.

ആരോഗ്യ രംഗത്തെ ലോകോത്തര മാതൃകയുടെ അടിത്തറ നമ്മെ ഈ അതിജീവന പ്രവർത്തനങ്ങളിൽ കരുത്തരാകുന്നു. ഭീതിയോ സംഭ്രാന്തിയോ ഉണ്ടാകേണ്ട സാഹചര്യം നിലവിലില്ല എന്ന് പൊതുവെ പറയാം. അതിന്റെ അർത്ഥം ജാഗ്രതയിൽ കുറവ് വരാൻ പാടില്ല എന്നാണ്. ജാഗ്രതയിൽ ഒരു ചെറിയ പിഴവ് വന്നാൽ പോലും കാര്യങ്ങൾ വഷളാകും. നമ്മുടെ നാട്ടിലെ ജനജീവിതം സാധാരണഗതിയിൽതന്നെ മുന്നോട്ട് നീങ്ങേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഏറ്റവും വലിയ ഇടപെടൽ നടത്താനാകുന്നതും ഉത്തരവാദിത്തം നിർവ്വഹിക്കാനാകുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അവയിലെ ജനപ്രതിനിധികൾക്കും ഉദ്യോ

ഗസ്ഥർക്കുമാണ്.

നാട് ഒരു വലിയ പ്രതിസന്ധിയെ ആണ് അഭിമുഖീകരിക്കുന്നത്. ഈ ഘട്ടത്തിൽ മറ്റെല്ലാ പ്രവർത്തനങ്ങളും മാറ്റിവെച്ചുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയാണ് പൊതുപ്രവർത്തകർ എന്ന നിലയിലും ജനപ്രതിനിധികൾ എന്ന നിലയിലും മനുഷ്യർ എന്ന നിലയിലും നമ്മുടെ ഉത്തരവാദിത്വം.

അടിതൊട്ട് മുടിയോളം കുറ്റമറ്റ നിലയിൽ വളർത്തിക്കൊണ്ടുവന്ന ആരോഗ്യ സംരക്ഷണ മേഖലയാണ് നമുക്കുള്ളത്. ഗ്രാമതലം മുതൽ അർപ്പണ മനോഭാവത്തോടെ അണിചേരുന്ന ആരോഗ്യ പ്രവർത്തകരുണ്ട്. ഇതിനെയൊക്കെ വെല്ലുവിളിക്കുന്ന അവസ്ഥയാണ് ഇന്ന് നമ്മുടെ മുന്നിലുള്ളത്. ഒറ്റക്കെട്ടായി നടത്തിയ പ്രതിരോധ പ്രവർത്തനത്തിന്റെ ഫലമായാണ് ഇന്ന് ഈ രോഗബാധയെ വലിയൊരളവിൽ നിയന്ത്രിച്ചു നിർത്താൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ, ഇത് പൂർണ്ണമല്ല. മുന്നിലുള്ള ആദ്യത്തെ കടമ ജാഗ്രത ആണെങ്കിൽ രണ്ടാമത്തേത് ഒരു നിമിഷം പാഴാക്കാതെ, ഒരു പഴുതും അവശേഷിപ്പിക്കാതെ, ഒരു സാധ്യതയും ഒഴിവാക്കാതെയുള്ള നിരന്തരമായ ഇടപെടലാണ്.

## ഐസൊലേഷനിലല്ല കരുതലിൽ

സംസ്ഥാനത്ത് ഇന്ന് ഏതാണ്ട് ഇരുപത്തിയാറായിരത്തോളം പേർ വീടുകളിൽ ഐസൊലേഷനിൽ കഴിയുകയാണ്. യഥാർത്ഥത്തിൽ ഐസൊലേഷനിലല്ല കരുതലിൽ കഴിയുകയാണ്. നമ്മുടെ സഹോദരങ്ങൾ രോഗം ബാധിക്കാനുള്ള സാഹചര്യത്തിൽ പെട്ടുപോയതുകൊണ്ട് അവരെ സംരക്ഷിക്കാനും അവർക്ക് രോഗം വന്നാൽ അത് മറ്റുള്ളവരിലേക്ക് പടർന്നു പിടിക്കാതിരിക്കാനും ഉള്ള കരുതൽ നാം ഏറ്റെടുക്കുകയാണ്. അവരുടെ സംരക്ഷണം നമ്മുടെ, പ്രത്യേകിച്ച് പ്രാദേശിക ഭരണ സംവിധാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമായി മാറുകയാണ്. നമുക്ക് മുന്നിലുള്ള കടമ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്ന ആളുകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുക എന്നതാണ്.

അവർക്ക് നിരവധി ആവശ്യങ്ങൾ ഉണ്ടാകാം. ഭക്ഷണം, മരുന്ന് എന്നിങ്ങനെയുള്ള പ്രാഥമികമായ കാര്യങ്ങൾക്കൊന്നും ഒരു തടസ്സം വന്നുകൂടാ. നിരീക്ഷണത്തിൽ കഴിയേണ്ടിവരുന്നവർക്ക് ഒരുതരത്തിലുള്ള

**ജാഗ്രതയിൽ കുറവ് വരാൻ പാടില്ല. ജാഗ്രതയിൽ ഒരു ചെറിയ പിഴവ് വന്നാൽ പോലും കാര്യങ്ങൾ വഷളാകും. നമ്മുടെ നാട്ടിലെ ജനജീവിതം സാധാരണഗതിയിൽ തന്നെ മുന്നോട്ട് നീങ്ങേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഏറ്റവും വലിയ ഇടപെടൽ നടത്താനാകുന്നതും ഉത്തരവാദിത്തം നിർവ്വഹിക്കാനാകുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അവയിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമാണ്.**

പ്രയാസവും ഉണ്ടാകാതെ അവരുടെ സാധാരണ ജീവിതം ഉറപ്പാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും നിരന്തരമായ ഇടപെടലുകൾ ഉണ്ടാകണം.

നിരീക്ഷണത്തിൽ കഴിയുന്ന ആളുകൾ തടങ്കലിൽ അല്ല. നിരീക്ഷണത്തിൽ കഴിയുന്ന ആളുകൾ ചാടി പോകുന്ന അനുഭവങ്ങളും നമ്മുടെ മുന്നിലുണ്ട്. അത് അനുവദിക്കാനാവില്ല. ഏതെങ്കിലും തരത്തിൽ ബലംപ്രയോഗിച്ചു തടഞ്ഞുവെക്കാനല്ല പറയുന്നത്. സാമൂഹികമായ ജാഗ്രത ഉണ്ടെങ്കിൽ മാത്രമേ അത്തരം അനുഭവങ്ങൾ ഒഴിവാക്കാനാവൂ. സൗകര്യങ്ങളും സ്നേഹ പരിചരണവും നൽകുന്നതിനൊപ്പം അവർക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.

വൈറസ് വ്യാപനം പ്രതീക്ഷിക്കാത്ത തരത്തിൽ വർധിക്കാനുള്ള സാധ്യത വലുതാണ്. പ്രത്യേകിച്ച് സാമൂഹ്യ വ്യാപനം എന്ന രണ്ടാം ഘട്ടത്തിൽ. അത് തടയാനുള്ള ഉത്തരവാദിത്വവും പ്രധാനമായി പ്രാദേശിക ഭരണ സംവിധാനങ്ങൾക്കും ജനപ്രതിനിധികൾക്കും തന്നെയാണ്. സർക്കാർ നിരവധി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിരോധനങ്ങൾ ഉണ്ട്. ഇതൊക്കെ പ്രായോഗികമാകുന്നു എന്ന് ഉറപ്പുവരണമെങ്കിൽ ജനകീയമായ പരിശോധനാ സംവിധാനമുണ്ടാകണം.

വിവാഹവും ഉത്സവവും അതുപോലുള്ള മറ്റു പരിപാടികളും ആളുകളുടെ പങ്കാളിത്തം ചുരുക്കി നടത്താൻ നമ്മൾ പൊതുവിൽ തീരുമാനിച്ചു. അതിന്റെ ഫലമായി പലരും വിവാഹങ്ങൾ മാറ്റിവെച്ചു. പൊതുപരിപാടികൾ മാറ്റിവയ്ക്കപ്പെട്ടു. ആളുകൾ കാലേക്കൂട്ടി കല്യാണ മണ്ഡപങ്ങളും ഹാളുകളും ബുക്ക് ചെയ്യുന്നുണ്ട്. ചടങ്ങ് മാറ്റിയാൽ അഡ്വാൻസ് തുക തിരിച്ചു നൽകേണ്ടതുണ്ട്. അത് നൽകാതിരിക്കുന്നത് നീതിയല്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അഡ്വാൻസ് തുക തിരിച്ചു ലഭിക്കുമെന്ന് ഉറപ്പാക്കാനുള്ള ഉത്തരവാദിത്വം പ്രാദേശിക ഭരണസംവിധാനം നിർവഹിക്കണം.

ഒരു അടിയന്തര ഘട്ടം വരുമ്പോൾ പല കാര്യങ്ങളും പതിവിൽനിന്ന് വ്യത്യസ്തമായി കൈകാര്യം ചെയ്യേണ്ടി വരും. ഉദാഹരണത്തിന് ഭക്ഷ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കൽ ആണ്. ഇക്കാര്യത്തിൽ സർക്കാർ തന്നെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്തരം ഒരു ഘട്ടം വരുമ്പോൾ ചിലരെങ്കിലും പൂഴ്ത്തിവെപ്പ് പോലുള്ള തെറ്റായ പ്രവണതകൾ കാണിക്കും. അതില്ലാതിരിക്കാനുള്ള ഇടപടൽ നിങ്ങൾ നടത്തണം. മരുന്നുകളുടെ ലഭ്യതയാണ് മറ്റൊന്ന്. പ്രതിരോധ സാമഗ്രികളുടെ ലഭ്യതയും ഉറപ്പുവരുത്തണം.

മറ്റൊരു വിഷയം സംസ്ഥാനത്ത് ജോലിയെടുക്കുന്ന അതിഥി തൊഴിലാളികളുടേതാണ്. അവർക്ക് ഇപ്പോൾ തൊഴിൽ ലഭിക്കുന്നില്ല. അതുകൊണ്ട് അവർ കവലകളിൽ കൂട്ടം കൂടുന്നു. ഇത്തരം ഘട്ടങ്ങളിൽ രോഗവ്യാപന സാധ്യത വർദ്ധിപ്പിക്കുന്ന രീതിയിലുള്ള അനുഭവങ്ങൾ ഉണ്ടാകുന്നു. അത് തടയാനും അവരെ ബോധവൽക്കരിക്കാനും നാടിന്റെ പ്രതിരോധ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങണം.

## ബോധവൽക്കരണം

ബോധവൽക്കരണ പ്രവർത്തനം പ്രധാനപ്പെട്ട ചുമതലയാണ്. ഇതിൽ കൂടുതൽ പ്രാധാന്യം നൽകേണ്ടത് വയോജനങ്ങളുടെ സംരക്ഷണത്തിലാണ്. സാന്ത്വനചികിത്സയിൽ ഉള്ളവരോട് കൂടുതൽ കരുതൽ വേണം. ഇക്കാര്യത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്നവർക്ക് വലിയ പങ്ക് വഹിക്കാനാകും. അവരെ കൂടി പങ്കാളികളാക്കാൻ ശ്രദ്ധി

ക്കണം. തീരദേശവാസികൾ, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി അധ്വാനിക്കുന്നവർ, അതിഥി തൊഴിലാളികൾ ഇവരൊക്കെ പ്രത്യേക പരിഗണന അർഹിക്കുന്നവരാണ്. അവർക്കിടയിൽ അവബോധം സൃഷ്ടിക്കാനും കൂടുതൽ ആളുകളിൽ രോഗം പകരാതിരിക്കാനുള്ള ഇടപെടൽ നടത്താനും ശ്രദ്ധിക്കണം. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെതാണ് ബോധവൽക്കരണം ശക്തമായി നടക്കേണ്ട മേഖല. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യത്തിൽ പ്രത്യേകമായ കേന്ദ്രീകരണം തന്നെ വേണ്ടതുണ്ട്.

## 'ബ്രേയ്ക്ക് ദ ചെയിൻ'

'ബ്രേയ്ക്ക് ദ ചെയിൻ' എന്ന പേരിൽ നാമൊരു പ്രോട്ടോകോൾ തയ്യാറാക്കിയിട്ടുണ്ട്. വൈറസ് വ്യാപനത്തിന്റെ കണ്ണി അറുത്തു മാറ്റുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. മാളുകൾ, കടകൾ, ഓഫീസുകൾ, മാർക്കറ്റുകൾ, പൊതുഗതാഗത സംവിധാനങ്ങൾ തുടങ്ങിയവയിൽ രോഗവ്യാപനം തടയാനുള്ള അണുനശീകരണ പരിപാടിയാണിത്. അത് വിജയിപ്പിക്കുന്നതിനൊപ്പം നേരത്തെ സൂചിപ്പിച്ച ജനവിഭാഗങ്ങളിൽ പ്രതിരോധപ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്.

നമ്മുടെ സമൂഹത്തിലെ ടാക്സി, ഓട്ടോ ഡ്രൈവർമാർ, പാൽ, പത്ര വിതരണക്കാർ എന്നിങ്ങനെ കൂടുതൽ പൊതുജനസമ്പർക്കത്തിൽ ഏർപ്പെടുന്നവരിലും ആവശ്യമായ ബോധവൽക്കരണം നടത്തണം. അതുപോലെ എടിഎം മെഷീൻ ,ലിഫ്റ്റുകൾ തുടങ്ങിയവയിൽ വൈറസ് വ്യാപനത്തിന്റെ സാധ്യത കൂടുതലാണ്. അവിടങ്ങളിൽ സാനിറ്റൈസർ ഉപയോഗം ഉറപ്പാക്കണം.

മറ്റൊരു പ്രധാന കാര്യം പരിസര ശുചീകരണമാണ്. ഓഫീസുകൾ, പൊതുസ്ഥലങ്ങൾ, ബസ്റ്റാൻഡ്, മാർക്കറ്റ് മുതലായ സ്ഥലങ്ങൾ ഇവിടങ്ങളിലെ ശുചീകരണം പ്രാദേശിക ഭരണ സംവിധാനം ഉറപ്പാക്കണം. ഉപയോഗിച്ച മാസ്കുകൾ നശിപ്പിക്കണം. അതിന് സൗകര്യമൊരുക്കേണ്ടത് പ്രാദേശിക തലത്തിൽ തന്നെയാണ്. അവ അലക്ഷ്യമായി പുറത്തേക്ക് കളയുന്ന അവസ്ഥ ഒഴിവാക്കാൻ കളക്ഷൻ സെന്റർ സ്ഥാപിക്കുന്നതടക്കമുള്ള മാർഗങ്ങൾ തേടണം.

വിദേശത്തു നിന്നു വരുന്നവരെ സംബന്ധിച്ച വിവരങ്ങൾ സർക്കാർ മാർഗനിർദ്ദേശം അനുസരിച്ച് ആരോഗ്യവകുപ്പിനെ അറിയിക്കേണ്ടതാണ്. വിദേശ ടൂറിസ്റ്റുകളോട് അപമര്യാദയായി പെരുമാറുന്ന സംഭവങ്ങൾ ഉണ്ടാകരുത്. അത് നാടിന് അപമാനമുണ്ടാക്കുന്നതാണെന്ന് തിരിച്ചറിയണം.

നമ്മുടെ സംവിധാനത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമസഭയും അതിനു കീഴിലുള്ള സംവിധാനവുമുണ്ട്. അതിന്റെ പ്രവർത്തകർ വീടുകളുമായി ദൈനംദിനം ബന്ധം പുലർത്തണം. ഹെൽത്ത് കമ്മിറ്റികൾ, ആരോഗ്യ ജാഗ്രതാ സമിതികൾ, ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകരിച്ച എമർജൻസി റെസ്പോൺസ് ടീമുകൾ, അതുപോലുള്ള മറ്റേതെങ്കിലും പേരിലുള്ള സമിതികൾ. ഇവയുടെ പ്രവർത്തനം കൊറോണ വൈറസ് വ്യാപനം നിയന്ത്രിക്കാനുള്ള ഇടപെടലിലേക്ക് തിരിച്ചുവിടാനുള്ള ശ്രമം ബോധപൂർവം നടത്തേണ്ടതാണ്.

മറ്റൊരു സുപ്രധാന കാര്യം, അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തലാണ്. ഇക്കാര്യത്തിൽ സർക്കാർ ചില നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് അവശ്യ സാധന ലഭ്യത എല്ലാ വീടുകളിലും ഉറപ്പാക്കേണ്ടത് നാം തന്നെയാണ്. മെഡിക്കൽ സ്റ്റോറുകൾ ജനറിക് മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുകയും കൃത്രിമക്ഷാമം ഉണ്ടാകുന്നത് നിരീക്ഷിച്ച് ജില്ലാ കലക്ടർ അടക്കമുള്ള അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുകയും വേണം.ഓരോ പ്രദേശത്തും ലഭ്യമായ പ്രതിരോധ സംവിധാനങ്ങളെക്കുറിച്ചുള്ള വിവരം ശേഖരിച്ച് ലിസ്റ്റ് ചെയ്യാനുള്ള ചുമതല ഏറ്റെടുക്കണം.

> ചുമതലകൾ വിഭജിച്ച് നൽകണം. ബോധവൽക്കരണ പ്രവർത്തനം, പ്രോട്ടോകോൾ, പരിസരശുചിത്വം സംബന്ധിച്ച പ്രവർത്തനങ്ങൾ, തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങളുടെ മൊത്തമായ മോണിറ്ററിങ് ഇങ്ങനെ വേർതിരിക്കപ്പെടണം. ഓരോരുത്തർക്കും ഉത്തരവാദിത്വം ഏൽപ്പിച്ചു നൽകുകയും കൃത്യമായി നിർവഹിക്കപ്പെടുന്നു എന്ന് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയാണ് തദ്ദേശസ്ഥാപനങ്ങളുടെ പൊതുവായ ചുമതല.

ഈ വൈറസ് കൂടുതൽ അപകടകരമാകുന്നത് പ്രായമായവരിലാണ്. പ്രത്യേകിച്ച് അനുബന്ധ രോഗമുള്ളവരിൽ. ഓരോ പഞ്ചായത്തിലും 60 വയസ്സിൽ കൂടുതൽ ഉള്ളവരുടെ ഡാറ്റാ മാപ്പ് രൂപത്തിൽ ലഭ്യമാണ്. വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ആശാവർക്കർ, അങ്കണവാടി വർക്കർ, ജെപിഎച്ച്എൻ / ജെഎച്ച്ഐ, ആരോഗ്യസേനാ പ്രവർത്തകർ, സ്ഥലത്ത് താമസമുള്ള സർക്കാർ ഉദ്യോഗസ്ഥർ എന്നിങ്ങനെ 15 പേരടങ്ങുന്ന കമ്യൂണിറ്റി ഗ്രൂപ്പ് രൂപീകരിക്കണം. ഓരോ വാർഡിലും കിടപ്പു രോഗികളും മറ്റു രോഗങ്ങൾ ഉള്ളവരുമായ വയോജനങ്ങൾ എവിടെ താമസിക്കുന്നു, അവരുടെ ഫോൺ നമ്പർ എന്നിവ ഗ്രൂപ്പിന് ശേഖരിക്കാം. പെട്ടെന്ന് വൈദ്യസഹായം ആവശ്യമായി വന്നാൽ ആശുപത്രിയിൽ കിടക്ക ഉറപ്പാക്കൽ, ആംബുലൻസ് ലഭ്യമാക്കൽ എന്നിവ കമ്യൂണിറ്റി ഗ്രൂപ്പിന് കൃത്യമായി നടപ്പാക്കാവുന്ന കാര്യമാണ്.

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ വൈകുന്നേരം വരെ ഒ.പി. ഉറപ്പാക്കാൻ ഒരു ഡോക്ടറുടെ സേവനം കൂടി ലഭ്യമാക്കണം. കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിക്കുന്നതടക്കം അതിനാവശ്യമായ കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യണം.

## കമ്യൂണിറ്റി വളൻറിയർമാർ

വീടുകളിലെത്തി കൗൺസലിങ് ചെയ്യുന്നതിന് കമ്യൂണിറ്റി വളൻറിയർമാരെ നാം നിയോഗിക്കുന്നുണ്ട്. ഭക്ഷണം വിതരണം ചെയ്യുന്നതിനും അവശ്യ മരുന്നുകൾ നൽകുന്നതിനുമുള്ള ചുമതല അവർക്കു നൽകണം. ആശുപത്രികൾ പൊതു ഉടമസ്ഥതയിലുള്ളതായാലും സ്വകാര്യ ഉടമസ്ഥതയിലുള്ളതായാലും കൃത്യമായ ലിസ്റ്റ് ഉണ്ടാകണം. ഐസിയുവിന്റെ വിശദാംശം, കിടക്കകളുടെ എണ്ണം, വെൻറിലേറ്റർ സൗകര്യം എന്നിവ സംബന്ധിച്ച പൂർണ വിവരം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കൈയിൽ ഉണ്ടാകണം.

അടുത്ത ഘട്ടത്തിൽ വന്നേക്കാവുന്ന ഒരു പ്രശ്നം നിരീക്ഷണത്തിനുള്ള ആളുകളെ താമസിപ്പിക്കാനുള്ള സൗകര്യത്തിന്റെ അപര്യാപ്തതയാണ്. അവർക്ക് താമസി

ക്കാനുള്ള സൗകര്യങ്ങൾ നാം കണ്ടെത്തേണ്ടതുണ്ട്. ഹോസ്റ്റൽ ഉണ്ടാകാം; സർക്കാർ സ്വകാര്യ ഉടമസ്ഥതയിലുള്ള കോളേജുകളും സ്കൂളുകളും ഉണ്ടാകാം. അത്തരം സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കണം. അതോടൊപ്പം അവയിലെ സൗകര്യങ്ങളെക്കുറിച്ചുള്ള ധാരണയുമുണ്ടാകണം. അത് പ്രാദേശികതലത്തിൽ തയ്യാറാക്കണം.

വലിയ ഉത്തരവാദിത്വമാണ് നാം ഏറ്റെടുക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പൊതുവായുള്ള ഉത്തരവാദിത്വവും വാർഡിന്റെയും വാർഡ് അംഗത്തിന്റെയും ഉത്തരവാദിത്വവും വേർതിരിച്ച് കാണണം. ഓരോ ആൾക്കും ഓരോ സ്ഥാപനത്തിനുമുള്ള ഉത്തരവാദിത്വം നിർവചിച്ച് നിറവേറ്റാൻ ആവശ്യമായ സാഹചര്യമാണ് ഒരുക്കേണ്ടത്.

ചുമതലകൾ വിഭജിച്ച് നൽകണം. ബോധവൽക്കരണ പ്രവർത്തനം, പ്രോട്ടോകോൾ, പരിസരശുചിത്വം സംബന്ധിച്ച പ്രവർത്തനങ്ങൾ, തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങളുടെ മൊത്തമായ മോണിറ്ററിങ് ഇങ്ങനെ വേർതിരിക്കപ്പെടണം. ഓരോരുത്തർക്കും ഉത്തരവാദിത്വം ഏൽപ്പിച്ചു നൽകുകയും കൃത്യമായി നിർവഹിക്കപ്പെടുന്നു എന്ന് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുകയാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പൊതുവായ ചുമതല. എല്ലാ പ്രതിരോധ പ്രവർത്തനങ്ങളുടെയും ദൈനംദിന മോണിറ്ററിങ് ചുമതല സ്ഥാപനങ്ങളുടെ അധ്യക്ഷൻമാരാണ് ഏറ്റെടുക്കേണ്ടത്. ടീമുകളുടെയും കമ്മിറ്റികളുടെയും പ്രവർത്തനങ്ങളുടെയും മോണിറ്ററിങ് അവർ തന്നെ ഏറ്റെടുക്കണം.

ലഭിക്കുന്ന വിവരങ്ങളുടെയും സമാഹരിക്കുന്ന കാര്യങ്ങളുടെയും കൃത്യത ഉറപ്പാക്കണം. പരാതികൾ നിരവധി ഉയർന്നേക്കാം. അവ പരിഹരിക്കുന്ന സംവിധാനം ഉണർന്നിരിക്കണം. ദിനംപ്രതി വരുന്ന വിവരങ്ങൾ അന്തിമമാക്കി അധികൃതരെ അറിയിക്കുന്നതിനായി സമാഹരണം ഉറപ്പാക്കുന്നതും പ്രാദേശിക ഭരണസമിതി അധ്യക്ഷൻമാരുടെ ചുമതലയാണ്.

ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷന്മാർക്ക് പരിസര ശുചീകരണത്തിന്റെയും വീടുകളിലെ നിരീക്ഷണത്തിന്റെയും ചുമതല കൂടി ഉണ്ട്. ഇതേ കാര്യങ്ങളുടെ വാർഡ്തല ചുമതല മെമ്പർമാർ ഏറ്റെടുക്കണം. അതിനു പുറമെ പ്രത്യേകം നിയോഗിക്കപ്പെട്ട കമ്മിറ്റികളുടെ പ്രവർത്തനത്തിന്റെ നേതൃത്വവും അവർ നിറവേറ്റണം.

ജനപ്രതിനിധികൾക്കൊപ്പം അതേ പ്രതിബദ്ധതയോടെ ചുമതല നിർവഹിക്കേണ്ടവരാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ. ഈ സംവിധാനങ്ങളെല്ലാം കൃത്യമായി പ്രവർത്തിക്കുന്നു, ഉത്തരവാദിത്വങ്ങൾ എല്ലാ ഉദ്യോഗസ്ഥരും ഏറ്റെടുത്ത് നടപ്പാക്കുന്നു എന്നുറപ്പുവരുത്തേണ്ടത് സെക്രട്ടറിമാരാണ്.

ഉദ്യോഗസ്ഥതലത്തിൽ ഉത്തരവാദിത്തങ്ങൾ നിർവചിച്ചു നൽകുന്നതും കൃത്യമായ ഫോർമാറ്റിൽ റിപ്പോർട്ട് ചെയ്യുന്നതും അടിയന്തര ശ്രദ്ധ പതിയേണ്ട പുതിയ വിഷയങ്ങളെക്കുറിച്ച് വിവരങ്ങൾ കൈമാറുന്നതും സെക്രട്ടറിമാരുടെ ചുമതലയാണ്. അങ്കണവാടി കുട്ടികൾക്ക് ഭക്ഷണം വീടുകളിൽ എത്തിക്കുക തുടങ്ങിയ കാര്യങ്ങൾ കണ്ടറിഞ്ഞ് ചെയ്യണം.

## കൊറോണ കെയർ സെൻററുകൾ

കൊറോണക്കെതിരായ പ്രതിരോധ ആയുധമായ മരുന്ന് കണ്ടുപിടിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കേരളത്തിന്റെ ആരോഗ്യ മേഖലയ്ക്ക് താങ്ങാവുന്നതിനപ്പുറമുള്ള അവസ്ഥ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടത് ഓരോ ജനപ്രതിനിധിയുടെയും കടമയാണ്. കൊറോണ കെയർ സെൻററുകൾ സ്ഥാപിക്കുവാൻ വ്യക്തമായ തന്ത്രം ആസൂത്രണം ചെയ്യുന്നുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ നാടിനെ സംരക്ഷിക്കുക എന്ന അതിപ്രധാനമായ കർത്തവ്യമാണ് കാലം നമ്മളോട് ഏറ്റെടുക്കാൻ ആവശ്യപ്പെടുന്നത്. അത് നാം ആരെങ്കിലും തനിയെ ചെയ്തു തീർക്കേണ്ടതല്ല. നമ്മൾ ഒറ്റക്കെട്ടായി, ഒരേ മനസ്സായി, മറ്റെല്ലാ ചിന്തകളും മറ്റെല്ലാ ഭിന്നതകളും മാറ്റിവെച്ച് ഏറ്റെടുക്കേണ്ടതാണ്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നമ്മുടെ തിളക്കമാർന്ന പാരമ്പര്യത്തിനും കൂട്ടായ്മയ്ക്കും ഈ പ്രതിസന്ധി മുറിച്ചു കടക്കാൻ കഴിയും.

ഞങ്ങൾ നിങ്ങൾ എന്ന നിലയിലല്ല; നാമൊന്നായി ഒറ്റക്കെട്ടായി ഒരേ മനസ്സായി ജനതയെ; ഈ തലമുറയെ; ഈ ലോകത്തെ സംരക്ഷിക്കാനുള്ള മുന്നേറ്റത്തിന് ഇറങ്ങുകയാണ്. നമുക്ക് ഇക്കാര്യത്തിൽ കൈകോർത്ത് പിടിക്കാം. പുതിയ മാതൃക സൃഷ്ടിക്കാം. ഐക്യത്തിന്റെ ദുർഗം തീർക്കാം. കേരളം ഒറ്റക്കെട്ടാണ്. കൊവിഡ് ബാധയെ പിടിച്ചുനിർത്തി എന്ന അഭിമാനകരമായ നേട്ടം കരസ്ഥമാക്കാൻ നമുക്ക് എല്ലാം മറന്ന് പ്രവർത്തിക്കാം. □

*(കൊവിഡ് 19 പ്രതിരോധം സംബന്ധിച്ച് കൈറ്റ് - വിക്ടേഴ്സ് ചാനലിലൂടെ മുഖ്യമന്ത്രി പിണറായി വിജയൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് നൽകിയ സന്ദേശത്തിൽ നിന്ന്)*

## കോവിഡ്: തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവായി

സംസ്ഥാനത്ത് കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവിറക്കി. വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് വിപുലമായ ക്യാമ്പയിൻ തദ്ദേശ സ്ഥാപനങ്ങൾ വീടു വീടാന്തരം സംഘടിപ്പിക്കണം. വയോജന ബോധവത്കരണത്തിന് പ്രത്യേക ശ്രദ്ധ നൽകണം. ഇതിനായി സ്നേഹിത കാളിംഗ് ബെൽ, വയോക്ലബ്, വയോജന അയൽക്കൂട്ടം, വയോമിത്രം തുടങ്ങിയവയുടെ സേവനം പ്രയോജനപ്പെടുത്തണം. ഇതര സംസ്ഥാന തൊഴിലാളികൾ അടക്കമുള്ളവരെ ബോധവത്കരിക്കുന്നതിനായി കുടുംബശ്രീ സംവിധാനം പ്രയോജനപ്പെടുത്തണം. രോഗം പകരുന്നത് തടയുന്നതിനുള്ള സാധനസാമഗ്രികൾ രോഗിയുടെ കുടുംബത്തിന് ആവശ്യമെങ്കിൽ വാങ്ങി നൽകണം. പരിചരണത്തിന് സഹായിയെ ലഭ്യമാക്കേണ്ടിവന്നാൽ ആവശ്യമായ ക്രമീകരണം ചെയ്യണം. ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/ വികസന ഫണ്ടിൽ നിന്ന് ലഭ്യമാക്കുന്നതിന് വകുപ്പ് അനുമതി നൽകി.

*(സ.ഉ. (സാധാ) നം 620/2020/തസ്വഭവ, തീയതി 14.03.2020)*



# നാടിന് ആഘോഷമായി പഞ്ചായത്ത് ദിനം

**ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവ് ബൽവന്ത് റായ് മേത്തയുടെ ജന്മദിനം (ഫെബ്രുവരി 19) പഞ്ചായത്ത് ദിനമായി വയനാട് ജില്ലയിൽ സമുചിതമായി ആചരിച്ചു**

ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവ് ബൽവന്ത് റായ് മേത്തയുടെ ജന്മദിനം (ഫെബ്രുവരി 19) പഞ്ചായത്ത് ദിനമായി വയനാട് ജില്ലയിൽ സമുചിതമായി ആചരിച്ചു. ഫെബ്രുവരി 17, 18, 19 ദിവസങ്ങളിലായി നടന്ന ആഘോഷ പരിപാടികളുടെ ഔപചാരിക ഉദ്ഘാടനം 18ന വൈത്തിരി വില്ലേജ് റിസോർട്ടിൽ ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് നിർവഹിച്ചു. തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി എ.സി. മൊയ്തീൻ അദ്ധ്യക്ഷനായിരുന്നു. ആരോഗ്യ വകുപ്പ് മന്ത്രി കെ. കെ. ശൈലജ ടീച്ചർ, കാർഷിക വികസന കർഷക ക്ഷേമവകുപ്പ് മന്ത്രി അഡ്വ. വി എസ്. സുനിൽകുമാർ, ഗതാഗത വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ, ജലസേചന വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി.

എം.എൽ.എമാരായ സി.കെ. ശശീന്ദ്രൻ, ഐ.സി. ബാലകൃഷ്ണൻ, ഒ.ആർ. കേളു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബി. നസീമ, ജില്ലാ കളക്ടർ ഡോ. അദീല അബ്ദുള്ള, പഞ്ചായത്ത് ഡയറക്ടർ ഇൻ ചാർജ്ജ് എം.പി. അജിത് കുമാർ, കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, കില മുൻ ഡയറക്ടർ പി.പി. ബാലൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ. സുഭാഷ്, ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ വി.വി. രമേശൻ, കെ.ജി.പി.എ. പ്രസിഡന്റ് തുളസി ടീച്ചർ, കെ.ജി.പി.എ. ജനറൽ സെക്രട്ടറി പി. വിശ്വംഭര പണിക്കർ, കെ.ജി.പി.എ മുൻ പ്രസിഡന്റ് പി.ടി മാത്യു, കെ.ജി.പി.എ. മുൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, കെ.ജി.പി.എ. സെക്രട്ടറി എച്ച്. മുഹമ്മദ് നിയാസ്, ഡി.ഡി.പി. പി.എസ്. ടിമ്പിൽ മാഗി തുടങ്ങിയവർ സംസാരിച്ചു.

അന്നേ ദിവസം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സാമ്പത്തിക സ്വയം പര്യാപ്തതയും" എന്ന വിഷയത്തിൽ സംസ്ഥാന



ധനകാര്യ കമ്മീഷൻ ചെയർമാനും മുൻ ചീഫ് സെക്രട്ടറിയുമായ എസ്. എം. വിജയാനന്ദ് പ്രഭാഷണം നടത്തി. ഉച്ചയ്ക്ക് ശേഷം "ദുരന്തനിവാരണ പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും" എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി വി. വേണു ഐ.എ.എസ്. വിഷയാവതരണം നടത്തി. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ശാരദാ മുരളീധരൻ മോഡറേറ്ററായിരുന്നു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു. 25 വർഷം ജനപ്രതിനിധിയായി സേവനമനുഷ്ഠിച്ചവരെയും ചടങ്ങിൽ ആദരിച്ചു.

19ന് നടന്ന പ്രതിനിധി സമ്മേളനം മന്ത്രി എ. സി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ ഉന്നയിച്ച ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മന്ത്രിയും വിവിധ വകുപ്പ് മേധാവികളും മറുപടി നൽകി. കെ.സി. ജോസഫ് എം.എൽ.എ. സന്നിഹിതനായിരുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് കെ.ജി.പി.എ. സംസ്ഥാന പ്രസിഡന്റ് അഡ്വ. കെ. തുളസിഭായ് ടീച്ചറുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനത്തിൽ 2019 വർഷത്തെ മികച്ച ത്രിതല പഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫിയും വിശിഷ്ട സേവനത്തിനുള്ള പുരസ്കാര വിതരണവും നടന്നു. ഡോ.എം.കെ. മുനീർ എം.എൽ.എ. സംബന്ധിച്ചു.

ദിനാഘോഷത്തിന് മാറ്റ് കൂട്ടുന്നതിനായി ഫെബ്രുവരി17മുതൽ കൽപ്പറ്റ എസ്.കെ.എം.ജെ. സ്കൂൾ ഗ്രൗണ്ടിൽ എക്സിബിഷൻ സംഘടിപ്പിച്ചിരുന്നു. സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും വിവിധ മിഷനുകളുടെയും വികസന മാതൃകകളുടെയും വൈവിധ്യമാർന്ന ഉൽപന്നങ്ങളുടെയും 54 സ്റ്റാളുകളിലായുള്ള പ്രദർശനം വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ദിനാഘോഷ പ്രതിനിധികൾക്കും അറിവും കൗതുകവും പകർന്നു. അന്നേ ദിവസം "നവകേരള നിർമ്മിതിയും സ്ത്രീ മുന്നേറ്റവും" എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി. എൻ. സീമ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ 19 ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് തലത്തിലും 4 ബ്ലോക്ക് കേന്ദ്രങ്ങളിൽ ബ്ലോക്ക് തലത്തിലും ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ സെമിനാറുകളും സംഘടിപ്പിച്ചിരുന്നു.

ഗൗരവമേറിയ സെമിനാറുകൾക്കും ചർച്ചകൾക്കും അവതരണങ്ങൾക്കും ഒപ്പം ആഘോഷ പരിപാടികളുടെ ഭാഗമായി സംഗീതസന്ധ്യ, കല്ലേ ഗോത്രകലാസംഘം അവതരിപ്പിച്ച ഗോത്രകലകൾ, കുടുംബശ്രീ വയനാടിന്റെ ശിങ്കാരിമേളം, മിമിക്സ് ഷോ, കരോക്കെ, നാടൻപാട്ട് കലാമേള, വയലിൻ ഫ്യൂഷൻ, ഗാനമേള, വിവിധ കലാപ്രകടനങ്ങൾ എന്നിവയും നടത്തുകയുണ്ടായി.

ദിനാഘോഷത്തോടനുബന്ധിച്ച് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലെയും ഒരു ജനപ്രതിനിധിയെയും ഒരു ജീവനക്കാരനെയും ജീവനക്കാരനെയും പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും, ഭരണഘടന, നവകേരള മിഷനുകൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തി. കൂടാതെ സംസ്ഥാനത്തെ പഞ്ചായത്ത് ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും ഷട്ടിൽ ബാഡ്മിന്റൺ, ചെസ് മത്സരങ്ങളും ജില്ലയിലെ ജീവനക്കാരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി വടംവലി മത്സരങ്ങളും വിജയകരമായി സംഘടിപ്പിച്ചിരുന്നു.

# തദ്ദേശസ്ഥാപനങ്ങൾ 21000 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കും

## മന്ത്രി എ.സി. മൊയ്തീൻ



സംസ്ഥാനത്ത് ഈ വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 21000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷത്തിന്റെ വിവിധ സമ്മേളനങ്ങളിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്ന അദ്ദേഹം. പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡ് വികസനത്തിനായി 1000 കോടി രൂപയുടെ പദ്ധതികളും നടപ്പാക്കും. പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന മേഖലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെകൂടി ഇടപെടലുകൾ ഊർജ്ജിതപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു. നവകേരള മിഷനിലൂടെ സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുന്നത് ജനങ്ങളുടെ അടിസ്ഥാന വിഷയങ്ങളാണ്. സർക്കാർ പ്രഖ്യാപിക്കുന്ന ഇത്തരം വികസന പദ്ധതികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ലക്ഷ്യ ബോധത്തോടെ ഏറ്റെടുക്കണം. ലൈഫ് മിഷൻ പദ്ധതിയിലൂടെ സാധാരണക്കാർക്ക് പാർപ്പിടത്തിനൊപ്പം ഗ്രാമീണ മേഖലകളിൽ തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പ്രാദേശിക വികസനത്തിന് സഹായകരമാകുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണം. നിക്ഷേപ സൗഹൃദ അന്തരീക്ഷം പഞ്ചായത്തുകളിൽ സൃഷ്ടിക്കണം. സംരംഭകർക്ക് ആവശ്യമായ ലൈസൻസ് നൽകുന്നതിൽ മനുഷ്യത്വപരമായ സമീപനം പുലർത്തണമെന്നും മന്ത്രി പറഞ്ഞു.

### തദ്ദേശ സ്ഥാപനങ്ങൾ പുതിയ വെല്ലുവിളികൾ ഏറ്റെടുക്കണം

പുതിയ കാലത്തെ വെല്ലുവിളികൾ ഏറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണമെന്ന് മന്ത്രി പറഞ്ഞു. തദ്ദേശ സ്ഥാപനങ്ങളിലെ ഭരണ സമിതി അവസാന വർഷത്തിലേക്ക് കടക്കുകയാണ്. പദ്ധതി ആസൂത്രണ പ്രവർത്തനങ്ങളിൽ അലംഭാവം കാണിക്കരുത്. വരുന്ന സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികൾ പ്രാദേശിക പ്രശ്നങ്ങളെ അതിജീവിക്കുന്ന തരത്തിലാവണം രൂപീകരിക്കേണ്ടത്. വിവിധ വകുപ്പുകളുടെ ഫണ്ടുകൾ സംയോജിപ്പിച്ച് പദ്ധതികൾ തയ്യാറാക്കുന്നതിന്റെ സാധ്യത ഉപയോഗപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു.

മാലിന്യ സംസ്കരണ വിഷയങ്ങളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും കൂടുതൽ ഇടപെടലുകൾ വേണം. ദുരന്ത നിവാരണ ആക്ഷൻ പ്ലാനുകളിൽ കൃത്യമായ പ്രാദേശിക അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. അനുഭവങ്ങളുടെ വെളിച്ചത്തിൽ വെല്ലുവിളികളെ ഏറ്റെടുക്കാനുള്ള ചുമതലകളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത്. പദ്ധതി പണം ചെലവഴിക്കുന്നത് സാമൂഹ്യ, സാമ്പത്തിക പുരോഗതിക്ക് മുതൽക്കൂട്ടാവണം. പദ്ധതി നിർവഹണത്തിൽ മികച്ച നേട്ടമാണ് കഴിഞ്ഞ വർഷം സംസ്ഥാനത്തുണ്ടായതെന്നും മന്ത്രി പറഞ്ഞു. തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

സമ്മേളനത്തിന്റെ വിവിധ സെഷനുകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രിയാത്മകമായി പരിഗണിക്കുമെന്ന് മന്ത്രി അറിയിച്ചു. □

സംസ്ഥാനത്തിന്റെ വിവിധ മേഖലകളുടെ വികസനം ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പന്ത്രണ്ടിന പദ്ധതികൾ നടപ്പാക്കുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞു. സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം വൈത്തിരി റിസോർട്ടിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനകീയാസൂത്രണത്തിന്റെ രജതജൂബിലിയുടെ ഭാഗമായി സംസ്ഥാന ബജറ്റിൽ 21000 കോടി രൂപ തദ്ദേശ സ്ഥാപനങ്ങൾക്കായി നീക്കി വെച്ചിട്ടുണ്ട്. പ്രാദേശിക ഭരണത്തിലും നാടിന്റെ വികസനത്തിലും ജനപങ്കാളിത്തം ഉറപ്പു വരുത്തുകയാണ് ലക്ഷ്യം.

വിശപ്പ് രഹിത കേരളം പദ്ധതിയിൽ ഓണത്തിന് മുമ്പ് ആയിരം ഭക്ഷണശാലകൾ തുറക്കും. ഈ കേന്ദ്രങ്ങളിൽ 25 രൂപയ്ക്ക് ഊണ് ലഭ്യമാകും. പത്ത് ശതമാനം ഊണ് സൗജന്യമായി നൽകും. പഞ്ചായത്തിൽ ഒന്ന് വീതവും നഗരങ്ങളിൽ പത്ത് വാർഡിന് ഒന്ന് വീതവുമാണ് ഭക്ഷണശാലകൾ ഒരുങ്ങുക. വയോജനങ്ങൾക്കുള്ള വിശ്രമത്തിനും വിനോദത്തിനുമായി അയ്യായിരം വയോ ക്ലബ്ബുകൾ തുടങ്ങും. ഗ്രാമപഞ്ചായത്തിൽ മൂന്നും നഗരങ്ങളിൽ 10 വാർഡിന് ഒരെണ്ണമെന്ന തോതിലും കേന്ദ്രങ്ങൾ ഒരുക്കും. നിലവിലുള്ള വായനശാലകളും വാടക വീടുകളുമാണ് ഇതിനായി ഉപയോഗപ്പെടുത്തുക. ഓണത്തിന് മുമ്പ് 500 ഗ്രാമപഞ്ചായത്തുകളും 50 നഗരങ്ങളും സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കാൻ ലക്ഷ്യമിടുന്നു. മാലിന്യം സ്രോതസ്സിൽ തന്നെ വേർതിരിക്കും. ജൈവമാലിന്യം വീട്ടിലോ സമീപത്തോ സംസ്കരിക്കും. കടകളിലെ മാലിന്യം സംസ്കരിക്കാനും ശേഖരിക്കാനും പ്രത്യേക സംവിധാനമൊരുക്കും. എല്ലാ തദ്ദേശ സ്ഥാപനങ്ങളും സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കാനുള്ള പ്രൊജക്ട് ഉൾപ്പെടുത്തേണ്ടതാണെന്ന് മന്ത്രി നിർദ്ദേശിച്ചു.

### സംസ്ഥാനത്ത് 12000 പൊതു ടോയ്‌ലറ്റുകൾ

സംസ്ഥാനത്ത് 12000 പൊതു ടോയ്‌ലറ്റുകൾ സ്ഥാപിക്കും. പഞ്ചായത്തുകളിൽ ഒന്ന്, നഗരസഭകളിൽ രണ്ട്, കോർപ്പറേഷനുകളിൽ അഞ്ച് എന്നിങ്ങനെയാണ് ഇവ ക്രമീകരിക്കുക. വിശ്രമ സ്ഥലം,

# തദ്ദേശ സ്ഥാപനങ്ങൾ വഴി പന്ത്രണ്ടിന പദ്ധതികൾ നടപ്പാക്കും

## മന്ത്രി ഡോ. ടി.എം. തോമസ് ഐസക്

കുടിവെള്ളം, നാപ്കിൻ വെൻഡിംഗ് സംവിധാനം എന്നിവ ഇവിടെ ഒരുക്കും. പെട്രോൾ പമ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ചായിരിക്കും ടോയ്‌ലെറ്റുകൾ സജ്ജമാക്കുക. കേന്ദ്രീകൃത സെപ്‌റ്റേജ് സംവിധാനം ഒരുക്കുന്ന തദ്ദേശസ്ഥാപനങ്ങൾക്ക് അഞ്ച് കോടി രൂപ പ്രത്യേക വികസന ഗ്രാന്റായി സർക്കാർ നൽകും. സ്ഥല സൗകര്യവും ജനസമ്മിതിയും ഉറപ്പ് വരുത്തണം.

സംസ്ഥാനത്ത് 82000 കി.മീ തോടുകൾ ശുചീകരിക്കും. ഇതിൽ 20000 കിലോമീറ്റർ ജൂണിന് മുമ്പ് ശുചിയാക്കാൻ ലക്ഷ്യമിടുന്നു. തൊഴിലുറപ്പ് പദ്ധതിയെ ഇതിലേക്കായി കൂട്ടി യോജിപ്പിക്കും. ഓരങ്ങളുടെ സംരക്ഷണത്തിന് കയർ ഭൂവസ്ത്രം ഉപയോഗിക്കും. പ്രതിവർഷം ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കും. പച്ചത്തുരുത്തുകൾ, പൊതു സ്ഥലങ്ങൾ എന്നിവ ഇതിനായി ഉപയോഗിക്കും. പുരയിടങ്ങളിലും തൈകൾ നടാം. മൂന്ന് വർഷത്തെ പരിപാലനം ഉറപ്പാക്കിയാണ് പദ്ധതി തയ്യാറാക്കുക. കൃഷി വകുപ്പിന്റെ ജീവനി പദ്ധതി വഴിയും കുടുംബശ്രീയുടെ 20000 ഹെക്ടർ പദ്ധതി വഴിയും ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കും.


**വിശപ്പ് രഹിത കേരളം പദ്ധതിയിൽ ഓണത്തിന് മുമ്പ് ആയിരം ഭക്ഷണശാലകൾ തുറക്കും. ഈ കേന്ദ്രങ്ങളിൽ 25 രൂപയ്ക്ക് ഊണ് ലഭ്യമാക്കും. പത്ത് ശതമാനം ഊണ് സൗജന്യമായി നൽകും. പഞ്ചായത്തിൽ ഒന്ന് വീതവും നഗരങ്ങളിൽ പത്ത് വാർഡിന് ഒന്ന് വീതവുമാണ് ഭക്ഷണശാലകൾ ഒരുങ്ങുക**

അയ്യായിരം പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങും. പ്ലാസ്റ്റിക് ബദൽ ഉത്പന്നങ്ങൾ, സാങ്കേതിക സേവന ഗ്രൂപ്പുകൾ, ഇവന്റ് മാനേജ്മെന്റ്, കാർഷിക മൂല്യ വർദ്ധിത ഉത്പന്നങ്ങൾ, ചെറുകിട വ്യവസായങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നീ മേഖലകളിലാണ് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക. പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി റെമഡിയൽ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കും. ഓണത്തിന് മുമ്പ് ക്ലാസ്സുകളിൽ അക്കവും അക്ഷരവും ഉറയ്ക്കാത്തവരെ നിർണ്ണയിക്കും. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഒരു പാലിയേറ്റീവ് സംവിധാനം ഉറപ്പ് വരുത്തും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും ഇതിന്റെ ചുമതല. ഗൃഹ പരിചരണത്തിന് ഊന്നൽ നൽകും. പട്ടികവിഭാഗങ്ങളുടെ കോളനി നവീകരണ പദ്ധതികൾ പൂർത്തീകരിക്കും. വീടുകളുടെയും പഠനമുറികളുടെയും പൂർത്തീകരണവും ലക്ഷ്യമിടുന്നു. ദുരന്ത പ്രതിരോധത്തിന് സമഗ്ര പ്രാദേശിക പദ്ധതികൾ രൂപീകരിക്കും. വാർഡുകൾ കേന്ദ്രീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്കും മുൻകരുതലുകൾക്കും സംവിധാനമൊരുക്കും. 100 പേർക്ക് ഒരാൾ എന്ന നിലയിൽ സാമൂഹ്യ സന്നദ്ധ സേന രൂപീകരിക്കാനും ലക്ഷ്യമിടുന്നതായും മന്ത്രി അറിയിച്ചു..



# പഞ്ചായത്തുകൾ തരിശുരഹിതമാക്കും

## മന്ത്രി വി. എസ്. സുനിൽ കുമാർ



സംസ്ഥാനത്ത് 156 പഞ്ചായത്തുകൾ കൂടി തരിശ് രഹിതമാക്കുമെന്ന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽ കുമാർ പറഞ്ഞു. സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷത്തിൽ ഹരിതകേരളം മിഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് സാമൂഹ്യ ഉത്തരവാദിത്വമെന്ന നിലയിൽ ഒരു ഹെക്ടറിന് രണ്ടായിരം രൂപ റോയൽറ്റി നൽകുന്ന പ്രഖ്യാപനം ആവാസ വ്യവസ്ഥയുടെ സംരക്ഷകർക്ക് നൽകുന്ന പ്രതിഫലമാണ്. നെൽക്കൃഷിയിലും പച്ചക്കറി കൃഷിയിലും വലിയ പുരോഗതിയാണ ണ്ടായത്. അമ്പതിനായിരം മെട്രിക് ടൺ നെല്ല് അധികമായി ഉൽപാദിപ്പിച്ചു. നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളുടെ വിസ്തൃതി രണ്ട് ലക്ഷം ഹെക്ടറായി ഉയർന്നു. മൂന്ന് ലക്ഷം ഹെക്ടറാക്കി ഉയർത്തുകയാണ് ലക്ഷ്യം. നാന്നൂറ്റിയെഴുപത് ദിവസം നീണ്ടു നിൽക്കുന്ന ജീവനി പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ വീടുകളിലും പോഷക തോട്ടങ്ങൾ ഒരുക്കി ആരോഗ്യകരമായ ഭക്ഷണം ലഭ്യമാകുന്ന സാഹചര്യവും ഉണ്ടാക്കും. ഹരിതകേരളംമിഷന്റെയും ആരോഗ്യ വകുപ്പിന്റെയും സഹകരണത്തോടെയാണ് ഇത് നടപ്പാക്കുക.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഒരു വർഷം 18 മെട്രിക് ടൺ പച്ചക്കറി ഉൾപാദിപ്പിക്കാനാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. ജൈവ രീതിയിൽ നടത്തുന്ന കൃഷിക്ക് അനുബന്ധമായി ജൈവവള നിർമ്മാണ യൂണിറ്റുകളും തുടങ്ങും. വകുപ്പിന്റെ കൃഷി പാഠശാലയുടെ കീഴിൽ ഒരോ പഞ്ചായത്തിലുമുള്ള രണ്ടായിരത്തോളം പേർക്ക് കാർഷിക അറിവുകൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. കാർഷിക പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനും ഏകോപനത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുഖ്യപങ്കാണ് നിർവ്വഹിക്കാനുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഹരിതകേരളം മിഷൻ ഏറ്റെടുത്ത പച്ചത്തുരുത്ത്, തോടുകളുടെയും നദികളുടെയും പുനരുജ്ജീവനം തുടങ്ങിയ പ്രവർത്തനങ്ങൾ കാർഷിക മുന്നേറ്റങ്ങൾക്ക് വലിയ പിന്തുണ നൽകുന്നതായും മന്ത്രി പറഞ്ഞു. ☐

### കുടുംബാരോഗ്യ കേന്ദ്രങ്ങൾ

# തദ്ദേശസ്ഥാപനങ്ങൾ സൗകര്യമൊരുക്കണം

## മന്ത്രി കെ.കെ. ശൈലജ ടീച്ചർ

സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ ആവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണമെന്ന് ആരോഗ്യ, വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീ ച്ചർ പറഞ്ഞു. സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അവർ. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാവുന്നതോടെ ആരോഗ്യ മേഖലയിൽ സമഗ്രമായ മാറ്റം സൃഷ്ടിക്കാൻ സാധിക്കും. 300 കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തനം തുടങ്ങുന്നത്. പഞ്ചായത്തിന്റെ സഹകരണത്തോടെ കൂടുതൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ നിർമ്മിക്കണമെന്ന് മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് പകർച്ചവ്യാധികളും ജീവിത ശൈലി രോഗങ്ങളും തടയുക എന്ന ലക്ഷ്യത്തോടെയാണ് ആരോഗ്യ സേന പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചത്. 20 വീടിന് ഒരു സേന എന്ന ക്രമത്തിലാണ് വീടുകൾ സന്ദർശിച്ച് രോഗം വരാതിരിക്കാൻ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളും രോഗികളെ ആശുപത്രികളിൽ എത്തിക്കാൻ ആവശ്യമായ നടപടികളും സ്വീകരിച്ചത്. പഞ്ചായത്ത് തലത്തിൽ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലവത്തായി പ്രവർത്തിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. രാജ്യത്തെ ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്കും മാതൃമരണ നിരക്കും സംസ്ഥാനത്താണെന്നുള്ളത് അഭിമാനകരമാണെന്നും മന്ത്രി പറഞ്ഞു. ☐





# ജീവനി

## നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം

■ വിഷ്ണു എസ്.പി.

**സംസ്ഥാനത്തൊട്ടാകെ സുരക്ഷിത പച്ചക്കറി ലഭ്യമാക്കുന്നതിനും പച്ചക്കറി ഉദ്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ടും 2020 ജനുവരി 1 മുതൽ 2021 ഏപ്രിൽ (വിഷു) വരെ കൃഷി വകുപ്പ് ആരോഗ്യവകുപ്പുമായി സഹകരിച്ച് ജീവനി എന്ന പേരിൽ ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു.**

രാവിലെ മാർക്കറ്റിൽ നിന്നും വാങ്ങുന്ന നല്ല തിളക്കമുള്ള പച്ചക്കറികൾ വിശ്വാസത്തോടെ കഴിക്കുവാൻ പറ്റുന്നതാണോ? ‘വിഷം’-‘മായം’-‘തട്ടിപ്പ്’ എന്ന് കൈയിൽ കിട്ടുന്ന എന്തിനെയും സംശയിക്കുന്നവരാണ് നമ്മൾ. സംശയിക്കുന്നതിൽ അതിശയോക്തിയൊന്നുമില്ല, കാരണം ലാഭം മാത്രം മുന്നിൽക്കണ്ട് എന്തു വിഷം ചേർന്ന ഭക്ഷണപദാർത്ഥവും വിൽക്കാൻ മടിയില്ലാത്തവരും കച്ചവടക്കാരുടെ കൂട്ടത്തിലുണ്ട്. നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയാലും പുതിയ നാമത്തിലും പുതിയ പായ്ക്കറ്റിലും ഇത്തരക്കാർ നമ്മുടെ ഇടയിൽ സജീവമായിത്തന്നെ തുടരും. പ്രതിവിധി ഒന്നേ ഉള്ളൂ. ലഭ്യമായ സ്ഥലത്ത് സ്വന്തമായി കൃഷി ചെയ്യുക എന്നതു തന്നെ. സ്വന്തമായി കൃഷിചെയ്യുക എന്നതിലുപരി മറ്റു യാതൊരു സംവിധാനത്തെയും ആശ്രയിച്ചിട്ടു കാര്യമില്ല. ഈ ആശയമാണ് കൃഷിവകുപ്പ് ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ടു നടപ്പിലാക്കുന്ന “ജീവനി -നമ്മുടെ കൃഷി-നമ്മുടെ ആരോഗ്യം” പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതും. പച്ചക്കറി ഉത്പാദനത്തിൽ ഓരോ കുടുംബത്തെയും സ്വയം പര്യാപ്തമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം.

ആരോഗ്യവകുപ്പ് നവകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ആർദ്രം പദ്ധതിയുമായി സമന്വയിപ്പിച്ചാണ് ജീവനി നടപ്പിലാക്കുന്നത്. നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വം എന്നതാണല്ലോ ആർദ്രം പദ്ധതിയുടെ ആശയം. ആരോഗ്യവും കൃഷിയും തമ്മിൽ വളരെ ദൃഢമായ ബന്ധമാണുള്ളത്. അതായത് സ്വന്തം കൃഷിയിലൂടെ ആരോഗ്യം സംരക്ഷിക്കുക എന്നത് ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വമാണ്.

2017-18 ൽ സംസ്ഥാനത്ത് 69047 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യു



കയും 10 ലക്ഷം മെട്രിക് ടൺ ഉത്പാദനം നേടുകയും ചെയ്തു. 2016-17 മായി താരതമ്യം ചെയ്യുമ്പോൾ 17-18ൽ 16217 ഹെക്ടർ പ്രദേശത്ത് അധികമായി കൃഷിചെയ്തിട്ടുണ്ട്. 2018-19 ൽ 82166 ഹെക്ടർ പ്രദേശത്ത് കൃഷി ചെയ്തതിൽ നിന്ന് 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉത്പാദിപ്പിക്കുവാൻ സാധിച്ചു. സംസ്ഥാനത്തിൽ ഒരു വർഷം ആവശ്യമായ പച്ചക്കറിയുടെ അളവാകട്ടെ 20 ലക്ഷം മെട്രിക് ടൺ ആണ്. അതായത് ആവശ്യകതയുടെ 60 ശതമാനം ആഭ്യന്തരമായി കണ്ടെത്തുകയും 40 ശതമാനം പുറമേ നിന്നുള്ള പച്ചക്കറിക്കളെയുമാണ് നാം ആശ്രയിക്കുന്നത്. പുറമേ നിന്നു വരുന്ന പകുതിയോളം പച്ചക്കറികളും കൊടിയ വിഷം തളിച്ച് വളർത്തുന്നവയാണെന്നാണ് പഠന റിപ്പോർട്ട് തെളിയിച്ചിട്ടുള്ളത്. നിഷ്കർഷിക്കപ്പെട്ടിട്ടില്ലാത്ത മരുന്നുകളാണു തളിക്കുന്നതെങ്കിൽ അതു കണ്ടെത്താനുമാവുകയില്ല എന്നതാണ് മറ്റൊരു വൈരുദ്ധ്യം.

## പദ്ധതിയുടെ സവിശേഷതകൾ

- ഭൗമസൂചിക പദവി ലഭിച്ച വിത്തുൾപ്പെടെ 100 പരമ്പരാഗത വിത്തിനങ്ങളുടെ പ്രചരണം (വ്ലാത്താങ്കര ചീര, അഗത്തി ചീര, നിത്യ വഴുതന, വേങ്ങേരി വഴുതന, ആനക്കൊമ്പൻ വെണ്ട, മഞ്ചേശ്വരം വെണ്ട, പുള്ളി പയർ, കരുമണി പയർ, മലയാറ്റൂർ വെണ്ട, ഇടയൂർ മുളക്, പലതരം നാടൻ പച്ചക്കറിയിനങ്ങൾ, വിവിധ കിഴങ്ങുവർഗ്ഗ വിളകൾ തുടങ്ങിയവ)
- എല്ലാ വീട്ടിലും കറിവേപ്പില, പപ്പായ, മുരിങ്ങ, പലതരം ചീരകൾ, വാഴ എന്നിവയുടെ കൃഷി പ്രോത്സാഹനം.
- 2500 സ്കൂളുകളിൽ പച്ചക്കറി കൃഷി, അതോടൊപ്പം മറ്റ് പൊതു/സ്വകാര്യ സ്ഥാപനങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും പച്ചക്കറി കൃഷി വ്യാപനം.
- ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ 1000 ക്യാമ്പയിനുകൾ.
- 'കൃഷി പാഠശാല' എന്ന പേരിൽ എല്ലാ കൃഷിഭവനുകളും വഴി കർഷകർക്കുള്ള പരിശീലനവും ബോധവത്കരണവും. ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന ബോധവത്കരണ ക്ലാസ്സുകൾ, ആരോഗ്യ ക്യാമ്പുകൾ എന്നിവിടങ്ങളിൽ "ജീവനി - നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയെക്കുറിച്ചുള്ള അവബോധം.
- ഗ്രാമ, നഗര പ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ/മട്ടുപ്പാവുകളിൽ 6 ലക്ഷത്തോളം ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ.
- ലക്ഷത്തോളം കർഷകർ ഉൾപ്പെടുന്ന പ്രവർത്തന മികവുള്ള ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം, നിലവിലുള്ള ക്ലസ്റ്ററുകൾ ഉൾപ്പെടെ 1200 ക്ലസ്റ്ററുകളുടെ വിപുലീകരണം.
- നിലവിലുള്ള മഴമറകൾ വിപുലീകരിച്ച് ശക്തിപ്പെടുത്തുന്നതുൾപ്പെടെ 2000 മഴമറകൾക്ക് പ്രോത്സാഹനം.
- 10000 സൂക്ഷ്മ ജലസേചന യൂണിറ്റുകൾ (നിലവിലുള്ളത് ഉൾപ്പെടെ).
- ആദിവാസി മേഖലയിൽ പരമ്പരാഗതമായി കൃഷി ചെയ്തു വരുന്ന പച്ചക്കറി വിളകളുടെ പ്രോത്സാഹനവും കൃഷി പരിപാലനമുറയുടെ ചിത്രീകരണവും.
- ബ്ലോക്ക് തലത്തിൽ ദ്വൈവാര ഉത്പാദനത്തിനായുള്ള ക്രോപ്പ് കലണ്ടർ.
- 25 ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനു (എഫ്.പി.ഒ) കൾക്കുള്ള പ്രോത്സാഹനം.
- കർഷകർക്ക് സാങ്കേതിക വൈദഗ്ധ്യമുള്ള 24:7 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്ററുകൾ എസ്.എഫ്.എ.സിയുടെ ആഭിമുഖ്യത്തിൽ ലഭ്യമാക്കൽ, പ്രത്യേക പോർട്ടൽ ഉരുത്തിരിച്ചെടുക്കൽ, ദ്വൈവാരിക പ്രസിദ്ധീകരണം, കൃഷി ഇൻഫോ, ഹ്രസ്വ വീഡിയോ, ന്യൂസ്‌ലെറ്റർ, പ്രതിമാസ ടി.വി ചാനൽ പരിപാടികൾ.
- 25 അഗ്രി സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ 100 ഓളം കർഷകരുടെ നൂതന കണ്ടെത്തലുകൾക്ക് പ്രോത്സാഹനം.
- 'ആത്മ'യുടെ നേതൃത്വത്തിൽ 200 ഫാം ഫീൽഡ് സ്കൂൾ.
- 400 ബയോഫാർമസികളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കർഷകർക്ക് ആവശ്യമായ ജൈവ ഉത്പാദന ഉപാധികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് പ്രത്യേക പദവി.
- കാർഷിക സർവകലാശാലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പച്ചക്കറികളിലെ പ്രതിമാസ കീടനാശിനി അവശിഷ്ടപരിശോധന ഫലം സർക്കാർ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്കു

ലഭ്യമാക്കും.

- നിലവിലുള്ള ബി.എൽ.എഫ്.ഒ വിപണി, ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ചചന്ത, ഇക്കോ ഷോപ്പ് ഉൾപ്പെടെയുള്ള 1000 മാർക്കറ്റുകളുടെ വിപുലീകരണം.
- 50 മൂല്യവർദ്ധിത യൂണിറ്റുകളുടെ വികസനം.
- പ്രാദേശിക ഗ്രാമീണ ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി പച്ചക്കറി മേളകളും ചന്തകളും.
- കർഷകരുടെ നാടൻ വിത്തുകൾ പരസ്പരം കൈമാറുന്ന വിത്ത് കൈമാറ്റ കൂട്ടായ്മകളുടെ സംഘാടനം.

### ജീവനി ഗ്രാമം

ജീവനി പദ്ധതിയുടെ ഭാഗമായി 50 ഹെക്ടറിൽ കൂടുതൽ പച്ചക്കറി കൃഷിയുള്ള പഞ്ചായത്തുകളെ ജീവനി പച്ചക്കറി ഗ്രാമമായും 500 ഹെക്ടറിൽ കൂടുതൽ പച്ചക്കറികൃഷിയുള്ള ബ്ലോക്കുകളെ ജീവനി ഹരിത ബ്ലോക്ക് ആയും 10 ഹെക്ടറിൽ കൂടുതൽ പച്ചക്കറിയുള്ള കോർപ്പറേഷൻ/ മുൻസിപ്പാലിറ്റികളെ ജീവനി ഹരിത നഗരമായും നാമകരണം ചെയ്ത് ഈ പ്രദേശങ്ങളിൽ നിലവിലുള്ള പച്ചക്കറി കൃഷിയുടെ വിസ്തൃതി കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. പൊതു/ സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ ജൈവ പച്ചക്കറി കൃഷിയും ജയിൽ വളപ്പുകൾ, പൊലീസ് സ്റ്റേഷൻ, വി.എച്ച്.എസ്.സി/ഐ.ടി.ഐ. കോളേജുകൾ, അംഗൻവാടി, മറ്റ് സ്വകാര്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ലഭ്യമായ എല്ലാ സ്ഥലങ്ങളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിപണി സാധ്യത ഉറപ്പുവരുത്തുന്നതിനായി രജിസ്റ്റർ ചെയ്ത എ ഗ്രേഡ് ക്ലസ്റ്ററുകളുടെയും സൂപ്പർ ക്ലസ്റ്ററുകളുടെയും അപ്പെക്സ് ബോഡി ജില്ലാതലത്തിൽ രൂപീകരിക്കുന്നതാണ്. ഇക്കോഷോപ്പുകളുടെ അപ്പെക്സ് ബോഡിയും ജില്ലാതലത്തിൽ രൂപീകരിക്കും.

> ആരോഗ്യ വകുപ്പുമായി സംയോജിച്ചു കൊണ്ട് നടപ്പിലാക്കുന്ന ജീവനി പദ്ധതിയുടെ ആകർഷകം ഹെൽത്തി പ്ലേറ്റ് എന്ന ആശയ മാണ്. കാർഷിക മേഖലയെ 5 അഗ്രോ ഇക്കോളജിക്കൽ സോണുകളായി തിരിച്ചു കൊണ്ട് കാർഷിക പദ്ധതികൾ വിഭാവനം ചെയ്തു വരുന്ന വേളയിൽ ഓരോ അഗ്രോ ഇക്കോളജിക്കൽ സോണിനും ഒരു ഹെൽത്തി പ്ലേറ്റ് എന്ന ആശയ മാണ് ഇത് മുന്നോട്ടുവയ്ക്കുന്നത്.

ആരോഗ്യ വകുപ്പുമായി സംയോജിച്ചു കൊണ്ട് നടപ്പിലാക്കുന്ന ജീവനി പദ്ധതിയുടെ ആകർഷകം ഹെൽത്തി പ്ലേറ്റ് എന്ന ആശയമാണ്. കാർഷിക മേഖലയെ 5 അഗ്രോ ഇക്കോളജിക്കൽ സോണുകളായി തിരിച്ചു കൊണ്ട് കാർഷിക പദ്ധതികൾ വിഭാവനം ചെയ്തു വരുന്ന വേളയിൽ ഓരോ അഗ്രോ ഇക്കോളജിക്കൽ സോണിനും ഒരു ഹെൽത്തി പ്ലേറ്റ് എന്ന ആശയമാണ് ഇത് മുന്നോട്ടുവയ്ക്കുന്നത്. Net profan എന്ന യൂണിറ്റുമായി സംയോജിച്ചു കൊണ്ടാണ് ഈ ആശയം നടപ്പിലാക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നത്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ഇന്ത്യൻ ഡയറ്റീഷ്യൻ അസോസിയേഷൻ, ന്യട്രീഷ്യൻ സൊസൈറ്റി ഓഫ് ഇന്ത്യ, അസോസിയേഷൻ ഓഫ് ഫുഡ് സയന്റിസ്റ്റ്, അസോസിയേഷൻ ഓഫ് കെമിസ്റ്റ്, ഇന്ത്യൻ ഷെഫ് അസോസിയേഷൻ തുടങ്ങിയ സംഘടനകൾ അടങ്ങുന്നതാണ് Net profan യൂണിറ്റ്. ആരോഗ്യ രംഗത്തെ വിദഗ്ധരുടെ ശുപാർശ പ്രകാരം ആഹാരശീലങ്ങളിൽ വരുത്തേണ്ട മാറ്റം, ഉൾപ്പെടുത്തേണ്ട ഭക്ഷണക്രമം എന്നിവ വിശദീകരിച്ചു കൊണ്ട് പ്രാദേശികാടി സ്ഥാനത്തിൽ പോഷകത്തോട്ട നിർമ്മാണവും പദ്ധതി വിഭാവനം ചെയ്യുന്നു'

ഓരോ സുപ്രഭാതത്തിലും വീട്ടുമുറ്റത്തു നിന്നും വിളവെടുത്ത ഒരു മുറം പച്ചക്കറി കണി കണ്ടുണരുവാനും വിളവെടുത്ത വിഷരഹിത വിഭവങ്ങൾ ആഹരിക്കുവാനും ജീവനിയിലൂടെ സാധിക്കുമെന്ന് പ്രത്യാശിക്കാം. □

*ലേഖകൻ ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ കൃഷി ആഫീസറാണ്.*



## ലോകവനിതാദിനം ആഘോഷിച്ചു

പഞ്ചായത്ത് ഡയറക്ടറേറ്റിലെ സ്റ്റാഫ് വെൽഫയർ കമ്മിറ്റി 'ഉണർവ്' ന്റെ ആഭിമുഖ്യത്തിൽ ലോക വനിതാദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സാമൂഹ്യ മാദ്ധ്യമങ്ങളും സ്ത്രീകളും എന്ന വിഷയത്തെ ആസ്പദമാക്കി സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ. പി.എസ്. ശ്രീകല പ്രഭാഷണം നടത്തി. പരിപാടിയുടെ ഭാഗമായി ഉപന്യാസ രചന, കവിതാരചന, ചിത്ര രചന എന്നീ ഇനങ്ങളിൽ ജീവനക്കാരുടെ മത്സരവും സംഘടിപ്പിച്ചിരുന്നു.




# പരിചയപ്പെടാം ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം

■ സുനിൽകുമാർ റ്റി.കെ.

സർക്കാരിന്റെ 2020 ജനവരി 11 ലെ ജി.ഒ.(പി) 10/2020/ഫിൻ നമ്പർ ഉത്തരവ് പ്രകാരം കോൺട്രാക്ടർമാർ, സപ്ലൈയർമാർ, അക്രഡിറ്റഡ് ഏജൻസികൾ തുടങ്ങിയവർക്ക് നൽകേണ്ട 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകളും ചെക്കുകളും ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം (BDS) വഴി ആവശ്യമെങ്കിൽ പണമാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്. ഇത് എപ്രകാരം നിർവ്വഹിക്കാം എന്ന് പരിശോധിക്കാം.

## വെബ്സാംഖ്യ ബില്ലുകൾ

വെബ്സാംഖ്യ വഴി ട്രഷറിയിലേക്ക് അയയ്ക്കുന്ന 5 ലക്ഷത്തിന് മുകളിലുള്ള ബില്ലുകൾ ട്രഷറിയിൽ നിന്നും ഡി.ഡി. ഒയുടെ ബിംസ് ലോഗിനിലേക്ക് SEND ചെയ്യുന്നതാണ്.

(ഡി.ഡി.ഒ-ന് ബിംസ് ലോഗിൻ ഇല്ലെങ്കിൽ, ട്രഷറിയുമായി ബന്ധപ്പെട്ട് ലോഗിൻ ഐ.ഡി., പാസ്‌വേർഡ് എന്നിവ കരസ്ഥമാക്കേണ്ടതാണ്).

ഡി.ഡി.ഒ തന്റെ DDO Admin ലോഗിനിലെ WAMS CLEARANCE എന്ന മെനുവിൽ ലഭ്യമാകുന്ന ഇത്തരത്തിലുള്ള ബില്ലുകൾ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ കൂടി UPLOAD ചെയ്ത് WAMS ലേക്ക് അയയ്ക്കേണ്ടതാണ്.

## ബിംസ് ബില്ലുകൾ

ബിംസ് വഴി തയ്യാറാക്കുന്ന ബില്ലുകളിൽ 5 ലക്ഷത്തിന് മുകളിലുള്ളവ ട്രഷറിയിലേക്ക് അയയ്ക്കുവാൻ കഴിയുകയില്ല. DDO Admin ലോഗിനിലെ WAMS CLEARANCE എന്ന മെനുവിൽ ലഭ്യമാകുന്ന ഇത്തരത്തിലുള്ള ബില്ലുകൾ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ കൂടി UPLOAD ചെയ്ത് WAMS ലേക്ക് അയയ്ക്കേണ്ടതാണ്.

## ബി.ഡി.എസ്. സോഫ്റ്റ് വെയർ (http//sics.kerala.gov.in/bds/)

മേൽപ്പറഞ്ഞ വിധത്തിൽ ക്ലിയറൻസിനായി അയയ്ക്കുന്നവ ധനകാര്യ വകുപ്പ് പരിശോധിക്കും. അർഹമായവയ്ക്ക് ബി.ഡി.എസ്. വഴി തുക നല്കുന്നതിന്റെ മുന്നോടിയായി ബി.ഡി.എസ്. സോഫ്റ്റ് വെയറിൽ ഒരു LOGIN ID, PASSWORD എന്നിവ സാധാരണഗതിയിൽ രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ തന്നെ ബന്ധപ്പെട്ട ഡി.ഡി.ഒ.യ്ക്ക് അനുവദിക്കുന്നതാണ്.

(**പ്രാഥമിക യൂസർ ഐ.ഡി.** DDOയുടെ VIRTUAL ഡി.ഡി.ഒ. കോഡും സാധാരണ ഗതിയിൽ പ്രാഥമിക പാസ്‌വേഡ് "ഡി.ഡി.ഒ. കോഡിന് ശേഷം @123# എന്ന് ചേർക്കുന്നതും" ആയിരിക്കും. മേൽപ്പറഞ്ഞ യൂസർ ഐഡി, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് സോഫ്റ്റ് വെയറിൽ LOGIN ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, ഡി.ഡി.യുടെ ID CREATION നടന്നു എന്നത് ഉറപ്പിക്കാം)

### ഫോറം 1,2

കോൺട്രാക്ടർ / സപ്ലെയർ / അക്രഡിറ്റഡ് ഏജൻസി ബി.ഡി.എസിന് തയ്യാറാണെങ്കിൽ, ഡി.ഡി.ഒ ബി.ഡി.എസ്. സോഫ്റ്റ് വെയറിൽ ലോഗിൻ ചെയ്ത് SUBMISSION മെനുവിൽ നിന്ന് BDS selection (Non LOC) തെരഞ്ഞെടുക്കുക. അവിടെ ബിൽ സമർപ്പിച്ച മാസം നൽകി സെർച്ച് ചെയ്താൽ ബില്ലിന്റെ വിവരങ്ങളും നിലവിൽ ബില്ലിൽ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടും കാണാവുന്നതാണ്. (നിലവിലുള്ള ബാങ്ക് അക്കൗണ്ട് മാറ്റണമെന്ന് കോൺട്രാക്ടർ/ സപ്ലെയർ / അക്രഡിറ്റഡ് ഏജൻസി രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം പഴയ അക്കൗണ്ട് മാറ്റി പുതിയത് ചേർത്ത് നൽകാവുന്നതാണ്.) തുടർന്ന് FORM I, FORM II എന്നിവ പ്രിന്റെടുക്കുക. FORM I –ൽ കോൺട്രാക്ടർ/സപ്ലെയർ/അക്രഡിറ്റഡ് ഏജൻസി ഒപ്പ് രേഖപ്പെടുത്തി തങ്ങളുടെ ബാങ്കിൽനിന്ന് കൗണ്ടർസൈൻ ചെയ്ത് ഡി.ഡി.ഒക്ക് ഹാർഡ് കോപ്പിയായി തിരികെ നൽകേണ്ടതാണ്. ഡി.ഡി.ഒ FORM II ൽ ഒപ്പ് രേഖപ്പെടുത്തി ബാങ്കിനും നൽകേണ്ടതാണ്.

### ഫോറം 3

ബാങ്ക് BDS സോഫ്റ്റ് വെയറിലൂടെ CONFIRMATION നൽകുന്ന മുറയ്ക്ക്, SUBMISSION മെനുവിലെ 'Letter to Finance' വഴി FORM III ൽ ഒരു DIGITALLY SIGNED LETTER ഡി.ഡി.ഒ ഫിനാൻസ് വകുപ്പിലേക്ക് അയയ്ക്കേണ്ടതാണ്. (ബാങ്ക് സോഫ്റ്റ് വെയർവഴി അക്കൗണ്ട് നമ്പർ CONFIRM ചെയ്താൽ മാത്രമേ, ഈ മെനുവിൽ ഗുണഭോക്താവിന്റെ പേര് കാണാനായി സാധിക്കൂ) DIGITAL SIGN ചെയ്യുന്നതിന് മുന്നോടിയായി, DDOയുടെ DIGITAL SIGNATURE Admin മെനുവിലെ Register DSC വഴി രജിസ്റ്റർ ചെയ്യേണ്ടതും JAVA യുടെ പുതിയ UPDATION (ലോഗിൻ പേജിൽ ലഭ്യമാണ്) കമ്പ്യൂട്ടറിൽ സജ്ജമാക്കേണ്ടതുമാണ്.

### പ്രോമിസറി നോട്ട്

FORM III ലഭിക്കുന്ന മുറയ്ക്ക് ധനകാര്യ വകുപ്പ് സോഫ്റ്റ് വെയറിൽ ആ ബില്ലിന് ഒരു PROMISSORY NOTE ലഭ്യമാക്കുകയും, ആയത് SUBMISSION മെനുവിലെ 'Print PN' സബ്മെനുവിൽ ലഭ്യമാകുകയും ചെയ്യുന്നതാണ്. ആയതിന്റെ പ്രിന്റൗട്ട് ഡി.ഡി.ഒ കോൺട്രാക്ടർ/ സപ്ലെയർ/ അക്രഡിറ്റഡ് ഏജൻസിക്ക് കൈമാറേണ്ടതുമാണ്.

(ബാങ്കുകൾക്കും ഇത് തങ്ങളുടെ BDS ലോഗിനിൽ ലഭ്യമാകുന്നതും കോൺട്രാക്ടർക്ക്/സപ്ലെയർക്ക്/ അക്രഡിറ്റഡ് ഏജൻസിക്ക് പണത്തിനായി ബാങ്കിനെ സമീപിക്കാവുന്നതുമാണ്.)

### BDS – ബിൽ സമർപ്പണം

PROMISSORY NOTE ൽ രേഖപ്പെടുത്തിയ തീയതിയിൽ ബി.ഡി.എസ്. ബില്ലുകൾ ബിംസിൽ/ വെബ്സാംഖ്യയിൽ തിരികെ ലഭ്യമാകുന്നതാണ്. ഇവ PROMISSORY NOTE, മറ്റ് രേഖകൾ എന്നിവ സഹിതം ട്രഷറിയിൽ അന്ന് തന്നെ സമർപ്പിക്കേണ്ടതാണ്.

(ബില്ലിൽ നിന്നുള്ള ഡിഡക്ഷനുകൾ (CWWF, GST etc.) അപ്പോൾ മാത്രമേ ബന്ധപ്പെട്ട ഹെഡുകളിലേക്ക് വരവ് വയ്ക്കപ്പെടുകയുള്ളൂ. ബില്ലിന്റെ വരവ് ചെലവുകളും അപ്പോൾ മാത്രമേ അക്കൗണ്ട് ചെയ്യപ്പെടുകയും ചെയ്യുകയുള്ളൂ)

BDS – തെരഞ്ഞെടുക്കാത്ത കോൺട്രാക്ടർ/ സപ്ലെയർ/ അക്രഡിറ്റഡ് ഏജൻസികൾക്കുള്ള ബില്ലുകൾ പേമെന്റിനായി സർക്കാർ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള തീയതിയിൽ ഇത്തരം ബില്ലുകൾ ബിംസിൽ / വെബ് സാംഖ്യയിൽ തിരികെ ലഭ്യമാകുന്നതാണ്. ഡി.ഡി.ഒ അത്തരം ബില്ലുകൾ സാധാരണ പോലെ ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്.

(ഈ വിഷയം സംബന്ധിച്ച അധിക വിവരങ്ങൾക്കായി http//sics.kerala.gov.in/bds/ സന്ദർശിക്കുക) ☐

*ലേഖകൻ എടക്കാട്ടു വയൽ ഗ്രാമപഞ്ചായത്തിൽ ഹെഡ്ക്ലാർക്കാണ്.*
*ഫോൺ: 9745808317*


FORM IV

Statement about ownership and other particulars about newspaper (PANCHATATRAJ ) to be published in the first issue every year after the last day of February.

| | | |
|---|---|---|
| 1. Place of Publication | : | Directorate of Panchayats<br>Trivandrum - 695033 |
| 2. Periodicity of its Publication | : | Monthly |
| 3. Printer's Name | : | Dr. P.K. Jayasree IAS |
| Nationality | : | Indian |
| Address | : | Directorate of Panchayats<br>Trivandrum - 695033, Kerala |
| 4. Publisher's Name | : | Dr. P.K. Jayasree IAS |
| Nationality | : | Indian |
| Address | : | Directorate of Panchayats,<br>Trivandrum - 695033, Kerala |
| 5. Editor's Name | : | Dr. P.K. Jayasree IAS |
| Nationality | : | Indian |
| Address | : | Directorate of Panchayats,<br>Trivandrum - 695033, Kerala |
| 6. Names and address of individuals who own the newspaper and partners or shareholders holding | : | NA |

I, Dr. P.K. Jayasree, hereby declare that the particulars given above are true to the best of my knowledge and belief.

Date: 16.03.2020 Sd/-

# കില ന്യൂസ്



*വജ്രജൂബിലി ഫെലോഷിപ്പ് കലാകാരന്മാരുടെ ക്ലസ്റ്റർ കൺവീനർമാർക്കു സംഘടിപ്പിച്ച സംസ്ഥാനതല ശില്പശാല*

## വജ്രജൂബിലി ഫെലോഷിപ്പ് കലാകാരന്മാർക്ക് ഏകദിന ശില്പശാല

വജ്രജൂബിലി ഫെലോഷിപ്പ് കലാകാരന്മാരുടെ ക്ലസ്റ്റർ കൺവീനർമാർക്കുള്ള സംസ്ഥാനതല ഏകദിന ശില്പശാല കിലയിൽ സംഘടിപ്പിച്ചു. പ്ലാനിംഗ് ബോർഡ് അംഗം ഡോ.കെ.എൻ. ഹരിലാൽ ഉദ്ഘാടനം ചെയ്തു. ലോകത്ത് സാംസ്കാരികരംഗം മുഖ്യസാമ്പത്തിക സ്രോതസ്സായി മാറുകയാണെന്ന് ഉദ്ഘാടനപ്രസംഗത്തിൽ ഡോ. ഹരിലാൽ പറഞ്ഞു. പരിസ്ഥിതി പ്രശ്നങ്ങളില്ലാത്ത കൂടുതൽ തൊഴിലവസരങ്ങളും നല്ല വരുമാനവുമുള്ള മേഖലയായി കലാസാംസ്കാരിക രംഗം മാറുകയാണ്. മറ്റു മേഖലകളിലേതുപോലെ കലാകാരന്മാർക്കു ഇന്റേൺഷിപ്പ് സംവിധാനമില്ല. ഈ കുറവു പരിഹരിക്കാനാണ് ഫെലോഷിപ്പ് ഏർപ്പെടുത്തിയത്. കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ സ്വാഗതമാശംസിച്ചു. സാംസ്കാരിക വകുപ്പു ഡെപ്യൂട്ടി ഡയറക്ടർ അജിത് ബാബു റിപ്പോർട്ടവതരിപ്പിച്ചു. കേരള കലാമണ്ഡലത്തിലെ വജ്രജൂബിലി കലാകാരന്മാർ അവതരിപ്പിച്ച മിഴാവ് തായമ്പകയോടെയാണ് ശില്പശാല ആരംഭിച്ചത്.

സംസ്ഥാനസർക്കാർ രൂപീകരണത്തിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് 2017ലാണ് ഈ ഫെലോഷിപ്പ് ഏർപ്പെടുത്തിയത്. കലാപരിശീലനം എന്ന ബൃഹത്തായ ലക്ഷ്യം മുൻനിർത്തി രാജ്യത്താദ്യമായി കേരളസർക്കാർ നടപ്പാക്കുന്നപദ്ധതിയാണ് ആയിരം യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്. സമകാലീന-ഫോക്ക്‌ലോർ വിഭാഗത്തിൽ പെട്ട 45 കലാരൂപങ്ങളിലാണ് പദ്ധതി പ്രകാരം പരിശീലനം നൽകുന്നത്.

## പ്രാദേശികവികസനം പഠിക്കാൻ തദ്ദേശവികസന പഠനവിദ്യാർത്ഥികളെത്തി

പ്രാദേശികസർക്കാരുകളുടെ പ്രവർത്തനങ്ങളും പ്രാദേശിക വികസനപരിപാടികളും പഠിക്കാൻ തദ്ദേശ വികസന പഠനവിദ്യാർത്ഥികൾ കിലയിലെത്തി. സംസ്ഥാനത്ത് മലയാളം സർവകലാശാല മാത്രമാണ് ഇത്തരം ഒരു കോഴ്സ് നടത്തുന്നത്. കിലയുടെ പ്രവർത്തനം കൂടി മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് അധ്യാപകരടക്കമുള്ള വിദ്യാർത്ഥിസംഘം ഒരു ദിവസത്തെ പഠനപരിപാടിക്കെത്തിയത്. പ്രാദേശിക ആസൂത്രണം, പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾ, നഗരഭരണസംവിധാനം, നവകേരള കർമ്മപദ്ധതി, വനിത -ശിശു-വയോജന സൗഹൃദ പ്രാദേശിക ഭരണം തുടങ്ങിയവ സംബന്ധിച്ച ക്ലാസ്സുകൾക്കു കിലയിലെ അക്കാദമി അംഗങ്ങൾ നേതൃത്വം നൽകി. കിലയുടെ വിവിധ പരിശീലനപരിപാടികൾ, പ്രാദേശികാസൂത്രണത്തിലും നിർവഹണത്തിലും നിരീക്ഷണത്തിലും പ്രാദേശികസർക്കാരുകളെ സഹായിക്കാനും ശക്തിപ്പെടുത്താനും കില നടത്തുന്ന ഇടപെടലുകൾ സംബന്ധിച്ചും വിശദമായ അവതരണങ്ങളുണ്ടായി. പ്രാദേശിക വികസനപ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ പങ്കും പങ്കാളിത്തവും വ്യക്തമാക്കുന്ന തരത്തിലുള്ള അവതരണങ്ങളാണ് നടത്തിയത്.



*ഹിമാചൽ പ്രദേശിലെ കാംഗ്ര ജില്ലാപഞ്ചായത്തിലെ പ്രതിനിധികൾ കൊട്ടാരക്കര കില സി.ച്ച്.ആർ.ഡിയിലെത്തിയപ്പോൾ*

## ഹിമാചൽപ്രദേശിലെ ജില്ലാപഞ്ചായത്ത് പ്രതിനിധികൾ സി.എച്ച്.ആർ.ഡിയിൽ

കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വികേന്ദ്രീകരണ വികസനപ്രവർത്തനങ്ങളെക്കുറിച്ചു പഠിക്കുന്നതിന് ഹിമാചൽ പ്രദേശിലെ കാംഗ്ര ജില്ലാപഞ്ചായത്തിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന 24 അംഗ സംഘം കൊട്ടാരക്കരയിലെ കില സി.ച്ച്.ആർ.ഡിയിലെത്തി. കില ഡയറക്ടർ ഡി.



*മലയാളം സർവകലാശാലയിലെ തദ്ദേശവികസന പഠനവിദ്യാർത്ഥികൾക്കു സംഘടിപ്പിച്ച പരിശീലനപരിപാടി.*

സുധയും മറ്റുള്ളവരും ചേർന്ന് സംഘാംഗങ്ങളെ സ്വീകരിച്ചു. ത്രിതല പഞ്ചായത്തുകളിൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾ നേരിൽ കണ്ടു വിലയിരുത്തുന്നതിനു പെരിനാട്, നെടുമ്പന ഗ്രാമപഞ്ചായത്തുകളും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തും കൊല്ലം ജില്ലാപഞ്ചായത്തും സംഘം സന്ദർശിച്ചു.



മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകർക്കു സംഘടിപ്പിച്ച പരിശീലനപരിപാടിയിൽ ഡോ. സാബു ടി. മുഖ്യപ്രഭാഷണം നടത്തുന്നു.

## സ്ത്രീശാക്തീകരണത്തിലൂടെ ഊർജ്ജസംരക്ഷണം

സ്ത്രീശാക്തീകരണത്തിലൂടെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ പ്രവർത്തകർക്ക് എൽ.ഇ.ഡി. ട്യൂബ് ലൈറ്റിന്റെയും മാല ബൾബിന്റെയും നിർമ്മാണത്തിൽ പ്രായോഗിക പരിശീലനം നൽകി. സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ ഡോ. ജോയി കെ.എൽ. ഉദ്ഘാടനം ചെയ്തു. മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി അദ്ധ്യക്ഷയായിരുന്നു. സി.ഇ.ഡി. പ്രോഗ്രാം ഡയറക്ടർ ഡോ. സാബു ടി. മുഖ്യപ്രഭാഷണം നടത്തി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്. സുഭാഷ്, കില അസി. ഡയറക്ടർ മാത്യു ആൻഡ്രൂസ്, സെന്റ് തോമസ് കോളജ് വിമൻസ് സെൽ കോർഡിനേറ്റർ ഡോ. റാണി സെബാസ്റ്റ്യൻ കില ഐ.ടി. പ്രോഗ്രാമർ ഒ.എസ്. മിറാഷ് എന്നിവർ സംസാരിച്ചു.

## മനുഷ്യാവകാശങ്ങളും ഭരണവും: കൊല്ലത്ത് ഏകദിനപരിശീലനവും സംവാദവും

മനുഷ്യാവകാശങ്ങളും ഭരണവും എന്ന വിഷയത്തിൽ കൊട്ടാരക്കര കില സി.എച്ച്.ആർ.ഡിയുടെ നേതൃത്വത്തിൽ ഏകദിന പരിശീലനവും സംവാദവും സംഘടിപ്പിച്ചു.കൊല്ലം സി.കേശവൻ സ്മാരക ഹാളിൽ സംഘടിപ്പിച്ച പരിപാടി സംസ്ഥാന ഫിഷറീസ് വകുപ്പുമന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്തു. മൗലികാവകാശങ്ങൾക്കു വിരുദ്ധമായി ഭരണഘടനയിൽ വരുത്തുന്ന മാറ്റങ്ങൾ ജുഡീഷ്യൽ റിവ്യുവിനു വിധേയമാണെന്നും അതു ചോദ്യം ചെയ്യാൻ ഓരോ പൗരനും അവകാശമുണ്ടെന്നും ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി പറഞ്ഞു. കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ ആമുഖപ്രഭാഷണം നടത്തി.

ഒരു നിയമനിർമ്മാണത്തിലൂടെ ഒരാളുടെയെങ്കിലും മൗലികാവകാശം ലംഘിക്കപ്പെട്ടാൽ ആ നിയമം ഭരണഘടനാവിരുദ്ധമായി കണക്കാക്കപ്പെടണമെന്ന പൗരാവകാശങ്ങളും ഭരണവും എന്ന വിഷയത്തെക്കുറിച്ചു സംസാരിച്ച അഭിഭാഷകൻ ഹരീഷ് വാസുദേവൻ പറഞ്ഞു. സ്ത്രീകളും മനുഷ്യാവകാശങ്ങളും എന്ന വിഷയത്തെക്കുറിച്ച് മഹാത്മാഗാന്ധി സർവകലാശാലയിലെ അസി. പ്രൊഫ. ഡോ. രേഖ രാജ് സംസാരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സി.രാധാമണി അദ്ധ്യക്ഷയായിരുന്നു. ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, സാക്ഷരതാ പ്രേരക്മാർ, കോളേജ് വിദ്യാർത്ഥികൾ എന്നിവരുൾപ്പെടെ 476പേർ പങ്കെടുത്തു.




മനുഷ്യാവകാശങ്ങളും ഭരണവും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ഏകദിന പരിശീലനവും സംവാദവും ഫിഷറീസ് വകുപ്പുമന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യുന്നു.

## യു.എൻ.ഡി.പി പ്രോജക്ടിനെക്കുറിച്ച് ഗവേഷണ പഠന ശില്പശാല

സാമൂഹ്യസാമ്പത്തിക അടിസ്ഥാന കാര്യങ്ങൾ തത്സമയം വിലയിരുത്താനുള്ള വിവരശേഖരണവുമായി ബന്ധപ്പെട്ട് യു.എൻ.ഡി.പി യുടെ ധനസഹായത്തോടെ കിലയിൽ ദ്വിദിന പഠന ഗവേഷണ ശില്പശാല സംഘടിപ്പിച്ചു. ഇടുക്കി ജില്ലയിലെ അടിമാലി, ചിന്നക്കനാൽ, ഇടമലക്കുടി, ദേവികുളം, മാങ്കുളം, മറയൂർ, മൂന്നാർ, കാന്തല്ലൂർ, വട്ടവട, തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി, എറണാകുളം ജില്ലയിലെ കുട്ടമ്പുഴഎന്നീ ഗ്രാമപഞ്ചായത്തുകളിലാണ് പഠന ഗവേഷണം നടത്തിയത്. ഈ ജില്ലകളിൽ നിന്നുള്ള ഡി.ഡി.പി മാർ, എ.ഡി.പി മാർ, പട്ടികജാതി-പട്ടിക വർഗ്ഗ വികസന കോർപ്പറേഷനുകളിലെ ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർ, ഐ.സി.ഡി.എസ് സൂപ്രവൈസർമാർ, പട്ടികജാതി- പട്ടിക വർഗ്ഗ പ്രമോട്ടർമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, മെമ്പർമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്. ഗവേഷണ പഠനത്തിന്റെ റിപ്പോർട്ടുകൾ കില അസി. പ്രൊഫ. ഡോ. ജിബിനി വി. കുര്യനും ഡോ. മഹേഷ് രാമചന്ദ്രനും അവതരിപ്പിച്ചു.ഓരോ റിപ്പോർട്ടിനെക്കുറിച്ചും ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചർച്ച നടത്തി. □

# വാർത്തകൾ വിശേഷങ്ങൾ

## വാർഷിക പദ്ധതിയിൽ പന്ത്രണ്ടിന പദ്ധതികൾ ഭാഗമാക്കണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടി സംബന്ധിച്ച മാർഗ്ഗരേഖ പുറത്തിറക്കി. വിശപ്പ് രഹിത കേരളം – ജനകീയ ഹോട്ടൽ, വയോ ക്ലബ്ബുകൾ, ശുചിത്വ കേരളം, പൊതു ടോയ്ലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും, തോടുകളുടെ ശുചീകരണം, ഫലവൃക്ഷ തൈകൾ നട്ട് പരിപാലിക്കൽ, ജൈവ പച്ചക്കറി കൃഷി, ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (LEAP), പൊതു വിദ്യാഭ്യാസ യജ്ഞം, പാലിയേറ്റീവ് പരിചരണം, പട്ടിക വിഭാഗങ്ങളുടെ വികസനം, ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കൽ (നമ്മൾ നമുക്കായി) എന്നിവയാണ് പദ്ധതികൾ.

*(സ.ഉ. (കൈ) നം. 45/2020/തസ്വഭവ, തീയതി 6.03.2020)*

## പെൻഷൻ 1300 രൂപയായി വർദ്ധിപ്പിച്ചു

സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷന്റെ പ്രതിമാസ നിരക്ക് നിലവിൽ നൽകി വരുന്ന 1200 രൂപയിൽ നിന്നും 1300 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായി.

*(സ.ഉ. (എം.എസ്) നം. 28/2020/ധന, തീയതി 3.03.2020)*

## കുടിവെള്ള വിതരണം നടത്തുന്നതിന് യഥേഷ്ടാനുമതി

സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ആവശ്യത്തിനനുസൃതമായി കുടിവെള്ള വിതരണം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് / പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായി. 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തുകൾക്ക് 5.5 ലക്ഷം രൂപയും, മുനിസിപ്പാലിറ്റികൾക്ക് 11 ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് 16.5 ലക്ഷം രൂപയും പരമാവധി വിനിയോഗിക്കാം. തുടർന്ന് ഏപ്രിൽ 1 മുതൽ മെയ് 31 വരെയുള്ള കാലയളവിൽ യഥാക്രമം 11, 16.5, 22 ലക്ഷം രൂപയാണ് വിനിയോഗിക്കാൻ കഴിയുക.

*(സ.ഉ. (സാധാ) നം 494/2020/തസ്വഭവ, തീയതി 27.02.2020)*

## രാത്രിയിലും സജീവമായ നഗരങ്ങൾ : ഉത്തരവ് പുറപ്പെടുവിച്ചു

കേരളത്തിലെ നഗരങ്ങളിൽ രാത്രികാലങ്ങളിലും സജീവമായ നിരത്തുകളും കച്ചവട സ്ഥാപനങ്ങളും പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഇത് പ്രകാരം തിരുവനന്തപുരം നഗരത്തിൽ 2020 മാർച്ച് 31 ന് മുമ്പ് 24 മണിക്കൂറും സജീവമാകുന്ന സുരക്ഷിതമായ നിരത്തുകളും തുറന്ന് പ്രവർത്തിക്കുന്ന വ്യാപാര-വാണിജ്യ സ്ഥാപനങ്ങളും കോർപ്പറേഷൻ നിശ്ചയിക്കുന്ന പ്രത്യേക പ്രദേശങ്ങളിൽ പ്രയോഗത്തിൽ വരുത്താൻ തിരുവനന്തപുരം കോർപ്പറേഷൻ നടപടി സ്വീകരിക്കേണ്ടതാണ്.

*(സ.ഉ. (കൈ) നം 40/2020/തസ്വഭവ, തീയതി 20.02.2020)*

## 12000 ജോഡി പൊതു ശുചിമുറികൾ– നിർദേശം നൽകി

സംസ്ഥാനത്ത് ദേശീയ- സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 12000 ജോഡി പൊതു ശുചിമുറികൾ നിർമ്മിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

*(സ.ഉ. (കൈ) നം 39/2020/തസ്വഭവ, തീയതി 20.02.2020)*

## വസ്തു നികുതി – പിഴ ഒഴിവാക്കി

വസ്തു നികുതി കുടിശ്ശിക സഹിതം ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് 2020 മാർച്ച് 31 വരെ പിഴ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചു. ഈ ആനുകൂല്യം മാർച്ച് 31 ന് ശേഷം അനുവദിക്കുന്നതല്ല.

*(സ.ഉ. (സാധാ) നം 414/2020/തസ്വഭവ, തീയതി 18.02.2020)*

## റിബിൽഡ് കേരള – 5 മീറ്ററിൽ താഴെ വീതിയുള്ള റോഡുകളുടെ പുനർനിർമ്മാണം LSGD എഞ്ചിനിയർക്ക്

റീബിൽഡ് കേരള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ കീഴിൽ വരാത്ത പ്രളയത്തിൽ തകർന്ന 5 മീറ്ററും അതിന് താഴെ വീതിയുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ പുനർനിർമ്മാണ നിർവ്വഹണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എഞ്ചിനിയറിംഗ് വിഭാഗം മുഖേന നടത്തേണ്ടതാണെന്നും പ്രസ്തുത പ്രവർത്തികളുടെ നിർവ്വഹണ രീതിയും സാങ്കേതികാനുമതി നൽകുന്ന രീതിയും പ്ലാൻ പ്രോജക്ടുകളുടെ മാതൃകയിലായിരിക്കണമെന്നും നിർദേശം നൽകി ഉത്തരവായി.

*(സ.ഉ. (സാധാ) നം 402/2020/തസ്വഭവ, തീയതി 17.02.2020)*

## പ്രളയദുരിതാശ്വാസം– പ്രോജക്ട് തയ്യാറാക്കുന്നതിന് നിർദേശം

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 212.50 കോടി രൂപ വിനിയോഗിച്ച് യൂണിറ്റ് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തി ജീവനോപാധികൾക്ക് പ്രോജക്ട് തയ്യാറാക്കുന്നതിന് അധിക നിർദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

*(സ.ഉ. (സാധാ) നം 400/2020/തസ്വഭവ, തീയതി 17.02.2020)*

## എസ്.സി., എസ്.റ്റി. വിഭാഗക്കാർക്ക് പ്രാതിനിധ്യം ഉറപ്പാക്കണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കച്ചവട സ്ഥാപനങ്ങളിൽ /കെട്ടിടങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് നിർദേശങ്ങൾ പുറപ്പെടുവിച്ചു.

*(സർക്കുലർ നമ്പർ ഡി.എ1/63/2020/തസ്വഭവ, തീയതി 26.02.2020)*

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.**

**2018-19 വർഷത്തെ**
**മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ**
**തെരഞ്ഞെടുത്തു**



# അംഗീകാര നെറുകയിലേക്ക്
# പാപ്പിനിശ്ശേരി
## ഗ്രാമ പഞ്ചായത്ത്

2018-19 വർഷം മികച്ച പ്രവർത്തനം കാഴ്ചവെച്ച് സ്വരാജ് ട്രോഫിക്കും പ്രത്യേക ധനസഹായത്തിനും അർഹത നേടിയ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെ തെരഞ്ഞെടുത്തു.

**സംസ്ഥാനതലം (ഗ്രാമപഞ്ചായത്ത്)**

| | | |
|---|---|---|
| **ഒന്നാം സ്ഥാനം** | : | **പാപ്പിനിശ്ശേരി (കണ്ണൂർ ജില്ല)** |
| **രണ്ടാം സ്ഥാനം** | : | **മുളന്തുരുത്തി (എറണാകുളം ജില്ല)** |
| **മൂന്നാം സ്ഥാനം** | : | **വീയപുരം (ആലപ്പുഴ ജില്ല)** |

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് 25 ലക്ഷം രൂപ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ്ട്രോഫിയും സാക്ഷ്യപത്രവും മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും വീയപുരം ഗ്രാമപഞ്ചായത്തിന് 15 ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിച്ചു. ഫെബ്രുവരി 19 ന് വയനാട് ജില്ലയിലെ വൈത്തിരിയിൽ നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയുടെ സമാപന സമ്മേളനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി എ.സി.മൊയ്തീൻ അവാർഡുകൾ വിതരണം ചെയ്തു. സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന അവാർഡ് തുകകളിൽ ഏറ്റവും ഉയർന്ന തുകയാണ് സ്വരാജ് ട്രോഫിയോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത്.

ജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾക്കുള്ള അവാർഡ് നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 10 ലക്ഷം, 5 ലക്ഷം രൂപ വീതം പ്രത്യേക ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും നൽകി.

**തിരുവനന്തപുരം**
**മികച്ച ജില്ലാ പഞ്ചായത്ത്**

**നെടുമങ്ങാട്**
**മികച്ച ബ്ലോക്ക് പഞ്ചായത്ത്**



*സംസ്ഥാനതല മികച്ച ഗ്രാമ പഞ്ചായത്ത് ഒന്നാം സ്ഥാനം - പാപ്പിനിശ്ശേരി*



*തിരുവനന്തപുരം- മികച്ച ജില്ലാ പഞ്ചായത്ത്*

## മികച്ച ജില്ലാ പഞ്ചായത്ത്

**ഒന്നാം സ്ഥാനം : തിരുവനന്തപുരം**
**രണ്ടാം സ്ഥാനം : കണ്ണൂർ**
**മൂന്നാം സ്ഥാനം : എറണാകുളം, കൊല്ലം**

ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിച്ചു.

## മികച്ച ബ്ലോക്ക് പഞ്ചായത്ത് (സംസ്ഥാനതലം)

**ഒന്നാം സ്ഥാനം : നെടുമങ്ങാട് (തിരുവനന്തപുരം ജില്ല)**
**രണ്ടാം സ്ഥാനം : പഴയന്നൂർ (തൃശ്ശൂർ ജില്ല)**
**മൂന്നാം സ്ഥാനം : ളാലം (കോട്ടയം ജില്ല)**

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നേടിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് യഥാക്രമം 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും സംസ്ഥാന ആസൂത്രണ ബോർഡ് അംഗം (വികേന്ദ്രീകൃത ആസൂത്രണം), നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കില ഡയറക്ടർ , സംസ്ഥാന ആസൂത്രണ ബോർഡ് ഡി.പി ഡിവിഷൻ ചീഫ്, സ്റ്റേറ്റ് റിസോർസ് ഗ്രൂപ്പ് കൺവീനർ എന്നിവർ അംഗങ്ങളും പഞ്ചായത്ത് ഡയറക്ടർ കൺവീനറുമായ സമിതിയാണ് അവാർഡിനർഹരായ തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തും, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തും പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തും മുൻവർഷവും സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനക്കാരായിരുന്നു.

## ജില്ലാതലം – ഗ്രാമപഞ്ചായത്തുകൾ

| ജില്ല | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|
| തിരുവനന്തപുരം | ചെമ്മരുതി | മംഗലപുരം |
| കൊല്ലം | പൂതക്കുളം | നെടുമ്പന |
| പത്തനംതിട്ട | തുമ്പമൺ | മെഴുവേലി |
| ആലപ്പുഴ | കുമാരപുരം | മാവേലിക്കര തെക്കേക്കര |
| കോട്ടയം | വെളിയന്നൂർ | അയ്മനം |
| ഇടുക്കി | വട്ടവട | മണക്കാട് |
| എറണാകുളം | രായമംഗലം | മാറാടി<br>പാലക്കുഴ |
| തൃശ്ശൂർ | പൂമംഗലം | അളഗപ്പ നഗർ |
| പാലക്കാട് | ശ്രീകൃഷ്ണപുരം | വെള്ളിനേഴി |
| മലപ്പുറം | പുലാമന്തോൾ | മാറഞ്ചേരി |
| കോഴിക്കോട് | ചേമഞ്ചേരി | പനങ്ങാട് |
| വയനാട് | മുപ്പൈനാട് | കോട്ടത്തറ |
| കണ്ണൂർ | കരിവെള്ളൂർ പെരളം | പരിയാരം |
| കാസർഗോഡ് | ചെറുവത്തൂർ | ബേഡഡുക്ക |

*നെടുമങ്ങാട് - മികച്ച ബ്ലോക്ക് പഞ്ചായത്ത്*





സംസ്ഥാനതല മികച്ച ഗ്രാമ പഞ്ചായത്ത് രണ്ടാം സ്ഥാനം - മുളന്തുരുത്തി



മികച്ച ബ്ലോക്ക് പഞ്ചായത്ത് രണ്ടാം സ്ഥാനം - പഴയന്നൂർ



സംസ്ഥാനതല മികച്ച ജില്ലാ പഞ്ചായത്ത് രണ്ടാം സ്ഥാനം - കണ്ണൂർ



സംസ്ഥാനതല മികച്ച ജില്ലാ പഞ്ചായത്ത് മൂന്നാം സ്ഥാനം - എറണാകുളം



സംസ്ഥാന തല മികച്ച ജില്ലാ പഞ്ചായത്ത് - മൂന്നാം സ്ഥാനം കൊല്ലം



സംസ്ഥാനതല മികച്ച ബ്ലോക്ക് പഞ്ചായത്ത് - മൂന്നാം സ്ഥാനം ളാലം



സംസ്ഥാനതല മികച്ച ഗ്രാമപഞ്ചായത്ത് മൂന്നാം സ്ഥാനം - വീയപുരം



ജില്ലാതലം- ഒന്നാം സ്ഥാനം - ചെമ്മരുതി ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം)



ജില്ലാതലം - ഒന്നാം സ്ഥാനം - പൂതക്കുളം ഗ്രാമപഞ്ചായത്ത് (കൊല്ലം)



ജില്ലാതലം - ഒന്നാം സ്ഥാനം- ഉമ്പമൺ ഗ്രാമപഞ്ചായത്ത് (പത്തനംതിട്ട)



ജില്ലാതലം - ഒന്നാം സ്ഥാനം - വെളിയന്നൂർ ഗ്രാമപഞ്ചായത്ത് (കോട്ടയം)



ജില്ലാതലം - ഒന്നാം സ്ഥാനം - വട്ടവട ഗ്രാമപഞ്ചായത്ത് (ഇടുക്കി)



ജില്ലാതലം - ഒന്നാം സ്ഥാനം - കുമാരപുരം ഗ്രാമപഞ്ചായത്ത് (ആലപ്പുഴ)



ജില്ലാതലം - ഒന്നാം സ്ഥാനം - രായമംഗലം ഗ്രാമപഞ്ചായത്ത് (എറണാകുളം)



ജില്ലാതലം - ഒന്നാം സ്ഥാനം - പൂമംഗലം ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ)



ജില്ലാതലം - ഒന്നാം സ്ഥാനം - ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് (പാലക്കാട്)



ജില്ലാതലം - ഒന്നാം സ്ഥാനം - പൂലാമന്തോൾ ഗ്രാമപഞ്ചായത്ത് (മലപ്പുറം)



ജില്ലാതലം - ഒന്നാം സ്ഥാനം - ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് (കോഴിക്കോട്)



ജില്ലാതലം - ഒന്നാം സ്ഥാനം -കരിവെള്ളൂർ ഗ്രാമപഞ്ചായത്ത് (കണ്ണൂർ)



ജില്ലാതലം - ഒന്നാം സ്ഥാനം - ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് (കാസർഗോഡ്)



ജില്ലാതലം - ഒന്നാം സ്ഥാനം - മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് (വയനാട്)



പഞ്ചായത്ത് ദിനാഘോഷം കലാസന്ധ്യയിൽ നിന്ന്



# കേരള മഹോത്സവമായി പഞ്ചായത്ത് ദിനാഘോഷം

**■ ടിമ്പിൾ മാഗി പി.എസ്.**

2020 വയനാട് പഞ്ചായത്ത് ദിനാഘോഷം മനസ്സിനെ കുളിരണിയിക്കുന്ന ഓർമ്മകളിൽ വർണ്ണങ്ങളുടെയും നൃത്തകല കൂട്ടായ്മകളുടെയും നിറസന്ധ്യ വിരിയിച്ച ദിനങ്ങൾ. പഞ്ചാരിമേളത്തിന്റെയും ശിങ്കാരിമേളത്തിന്റെയും ചെണ്ടയുടെയും നാടൻ പാട്ടുകളുടെയും വയനാട്ടിലെ ഗോത്ര നൃത്തങ്ങളുടെയും ഗോത്ര പാട്ടുകളുടെയും ഒക്കെ പൊലിമയിൽ, ഉടുക്കിന്റെ താള ലഹരിയിൽ നടന്ന അവിസ്മരണീയമായ ദിനാഘോഷം, കാഴ്ചപ്പാടുകളുടെ ആഘോഷമായി മാറി.

കേരള മഹോത്സവം യഥാർത്ഥത്തിൽ പഞ്ചായത്ത് ദിനാഘോഷമാണ്. ഈ കാലഘട്ടത്തിന്റെ മാമാങ്കം എന്ന് വിശേഷിപ്പിക്കേണ്ട തലത്തിലേക്ക് പഞ്ചായത്ത് ദിനാഘോഷം 2020 ഓർമ്മകളിൽ നിറയുന്നു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം വികസന സ്വപ്നങ്ങളിലും ജീവിത നിലവാരത്തിലും കേരള നാടിനെ കുതിച്ചുയരാൻ പ്രാപ്തമാക്കിയതിൽ ഗാന്ധിജി വിഭാവനം ചെയ്ത ഗ്രമസ്വരാജിന് പ്രധാന പങ്കുണ്ട്. ഇന്ന് ജനകീയാസൂത്രണം പ്രായോഗിക ജീവിതത്തിന്റെ നട്ടെല്ലായി നിൽക്കുമ്പോൾ തദ്ദേശസ്വയംഭരണ വകുപ്പ് അതിന്റെ ജീവാത്മാവായി നിലകൊള്ളുന്നു.

പഞ്ചായത്ത് ദിനാഘോഷം ഓരോ പഞ്ചായത്തുകൾക്കും അവരവരുടെ മികവുകളെയും കുറവുകളെയും താരതമ്യം ചെയ്യുവാനും ഏകോപന മനസ്ഥിതിയിൽ എത്തിച്ചേരാനുമുള്ള മഹാസംഗമ വേദിയായി മാറിയിരിക്കുന്നു. ദിനാഘോഷം ജനകീയമായി തീരുന്ന കാഴ്ചയാണ് വയനാട്ടിൽ ഉണ്ടായത്. ആഘോഷത്തിൽ പങ്കുചേർന്ന തങ്ങൾക്ക് ലഭിക്കുന്ന അംഗീകാരങ്ങൾ ഒത്തുചേർന്ന് സ്വീകരിച്ചുകൊണ്ട് പഞ്ചായത്തുകൾ കൂട്ടായ്മയുടെ വികസന വിജയം ലോകത്തോട് വിളിച്ചു പറയുന്നത് ഇവിടെ കാണാൻ കഴിഞ്ഞു.



*മികച്ചരീതിയിൽ പഞ്ചായത്ത് ദിനാഘോഷം സംഘടിപ്പിച്ചതിനുള്ള ഉപഹാരം പരിപാടിയുടെ ജനറൽ കൺവീനറും വയനാട് പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറുമായ പി.എസ്. ടിമ്പിൾ മാഗിക്ക് മന്ത്രി എ.സി. മൊയ്തീൻ സമ്മാനിക്കുന്നു.*

പരിപാടി വിജയകരമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസിലെ ഉന്നത ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ, വിവിധ ദിനാഘോഷ കമ്മറ്റികൾ, പഞ്ചായത്ത് ഡയറക്ടറേറ്റ്, ഡി.ഡി.പി, എ.ഡി.പി, പി.എ.യു ഓഫീസുകളിലെ ജീവനക്കാർ എന്നിവരുടെ ക്രിയാത്മകമായ ഇടപെടലുകളും പ്രവർത്തനവും എറെ സഹായിച്ചു. ജില്ലയിലെ പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ ഊർജ്ജസ്വലമായ പ്രവർത്തന മേൽനോട്ടമാണ് ആഘോഷ പരിപാടികൾക്ക് നൽകിയത്.

ദിനാഘോഷത്തിന്റെ വിജയകരമായ സംഘാടനത്തെ അഭിനന്ദിച്ചുകൊണ്ട് മന്ത്രി എ.സി. മൊയ്തീൻ സർ സംസാരിക്കുമ്പോഴും ജനറൽ കൺവീനർ എന്ന നിലയിൽ ദിനാഘോഷം നടത്തിയതിന്റെ പുരസ്കാരം ഏറ്റുവാങ്ങുമ്പോൾ പഞ്ചായത്ത് ഡയറക്ടർ അജിത് സർ തോളിൽതട്ടി പ്രചോദനം നൽകിയപ്പോഴും ഇനിയും ഒത്തിരികാര്യങ്ങൾ ചെയ്തു തീർക്കാൻ കഴിയും എന്ന കരുത്ത് ഉള്ളിൽ നിറയുകയായിരുന്നു. 'വയനാട്ടിലെ പ്രളയ മുഖം 2019' എന്ന പുസ്തകം ദിനാഘോഷ വേദിയിൽ വെച്ച് മന്ത്രി പ്രകാശനം ചെയ്തതും ജീവിതത്തിലെ മഹാഭാഗ്യമായി മാറി. □

*ലേഖിക പഞ്ചായത്ത് ദിനാഘോഷം 2020 ന്റെ ജനറൽ കൺവീനറും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുമാണ്.*

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ–6

# ഓർമ്മകൾ ഉണർത്തും മത്ത്



■ മുരളീധരൻ തഴക്കര

മത്തും തൈരുകലവും എല്ലാം കേരളീയ സമൂഹത്തിന് ഭൂതകാല സ്മൃതിയാണ്.

ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ മന്ദരപർവ്വതം എന്തായി മത്തായി? എന്നുള്ള അദ്ധ്യാപകന്റെ ചോദ്യത്തിന് 'മത്തായി' എന്ന വിദ്യാർത്ഥി ഉത്തരമില്ലാതെ വിഷമിച്ചു നിന്നു. 'മത്തായെടാ മത്തായി' എന്ന് അദ്ധ്യാപകൻ തന്നെ ഉത്തരം പറഞ്ഞപ്പോൾ ക്ലാസിലാകെ കൂട്ടച്ചിരി! മത്തിനെക്കുറിച്ചുള്ള ചിന്തയും ആലോചനയും ഉണ്ടാകുമ്പോൾ ഏഴാംക്ലാസിൽ സംസ്കൃതം പഠിപ്പിച്ച ഗോപാലൻനായർ സാറിന്റെ സരസമായ ഈ ചോദ്യോത്തരവേദി എപ്പോഴും ഓർമ്മയിലെത്തും.

അമൃതമഥനത്തിനായി ദേവന്മാരും അസുരന്മാരും ചേർന്ന് പാൽക്കടലായ പാലാഴി കടയുമ്പോൾ കടകോലായി അതായത് 'മത്ത്' ആയി ഉപയോഗിച്ചത് മന്ഥരപർവതത്തെയാണ്. സർപ്പശ്രേഷ്ഠനായ വാസുകിയെയാണ് കയറായി ഉപയോഗിച്ചത്. ശാപത്തിനടിപ്പെട്ട് വാർദ്ധക്യം വന്നു ഭവിച്ച ദേവന്മാരെ അകാല വാർദ്ധക്യത്തിൽനിന്ന് മോചിപ്പിക്കാനാണ് അമൃത് കടഞ്ഞെടുത്തത്.

ഇത് പൗരാണികമായ കഥയാണെങ്കിലും മത്തിനെക്കുറിച്ചും കയറിനെക്കുറിച്ചുമൊക്കെ ഇവിടെ പ്രത്യേക പരാമർശമുണ്ട്.

എന്നാൽ 'മത്ത്' എന്ന അടുക്കള ഉപകരണം ചില ഗന്ധങ്ങളുടെയും ശബ്ദങ്ങളുടെയും ഓർമ്മകളുണർത്തും. അടുക്കള കോലായിലിരുന്ന് മത്തുകൊണ്ട് തൈരു കടഞ്ഞ് വെണ്ണ നീക്കി മോരാക്കിയെടുക്കുന്ന അമ്മൂമ്മയുടെയും അമ്മയുടെയും മുഖം മനസ്സിൽ തെളിയുന്നു. അതുപോലെ പ്രധാനമായിരുന്നു തൈരു കടയാൻ മാത്രം ഉപയോഗിച്ചിരുന്ന മൺകലവും. പഴയ തലമുറയിൽപ്പെട്ടവരെ സംബന്ധിച്ച് അത് കാണാത്തവരായി ആരും ഉണ്ടാകില്ല. കടകോൽ അഥവാ മന്ഥം എന്ന സംസ്കൃത പദത്തിൽനിന്നാകാം 'മത്ത്' എന്ന വാക്ക് ഉരുത്തിരിഞ്ഞത്.

മത്തുകൊണ്ട് രണ്ടുവശങ്ങളിലേക്കും കൈകൊണ്ട് കറക്കിയാണ് തൈര് കടയുന്നത്. മത്തിന്റെ കണയിൽ അഥവാ തണ്ടിൽ കയർ ചുറ്റി കയറുകൊണ്ടും കടയാം. കുറച്ചുസമയം കൊണ്ട് തൈര് കടയുമ്പോൾ വെണ്ണ ഉറഞ്ഞ് കലത്തിന് മേലെ പൊന്തിവരും. ഇങ്ങനെ പൊന്തിവരുന്നതും കലത്തിന്റെ വശങ്ങളിൽ അടിഞ്ഞുകൂടുന്നതുമായ വെണ്ണ പ്ലാവിലകൊണ്ട് വടിച്ചെടുത്ത് ഉരുട്ടിയെടുക്കുന്നു. ഇപ്രകാരം വേർതിരിച്ചെടുക്കുന്ന വെണ്ണയാണ് ഉരുക്കി നെയ്യാക്കുന്നത്. തൈരു കടയുന്നതിന് ഒരു പ്രത്യേക താളമുണ്ട്, ശ്രദ്ധാപൂർവ്വം ചെവിയോർത്താൽ അത് നമുക്ക് അനുഭവവേദ്യമാകും! തൈര് കടഞ്ഞു നന്നായി പതഞ്ഞ് വെണ്ണ വേർതിരിയുന്ന ഘട്ടമെത്തുമ്പോൾ നല്ല ഊഷ്മളമായ ഒരു മണം ഉണ്ടാകും. കുട്ടിക്കാലത്ത് ഈ മണവും താളവുമായിരുന്നില്ല പ്രധാനം. കലത്തിൽനിന്ന് വടിച്ചെടുക്കുന്ന വെണ്ണയിൽ പ്ലാവിലകൊണ്ട് വടിച്ച് ലേശം കൈയിൽ തേച്ചുതരും. അതിനായി തൈരു കടയുന്നതും കാത്ത് പ്രതീക്ഷയോടെയിരുന്ന ബാല്യം!

കൈയിലൊതുങ്ങുന്ന അല്പം നീളമുള്ള ഉരുണ്ട ഒരു തണ്ടും അതിനോട് ചേർന്ന് അഗ്രഭാഗത്തായി ത്രികോണിച്ച് വശങ്ങളോടുകൂടിയുള്ള - പങ്കയുടെ രൂപസാദൃശ്യമുള്ള കടയുന്ന ഭാഗവും ചേരുന്നതാണ് മത്ത് എന്ന തടികൊണ്ടുണ്ടാക്കിയിരുന്ന ലഘു ഉപകരണം. നന്നായി വിളഞ്ഞ നാരകം, പൂവണ്ണ് തുടങ്ങിയവയുടെ താരതമ്യേന ഭാരം കുറഞ്ഞ തടിയാണ് അതിനായി ഉപയോഗിച്ചിരുന്നത്. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടും പള്ളിപ്പെരുന്നാളുകളോടും അനുബന്ധിച്ചു നടന്നിരുന്ന ഉത്സവചന്തകളിൽ വില്പനയ്ക്കായി എത്തുന്ന നിത്യോപയോഗ അടുക്കള ഉപകരണങ്ങളോടൊപ്പം മത്ത് വാങ്ങുവാൻ കിട്ടുമായിരുന്നു.

ഇന്ന് തടികൊണ്ടുള്ള മത്തിന്റെ

## ...എന്റെ വായനക്കാർ

### അഭിനന്ദനത്തിന്റെ കൈയ്യൊപ്പുകൾ

കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളെയും പങ്കെടുപ്പിച്ച് കൊണ്ട് അവരുടെ അറിവും ആശയവും കൂടി ഉൾക്കൊണ്ടു കൊണ്ട് തികച്ചും ജനകീയ പങ്കാളിത്തത്തോടു കൂടി നടപ്പാക്കുന്ന "നമ്മൾ നമുക്കായി" എന്ന ക്യാമ്പയിന് അഭിനന്ദനത്തിന്റെ കൈയ്യൊപ്പുകൾ. 2018- 19 ലെ മഹാപ്രളയത്തിൽ നമ്മളിൽ നിന്ന് വിട പറഞ്ഞ മനുഷ്യജീവനുകൾക്ക് ആദരാഞ്ജലികൾ. ആ സ്മരണ നിലനിർത്തി നമ്മുടെ കേരള സർക്കാർ ഇനി ഒരു ദുരന്തത്തെ എങ്ങനെ നേരിടണമെന്ന കാഴ്ചപ്പാടോടു കൂടി നടപ്പിലാക്കുന്ന കേരളത്തിലെ പ്രാദേശിക വികസന വിപ്ലവമാണ് ദുരന്ത നിവാരണ പദ്ധതി. കേരളം ലോകത്തിന് മാതൃകയായി മാറട്ടെ എന്നാശംസിക്കുന്നു.

ഹക്കീം മലമേൽഭാഗം
പിൻ - 690572

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ആവശ്യമില്ല - അതിന്ന് വിപണിയിൽ ലഭ്യമല്ല. കാരണം, പരമ്പരാഗത രീതിയിലുള്ള തൈരു കടയലിന്റെ ആവശ്യമില്ലെന്നതുതന്നെ. എല്ലാ വീടുകളിലും എരുത്തിലും പശുവളർത്തലും പശുക്കറവയും ഉണ്ടായിരുന്ന കാലം ഇന്നൊരു ഓർമ്മയായി മാറിയിരിക്കുന്നു. എരുത്തിലും, എരുത്തിൽ നിറയെ കന്നുകാലികളുമെല്ലാം പടിയിറങ്ങിപ്പോയ നന്മയാണ്. ഇന്ന് നമുക്ക് പാൽ എന്നാൽ 'കവർ പാലാണ്.' പാലും തൈരും മോരും വെണ്ണയും നെയ്യുമെല്ലാം വ്യാവസായിക ഉല്പന്നങ്ങളുടെ പട്ടികയിലാണ്. ഒരു കാലത്ത് പാലും തൈരും മോരുമൊക്കെ കച്ചവടം ചെയ്ത് ഉപജീവിച്ച കുടുംബങ്ങൾ ഓരോ ഗ്രാമത്തിലുമുണ്ടായിരുന്നു. മൺകലത്തിൽ അടച്ചുകെട്ടി സൂക്ഷിക്കുന്ന തൈരിനും മോരിനുമൊക്കെ ശീതളിമയാർന്ന ഒരു നറും സ്വാദായിരുന്നു. വാട്ടിയെടുത്ത വാഴയിലകൊണ്ടാണ് തൈരുകലം അടച്ചുകെട്ടുന്നത്!



മത്തും തൈരുകലവും എല്ലാം കേരളീയസമൂഹത്തിന് ഭൂതകാല സ്മൃതിയാണ്. ഈ കുറിപ്പ് എഴുതുന്ന ലേഖകന്റെ ബാല്യകാലത്ത് ജനിച്ചുവളർന്ന നാട്ടിൻപുറത്ത് രണ്ട് ചെമ്മൺപാതകൾ അതിരിടുന്ന നാല്പത്തി രണ്ട് വീട്ടുകളിൽ ഒരു വീട്ടിലൊഴികെ മറ്റെല്ലാ വീട്ടിലും കന്നുകാലി വളർത്തലും പശുക്കറവയുമുണ്ടായിരുന്നു. ഇന്നിതാ നാലു പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ചെമ്മൺ പാതകൾ ഒന്നാന്തരം ടാർ റോഡുകളായി മാറി. നാല്പത്തിരണ്ട് വീടുകളുണ്ടായിരുന്ന സ്ഥാനത്ത് നൂറ്റിഒമ്പത് വീടുകൾ വന്നു. പക്ഷെ ഇവിടെ രണ്ടു വീടുകളിൽ മാത്രമേ പശുവളർത്തലുള്ളൂ! - ഇതാണ് പശുവളർത്തലിന്റെ ഇന്നത്തെ അവസ്ഥ!

പിന്നെന്തിനാണ് തൈരുകലവും മത്തും? അഥവാ പ്ലാസ്റ്റിക് കവറിൽ കിട്ടുന്ന തൈര് ഒന്ന് ഉടച്ചെടുക്കണമെങ്കിൽ തന്നെ അതിന് പാകത്തിൽ സ്റ്റീലുകൊണ്ടും പ്ലാസ്റ്റിക് കൊണ്ടും നിർമ്മിച്ചിട്ടുള്ള മോഡേൺ മത്തുകൾ ഇപ്പോൾ സുലഭവുമാണ്.

മത്തുകൊണ്ട് തൈര് കടയുന്നതിന് ഒരു താളമുണ്ടായിരുന്നു - നന്മകളാൽ സമ്പൽസമൃദ്ധമായ നാട്ടിൻപുറത്തിന്റെ നൈർമല്യമാർന്ന ഹൃദയതാളമായിരുന്നു അത്. കേരളത്തിന്റെ പ്രിയ കവി ഒ.എൻ.വി.യുടെ "കൃഷ്ണപക്ഷത്തിലെ പാട്ട്" എന്ന കവിതയിലെ വരികൾ ഈ ഗ്രാമീണ താളലയങ്ങളുടെ നിദർശനമാണ്.

അരിയ തൈർ കടയുന്ന താളം-
മറന്നു-
നിജനടയും മറന്നു നിജനടനം മറന്നു...

ഗ്രാമജീവിതത്തിൽ നിന്ന് മാഞ്ഞു മറഞ്ഞുപോയ ഒരു ജീവിതത്തെയാണ് കവി വരച്ചിടുന്നത്.

'പാൽ' പരിശുദ്ധിയുടെ പര്യായമായിരുന്നു - എന്നാലിതാ നിർഭാഗ്യവശാൽ കൃത്രിമപ്പാലും പാലിലെ മായവും വർത്തമാനകാല കേരളം ഏറെ ചർച്ചചെയ്യപ്പെട്ടുന്ന വിഷയമായിരിക്കുന്നു. നിരോധിക്കപ്പെടുന്ന പാൽ ബ്രാൻഡുകളുടെ സംഖ്യാബലം വർദ്ധിക്കുന്നു! മകൻ അച്ഛനോളം വലുതാകണമെങ്കിൽ പാലു കുടിക്കണമെന്നോ പാൽകുടിക്കാതിരുന്നാൽ അമ്മ കരയുമെന്നും പ്രൈമറി ക്ലാസിൽ പഠിച്ചവരാണ് നാം. പക്ഷെ ഇന്നിതാ ശിശുരോഗവിദഗ്ധർ പറയുന്നു - കൊച്ചുകുട്ടികൾക്ക് കഴിയുമെങ്കിൽ പാൽ കൊടുക്കരുതെന്ന്! വെളുത്തതെല്ലാം പാലല്ല എന്ന തിരിച്ചറിവാകാം അതിന് കാരണം.

എങ്കിലും ഒരു ഭൂതകാല സ്മൃതിയായി മത്തും തൈരു കടയുന്ന മൺകലവും അതിന്റെ ഹൃദയഹാരിയായ ഗന്ധവും പതിഞ്ഞ താളവും പ്ലാവിലകൊണ്ട് വടിച്ചെടുത്ത് തന്ന വെണ്ണയുടെ സ്വാദും നാട്ടിൻപുറത്തെ തൈരു കച്ചവടമെല്ലാം ഇന്നും മനസ്സിൽ ബാക്കി നില്ക്കുന്നു!! □

### ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്. പഞ്ചായത്ത് ഡയറക്ടറായി ചുമതലയേറ്റു



ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്. പഞ്ചായത്ത് ഡയറക്ടറായി ചുമതലയേറ്റു. കോപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാറായി സേവനമനുഷ്ഠിക്കുകയായിരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ഹയർസെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടർ, കൃഷി വകുപ്പ് ഡയറക്ടർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |


# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** March 2020
Annual Subscription ₹120, Published on 20 March 2020

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS